### അന്തർ സംസ്ഥാനക്രവിക്രയങ്ങളുടെ പരിശോധന കർശനമാക്കണം

ജിഎസ്ടിക്കു മുൻപ് ചെക്ക് പോസ്റ്റുകൾ സുഗമമായ വ്യാപാരത്തിന് തടസ്സമായി നിൽക്കുന്നുവെന്ന് ധാരാളം പഴി കേട്ടിരുന്നു. ജി.എസ്.റ്റിയിൽ ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കിയതിനെ വ്യാപാരലോകം സർവാത്മനാ സ്വാഗതം ചെയ്തു. ഡിജിറ്റൽ രേകൾ ചരക്കുകളുടെ ഗതാഗതത്തിന് നിർബന്ധമാക്കുമ്പോഴും കണക്കിൽപ്പെടുത്താതെയുള്ള വാങ്ങലും വിൽപ്പനയും നിർബാധം തുടരുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം.ഈകവേ ബില്ലിലും ഇൻവോയ്സിലും പൂർണ്ണമായി വെളിപ്പെടുത്താതെ അധികസാധനങ്ങൾ കടന്നു വരുന്നതു കണ്ടുപിടിക്കാൻ ബോർഡർ ചെക്ക് പോസ്റ്റ് സംവിധാനത്തിൽ എളുപ്പമായിരുന്നു.അതുപോലെ തന്നെ, വാങ്ങുന്ന വ്യാപാരിയുടെ പേരും വിലാസവും രേപ്പെടുത്താതെ സംസ്ഥാനത്തിനു പുറത്തുനിന്നും ബി ടു സി (ബിസിനെസ്സ് ടു കസ്റ്റമർ) എന്ന രീതിയിൽ പല പേരുകളിൽ കടത്തുന്ന സാധനങ്ങളുടെ നികുതി വെട്ടിപ്പ്കണ്ടു പിടിക്കുവാൻ ചെക്ക് പോസ്റ്റുകൾക്ക് കഴിഞ്ഞിരുന്നു.ചെക്ക് പോസ്റ്റുകളുടെ സ്ഥാനത്ത് റോഡിലൂടെയുള്ള പരിശോധനയ്ക്ക് മൊബൈൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മുൻപുണ്ടായിരുന്ന ചെക്ക് പോസ്റ്റുകൾക്ക് പകരമാവില്ല.ചെക്ക് പോസ്റ്റുകൾ പുനഃസ്ഥാപിക്കുക എന്ന ആശയം നിശിതമായി വിമർശിക്കപ്പെടുമെന്നതുകൊണ്ട് ഇനിയൊരു തിരിച്ച് പോക്കിന് പ്രസക്തിയില്ല. പക്ഷേ നികുതി വെട്ടിച്ചുകൊണ്ട് സഞ്ചരിക്കുന്ന സാധനങ്ങൾ പരിശോധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇപ്പോൾ സംസ്ഥാന ജി.എസ്.റ്റി. വകുപ്പ് ഉദ്യോഗസ്ഥന്മാർ മാത്രമാണ്.129-ാം വകുപ്പു പ്രകാരമുള്ള വാഹന പരിശോധന നടത്തുന്നത്. കേന്ദ്ര ജി.എസ്.ടി. ഉദ്യോഗസ്ഥർ 129-ാം വകുപ്പ് പ്രകാരമുള്ള ഔദ്യോഗിക നിർവ്വഹണം നടത്തുന്നതായി അറിവില്ല.

ജി.എസ്.റ്റിയുടെ പ്രാരംഭഘട്ടത്തിലെ പിഴവുകൾ

പ്രാരംഭഘട്ടത്തിലെ റിട്ടേൺ ഫയലിംഗിലെ പിഴവുകൾക്കുള്ള ശിക്ഷാനടപടികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. 2017-18, 2018-19 എന്നീ വർഷങ്ങളിൽ റിട്ടേണുകൾ സമർപ്പിക്കുന്നതിൽ നിരവധി പാകപ്പിഴകൾ സംഭവിച്ചിട്ടുണ്ട്. പോർട്ടലിലെ തകരാറുകൾകൊണ്ടും നിയമങ്ങളിലെ അവ്യക്തത കൾ കൊണ്ടും നികുതിദായകർ നട്ടം തിരിഞ്ഞ നിരവധി അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്. റിട്ടേണുകൾ സമർപ്പിച്ചു കഴിഞ്ഞാൽ തെറ്റുകൾ തിരുത്താൻ അവസരമില്ലാത്തതിനാൽ വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ജീസ്ടിആർ-3ബി, ജീസ്ടിആർ-2 ഫോമുകൾ തിരുത്തുവാൻ നികുതിദായകരെ അനുവദിക്കേണ്ടതാണ്. ജിഎസ്ടി പോർട്ടൽ പുതിയ ഭേദഗതികളോടെ യഥാസമയങ്ങളിൽ അപ്പ്ഡേറ്റ് ചെയ്യണം.

### ഇൻപുട്ട് ടാക്സ് ക്രെഡിട്ടിലെ പ്രശ്നങ്ങൾ

ചരക്കു സേവന നികുതി വ്യവസ്ഥയിലെ ഏറ്റവും സവിശേഷമായ ഘടകം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്ആണ്. സെക്ഷൻ 16(2) പ്രകാരമുള്ള വ്യവസ്ഥകളിലെ അവ്യക്തതകൊണ്ട് ചരക്ക് വാങ്ങുന്ന നികുതിദായകൻ നികുതി കൊടുത്തു ബില്ലുപ്രകാരം നടത്തുന്ന പർച്ചേസിന്ഇൻപുട്ട് നിരാകരിച്ചു കൊണ്ടുള്ള നോട്ടീസുകളും അസ്സസ്സ്മെന്റ് ഓർഡറുകളും ഓഫീസുകളിൽനിന്നും പ്രവഹിച്ചു കൊണ്ടിരിക്കുന്നു. ചരക്ക് വിൽക്കുന്ന ആളിന്റെ റിട്ടേണിലെ കുറവുകളുടെ പേരിലോ, അയാൾ നികുതി അടയ്ക്കാത്തതിന്റെ പേരിലോ വാങ്ങുന്ന വ്യാപാരിക്ക് ഇൻപുട്ട് ക്രെഡിറ്റ് നിഷേധിക്കുന്നത് നിയമവിരുദ്ധവും സാമാന്യനീതിയുടെ ലംഘനവുമാണ്. അതുപോലെ തന്നെ നികുതിദായകൻ റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ അയാൾക്ക് ഐ.ടി.സി. നിഷേധിക്കുന്ന സെക്ഷൻ 16(4) എന്ന ചട്ടവും നിയമവിരുദ്ധമാണ്. ജി.എസ്.റ്റിയുടെ മുമുദ്രയെന്ന് പറയാവുന്ന ഈൻപുട് ടാക്സ് ക്രെഡിടിന് 16(2), 16(4) വകുപ്പുകളിലെ അസാദ്ധ്യമായ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതാണ്. ജി.എസ്.റ്റി വകുപ്പിന്റെ 183/15/2022 സർകുലർ, ഇൻപുട് ടാക്സ് ക്രെഡിട്നൽകുന്നതിനു പുറപ്പെടുവിച്ചുട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, വകുപ്പിലെ നിയമവിരുദ്ധമായ വ്യവസ്ഥകൾക്ക് പരിഹാരാമാകുന്നില്ല.

### നികുതി വെട്ടിപ്പ് തടയാൻ -ഡാറ്റാ മൈനിംഗ്

ജി.എസ്.ടി.എൻനെറ്റ് വർക്കിന്റെ ഡേറ്റാ മൈനിംഗിനെ അടിസ്ഥാനമാക്കിയുള്ള റിട്ടേൺ വിശകലനത്തിലൂടെ പൊരുത്തക്കേടുകൾ കണ്ടുപിടിക്കാൻ കഴിയുന്നു. ജീസ്ടിആർ-2എ, ജീസ്ടിആർ-3ബി റിട്ടേണുകളുടെ മാച്ചിംഗ് മുനേയും മറ്റും നികുതി വെട്ടിപ്പ് പുറത്ത് കൊണ്ടുവരാൻ കഴിയുന്നുണ്ട്.ജി.എസ്.ടി രജിസ്ട്രേഷൻ, ഇൻകംടാക്സ് റിട്ടേൺ, ആധാർ കാർഡ് ഇവയെല്ലാം പരസ്പരം ലിങ്ക് ചെയ്യപ്പെട്ടിരിക്കുന്നതുകൊണ്ട്ഡിജിറ്റൽ ഡാറ്റാ വിശകലനം വഴി ജി.എസ്.ടി. വെട്ടിപ്പു കണ്ടുപിടിക്കാൻ സാധ്യമാവുന്നു. അത്തരംവിശകലനത്തിനാവശ്യമായ ടൂൾസ്, ജി.എസ്.ടി. ഓഡിറ്റിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. പക്ഷേ വ്യാപാരികൾ വെളിപ്പെടുത്തുന്ന വിവരത്തിന്റെ മാത്രം അടിസ്ഥാനത്തിൽ നടത്തുന്ന വിശകലനം കുറെയൊക്കെ നികുതി ചോർച്ച തടയാൻ സഹായമാകും. 'സർകുലർ ട്രേഡിങ്', ബൊഗസ് രജിസ്ട്രേഷൻ വഴിയുള്ള ഇൻ പുട്ട് ടാക്സ് ക്രഡിറ്റ്, കണക്കിൽ ചേർക്കാതെ നടത്തുന്ന ക്രയവിക്രയങ്ങൾ മുതലായ

നിയമലംഘനങ്ങൾ കണ്ടെത്താൻ ഡാറ്റാ മൈനിംഗ് അനാലിസിസ് മാത്രം കൊണ്ട് കഴിയില്ല. കണക്കിൽ പെടാത്ത ചരക്കുകളുടെ നീക്കവും അവയുടെ ശേഖരണവും പരിശോധനയ്ക്ക് വിധേയമായാൽ മാത്രമേ, അത്തരം നികുതി വെട്ടിപ്പ് തടയാൻ കഴിയു. അതിന് വാഹന പരിശോധനയും വ്യാപാരസ്ഥലങ്ങളുടെ പരിശോധനയും അനിവാര്യമാണു. ഇപ്പോഴുള്ള നിയന്ത്രണങ്ങളിൽ അയവ് വരുത്തേണ്ടതും ആവശ്യമാണ്.

### നികുതി നിർണ്ണയവും അസ്സസ്സ്മെന്റും

യന്ത്രവൽക്കരണത്തിനു മുൻതൂക്കം നൽകികൊണ്ടുള്ള ജിഎസ്റ്റി ഇടപാടുകളുടെ സൂക്ഷ്മ നിരീക്ഷണവും വിശകലനവും നികുതി നിർണ്ണയത്തിനു ഉപയോഗപ്പെടുത്തുന്നത് നികുതി ചോർച്ച തടയാൻ കാരണമാകും. പക്ഷെ ഇത്തരം വിവരവിശകലനത്തിലൂടെ നടത്തുന്ന അസ്സ്സ്മെന്റ് കേവലം ടാബുലേഷൻ ജോലി മാത്രമായി മാറുന്ന അവസ്ഥ ഉണ്ടായിക്കൂടാ. ഇൻകം ടാക്സിലെ 'ഫേസ്‌ലസ്' അസ്സസ്സ്മെന്റ് രീതി പോലെ ജിഎസ്റ്റിയും മാറുമ്പോൾ യഥാർഥത്തിൽ നടക്കുന്ന കണക്കിൽപ്പെടാത്ത ക്രയവിക്രയങ്ങൾ കണ്ടുപിടിക്കുവാൻ കഴിയില്ല.നികുതി നിയമത്തിലെ 73, 74 വകുപ്പുകൾ പ്രകാരമുള്ള നികുതി നിർണ്ണയം അത്യന്തം സൂക്ഷ്മമായും നീതിപൂർണ്ണമായും നിർവ്വഹിക്കേണ്ട പ്രധാന കർത്തവ്യമാണു. അതു യാന്ത്രികമായി നടത്തേണ്ടതല്ലെന്ന് നിയമപാലകരും ഓർക്കണം.വ്യക്തമായ തെളിവുകളും രേകളുംഅടിസ്ഥാനമാക്കി മാത്രമേ അസ്സസ്സ്മെന്റ് നടത്താവു. അത്തരം ഓർഡറുകൾ മാത്രമേ നിയമപരമായി നിലനിൽക്കു. 107 വകുപ്പു പ്രകാരമുള്ള ഒന്നാംഘട്ട അപ്പീലിനു മാത്രമേ ഇപ്പോൾ കഴിയുന്നുള്ളൂ. 109 വകുപ്പു പ്രാകരമുള്ള ട്രിബ്യുണൽ ഇനിയും സ്ഥാപിതമായിട്ടില്ല.

സങ്കീർണ്ണതയിൽ ഇന്ത്യൻ ഇൻകം ടാക്സ് നിയമമാണൂ ഏഷ്യൻ രാജ്യങ്ങളിൽ രണ്ടാം സ്ഥാനത്ത് നിലക്കുന്നതെന്നു പരക്കെ പറയപ്പെടുന്നു. പക്ഷേ ജിഎസ്റ്റി നിലവിൽ വന്നതേടെ ഭാരതത്തിലെ ജിഎസ്റ്റി നിയമം ലോകത്തെ തന്നെ നികുതി നിയമങ്ങളിൽ സങ്കീർണ്ണതയിൽഒന്നാം സ്ഥാനത്ത് എത്തുമെന്നു തോന്നുന്നു. ഇത്തരം സങ്കീർണ്ണതകളും ബാലാരിഷ്ടതകളും ദൂരികരിച്ചുകൊണ്ടുള്ള ഒരു ജിഎസ്റ്റി നിയമം ഉണ്ടായാൽ മാത്രമെ 'ഒരു രാഷ്ട്രം, ഒരു നികുതി'' എന്ന മനോഹരസ്വപ്നം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. കാഷ്മീർ മുതൽ കന്യാകുമാരി വരെയുള്ള ഇൻപുട്ട് ടാക്സ് ക്രഡിറ്റിന്റെ 'അനർഗ്ഗളമായ ഒഴുക്കിനും'' (സീംലെസ്സ്ഫ്ളോ) വ്യാപാരത്തിനും തടസ്സം സൃഷ്ടിക്കുന്ന ചട്ടങ്ങളും വ്യവസ്ഥകളും തിരുത്തി എഴുതാൻ ഇനിയും അമാന്തം പാടില്ല.

1 നികുതി വകുപ്പിലെ മുൻ ഡെപ്യൂട്ടി കമ്മിഷണർ ആയ ലേകൻ 2005 മുതൽ ഹൈകോടതിയിൽ അഭിഭാഷകനായി പ്രവർത്തിക്കുന്നു.

18

# GST: പ്രശ്നങ്ങളുംസാധ്യതകളും

അഡ്വ. കെ.എസ്. ഹരിഹരൻ[1]

ഒരു സംസ്ഥാനം ആയാലും രാഷ്ട്രമാകെ ആയാലും, വികസനത്തിനും നിലനില്പിനും വരുമാനം കണ്ടെത്താനുള്ള ഏറ്റവും പ്രധാനസ്രോതസ്സാണ് നികുതി. നികുതി എന്നു പറയുമ്പോൾ പ്രത്യക്ഷനികുതിയും പരോക്ഷനികുതിയും വരും. ഇന്ത്യയെ സംബന്ധിച്ചിടത്തോളം പ്രത്യക്ഷനികുതിയുടെ പ്രധാനസ്രോതസ്സ് ആദായനികുതി ആകുമ്പോൾ, പരോക്ഷനികുതിയുടെ പ്രധാനസ്രോതസ്സ് GST യും പിന്നെ ഇറക്കുമതി തീരുവയുമാണ് (Import duty), പ്രത്യക്ഷനികുതിയെ കൂടുതൽ ആശ്രയിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിൽനിന്നും പരോക്ഷനികുതിയെ കൂടുതൽ ആശ്രയിക്കുന്ന ഒരു കാലഘട്ടത്തിലേക്ക് മാറാൻ ഇന്ത്യ പോലുള്ള ഒരു രാഷ്ട്രത്തിന് സാധ്യതയുണ്ട്.

അടുത്ത ധനകാര്യ കമ്മീഷനെ നിയമിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിരിക്കുന്ന ഈ കാലഘട്ടത്തിൽ നാണ്യപ്പെരുപ്പത്തിന്റെ തോത് എങ്ങനെയാകും എന്ന് ഒരു നിശ്ചയവും ഇല്ലാത്ത അവസ്ഥയിൽ, നികുതി വരുമാനവുമായി ബന്ധപ്പെട്ട പല തീരുമാനങ്ങൾക്കും കൃത്യമായ ഒരു പശ്ചാത്തലം ഉണ്ടാക്കാൻ സുതാര്യമായ സാമ്പത്തികസ്ഥിതി സർക്കാരിന് മനസ്സിലായേ തീരൂ. GST അതിൽ നിർണ്ണായക ഘടകമാണ്.

GST ഉൾപ്പെടെയുള്ള നികുതിഘടന പല തരത്തിലുള്ള ആഗോള വിപണന കരാറുകളുടെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടാക്കെത്തന്നെ, അത്തരം നിഷ്കർഷകൾ പാലിക്കാൻ അന്താരാഷ്ട്ര ഉടമ്പടികളിൽ അംഗമായിട്ടുള്ള ഇന്ത്യ പോലുള്ള രാജ്യങ്ങൾക്ക് ബാധ്യതയുണ്ട്. OECD (Organization for Economic Cooperation and Development) ഉൾപ്പടെയുള്ള അന്താരാഷ്ട്ര സംഘടനകളുടെ മാർഗനിർദേശങ്ങൾ ഇന്ത്യ ഉൾപ്പടെയുള്ള OECD-അംഗരാഷ്ട്രങ്ങൾ പാലിച്ചേ മതിയാകൂ. GST-യുമായി ബന്ധപ്പെട്ട പല നികുതിനിർദ്ദേശങ്ങളും സമയബന്ധിതമായി നടപ്പിലാക്കേണ്ടത് OECD-

യിൽ അംഗമായിട്ടുള്ള രാജ്യങ്ങളുടെ കടമയാണ്. കൂടാതെ, ഇത്തരം നടപ്പിലാക്കലുകൾ ആ രാജ്യങ്ങളുടെ അന്താരാഷ്ട്ര തലത്തിലുള്ള Compliance റേറ്റിംഗിൽ പോലും പ്രതിഫലിക്കുന്നതാണ്. അതുപോലെ തന്നെ, മറ്റ് അന്തർദേശീയ ധാരണകളിൽ പ്രതിപാദിച്ചിട്ടുള്ള നികുതിയെ സംബന്ധിച്ചുൾപ്പെടെയുള്ള നിബന്ധനകളും നിർദ്ദേശങ്ങളും ഇന്ത്യ പാലിക്കേണ്ടതുണ്ട്.

## GSTയിലെ പ്രശ്നങ്ങൾ:

### 1. നികുതികളുടെ ബാഹുല്യം

"ഒരു രാജ്യം, ഒരു നികുതി" എന്ന മുദ്രാവാക്യവുമായാണ് GST കൊണ്ടുവരപ്പെട്ടത് എങ്കിലും സെൻട്രൽ, സ്റ്റേറ്റ്, യൂണിയൻ ടെറിറ്ററി, ഇന്റഗ്രേറ്റഡ് എന്നിങ്ങനെ നിരവധി ചരക്കുസേവനനികുതികൾ അടങ്ങുന്നതാണ് GST നിയമവ്യവസ്ഥ. ഇതുകൊണ്ടുതന്നെ കേന്ദ്ര ഉദ്യോഗസ്ഥരും അതാത് സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരും GST വ്യവസ്ഥയിൽ പ്രവർത്തിക്കുന്നു.

ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലൈ-സ്ഥലത്തെ അടിസ്ഥാനമാക്കിയാണ് ഒരു സപ്ലൈയ്ക്കുമേൽ ഇവയിൽ ഏത് നികുതികളൊക്കെയാണ് ചുമത്തപ്പെടേണ്ടത് എന്ന് നിർണ്ണയിക്കുന്നത്. സപ്ലൈ-സ്ഥലം എങ്ങനെ നിർണ്ണയിക്കണം എന്ന് നിഷ്കർഷിക്കുന്ന ചട്ടങ്ങളും നിയമങ്ങളും നോട്ടിഫിക്കേഷനുകളും സർക്കുലറുകളും തന്നെ ഒരു പിടി ഉണ്ട്. ഇവയിൽ ഏതെങ്കിലും ഒന്ന് ശരിയായി മനസ്സിലാക്കാതെ നികുതിയടച്ചുപോയാൽ ഹെഡ് മാറി നികുതി അടച്ചു എന്ന തെറ്റ് പരിഹരിക്കാൻ നികുതിദായകർ നിരവധി പ്രക്രിയകളിലൂടെ കടന്നുപോകേണ്ടി വരുന്നു.

### 2. നികുതിനിരക്കുകളുടെ ബാഹുല്യം

നികുതിനിരക്കുകളുടെ ബാഹുല്യവും GST വ്യവസ്ഥയിലെ ഒരു പ്രശ്നമാണ്. Nil, 0.25%, 0.1%, 1%, 3%, 5%, 6%, 12%, 18%, 28% എന്നിങ്ങനെ നിരവധി നിരക്കുകളാണ് GST വ്യവസ്ഥയിൽ ഉള്ളത്. തങ്ങൾ ചെയ്യുന്ന സപ്ലൈയുടെ നികുതിനിരക്ക് എത്രയാണ് എന്ന് കണ്ടുപിടിക്കാൻ നികുതിദായകർ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും സെൻട്രൽ ടാക്സ്/ ഇന്റഗ്രേറ്റഡ് ടാക്സ്/ സ്റ്റേറ്റ് ടാക്സ് നോട്ടിഫിക്കേഷനുകളും റേറ്റ് നോട്ടിഫിക്കേഷനുകളും കൂലങ്കഷമായി വിശകലനം ചെയ്യേണ്ട അവസ്ഥയാണ്. ഒരു ചരക്കിന്റെയോ സേവനത്തിന്റെയോ ഏതൊരു കാലഘട്ടത്തിലെയും നികുതിനിരക്ക് കണ്ടുപിടിക്കുക എന്നത് കുതിദായകർക്ക് മാത്രമല്ല, അവരെ സഹായിക്കാൻ ശ്രമിക്കുന്ന ടാക്സ് പ്രൊഫഷണലുകൾക്കും, എന്തിന് GST ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർക്കു പോലും വലിയ പരിശ്രമം വേണ്ടിവരുന്ന ഒരു കാര്യമാണ്.

### 3. നിയമങ്ങളുടെ ബാഹുല്യം

മുകളിലെ വിഭാഗങ്ങളിൽ പറഞ്ഞ ഭേദഗതിയിലൂടെ കൊണ്ടുവരപ്പെട്ട ഭരണഘടനാവകുപ്പുകളും, 4 കേന്ദ്ര ആക്റ്റുകളും, 28 സംസ്ഥാന ആക്റ്റുകളും, ഈ 32 ആക്റ്റുകളുടെയും ഭേദഗതി ആക്റ്റുകളും, വർഷാവർഷം പാസ്സാക്കപ്പെടുന്ന കേന്ദ്ര, സംസ്ഥാന ഫിനാൻസ് ആക്റ്റുകളിൽ അടങ്ങിയിട്ടുള്ള GST നിയമ ഭേദഗതികളും, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ഓരോ തരത്തിലുള്ള GST റൂളുകളും അവയുടെ ഭേദഗതികളും, നാന്നൂറോളം സെൻട്രൽ ടാക്സ് നോട്ടിഫിക്കേഷനുകളും, ഏതാണ്ട് അത്രത്തോളം തന്നെയുള്ള ഇന്റഗ്രേറ്റഡ് ടാക്സ് നോട്ടിഫിക്കേഷനുകളും, കോമ്പൻസേഷൻ സെസ്സ് നോട്ടിഫിക്കേഷനുകളും, യൂണിയൻ ടെറിറ്ററി നോട്ടിഫിക്കേഷനുകളും, അത്രത്തോളം തന്നെയുള്ള ഓരോ സംസ്ഥാനങ്ങളുടെയും സ്റ്റേറ്റ് ടാക്സ് നോട്ടിഫിക്കേഷനുകളും, ഇത്രത്തോളം എണ്ണമോ അതിൽ കൂടുതലോ ഉള്ള ഈ നികുതിയിനങ്ങളിലെ റേറ്റ് നോട്ടിഫിക്കേഷനുകളും..

### 4. ഉദ്യോഗസ്ഥരുടെ പരിശീലനത്തിലെ കുറവ്

പരിശീലനത്തിനും പഠനത്തിനുമായുള്ള അവസരത്തിന്റെയും സമയത്തിന്റെയും അഭാവം ഒരു വശത്ത് നിൽക്കുമ്പോൾത്തന്നെ നികുതി കൃത്യമായി പിരിച്ചെടുക്കാനുള്ള സമ്മർദ്ദവും ഉദ്യോഗസ്ഥരെ മറ്റേവശത്തു നിന്നും വലയ്ക്കുകയാണ്. ഉദ്യോഗസ്ഥർക്കു പോലും നികുതിനിയമങ്ങൾ വിശദമായി പഠിക്കാൻ സമയവും സന്ദർഭവും കിട്ടിയിട്ടില്ല. നിയമത്തെക്കുറിച്ചോ നികുതിയെക്കുറിച്ചോ അത്രകണ്ട് അവഗാഹമില്ലാത്ത സാധാരണ കച്ചവടക്കാരായ നികുതിദായകരുടെ കാര്യം പിന്നെ പറയാനുണ്ടോ. ഏതൊരു നികുതിവ്യവസ്ഥയുടെ ആദ്യഘട്ടങ്ങളിലും നികുതിദായകർക്ക് മനഃപൂർവ്വമല്ലാത്ത തെറ്റുകുറ്റങ്ങൾ വരുക സ്വാഭാവികമാണ്. ആ തെറ്റുകുറ്റങ്ങൾ തിരുത്താൻ അവർക്ക് അവസരങ്ങൾ നൽകണം എന്ന് ഉദ്യോഗസ്ഥർക്ക് ആഗ്രഹമുണ്ടെങ്കിൽപ്പോലും ഇക്കാര്യത്തിൽ നിയമത്തിൽ വ്യക്തമായ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ ശിക്ഷാനടപടികളെടുക്കാൻ ഉദ്യോഗസ്ഥർ നിർബന്ധിതരാകുന്ന അവസ്ഥയാണ് ഭൂരിഭാഗം സാഹചര്യങ്ങളിലും ഇതുവരെ കാണാൻ കഴിഞ്ഞിട്ടുള്ളത്.

### 5. GST നെറ്റ്‌വർക്കിലെ സാങ്കേതികപ്രശ്നങ്ങൾ:

GST ഉദ്യോഗസ്ഥരുടെ നിസ്സഹായാവസ്ഥയോട് ചേർത്ത് വായിക്കേണ്ട ഒരു പ്രശ്നമാണ് GSTയുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ GSTN-ൽ 2017 മുതൽ ഉള്ള സാങ്കേതികപ്രശ്നങ്ങൾ. .

GSTN-ന്റെ കാര്യങ്ങൾ ഇന്ത്യയിൽ ഒരിടത്തും ആശാവഹമായിരുന്നില്ല. GSTN-ന് പ്രശ്നങ്ങളുണ്ടെന്ന് ഒടുവിൽ കേന്ദ്രം അംഗീകരിക്കുകയും റിട്ടേൺ സമർപ്പിക്കാനുള്ള അവസാന തീയതി നീട്ടിക്കൊടുക്കുക

യും നിശ്ചിതസമയത്തേക്കുള്ള ലേറ്റ് ഫീ ഒഴിവാക്കി ക്കൊടുക്കുകയും പലപ്പോഴും ചെയ്തുപോന്നു. ഒടുവിൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ തുടർന്ന പ്പോൾ കോടികൾ മുടക്കി GSTN-ന്റെ ജോലികൾ ഏൽപ്പിച്ചുകൊടുത്ത ഇന്ത്യയിലെ തന്നെ പ്രമുഖ ഐ.ടി. സ്ഥാപനമായ ഇൻഫോസിസിന് മേൽ കോ ടികളുടെ നഷ്ടപരിഹാരത്തുക ചുമത്തിയത്

### 6. കള്ള ഇൻവോയ്സ് മാഫിയയുടെ റാക്കറ്റ് (ഫേക്ക് ഇൻവോയ്സ്റാക്കറ്റ്):

ഭൂരിഭാഗം നികുതിദായകരും സത്യസന്ധമായി സാധുവായ ഇൻവോയ്സുകൾ ഇഷ്യൂചെയ്തും സമ യാസമയം റിട്ടേണുകൾ സമർപ്പിച്ചും നികുതിയടച്ചും കഴിഞ്ഞുപോരുമ്പോൾ ഇന്ത്യയിലെ ഏതാണ്ട് 0.5%-ഓളം വരുന്ന ബിസിനസ്സുകാർ, നിയമത്തിലെ പഴുതു കൾ ഉപയോഗപ്പെടുത്തി എളുപ്പവഴിയിൽ പണമു ണ്ടാക്കാൻ വ്യാജ ഇൻവോയ്സ്ചെയിൻ എന്ന ഒരു കുറ്റകരമായ സംവിധാനം പിന്തുടർന്നു വരുന്നുണ്ട്. ചരക്കിന്റെയോ സേവനത്തിന്റെയോ കൈമാറ്റങ്ങളൊ ന്നുമില്ലാതെ GST രേഖപ്പെടുത്തിയ ഇൻവോയ്സു കൾ മാത്രം അങ്ങോട്ടും ഇങ്ങോട്ടും കൈമാറി 'ഇൻ വോയ്സ്കച്ചവടം' നടത്തുന്ന ഇത്തരം പ്രശ്നക്കാരെ പിടികൂടാൻ GST ഡിപ്പാർട്ട്മെന്റ് ഊർജ്ജിതമായി ശ്ര മിച്ചുവരുന്നുണ്ട്. പക്ഷേ ചെയ്യുന്ന കുറ്റത്തിന്റെ ഗൗര വത്തെപ്പറ്റി വലിയ ധാരണയില്ലാതെ ഇത്തരം ചെയി നുകളിൽ ചെന്ന് പെടുന്ന ബിസിനസ്സുകാരും നിരവധിയാണ്. വ്യാജ ഇൻവോയ്സ്റാക്കറ്റിനെ തുട ച്ചുനീക്കേണ്ടത് ഇന്ത്യയിൽ GST വ്യവസ്ഥയുടെ അന്ത സ്സോടെയുള്ള നിലനിൽപ്പിന് അത്യന്താപേക്ഷിത മാണ്.

### 7. GST നിയമത്തിലെ പ്രശ്നങ്ങൾ

മേൽപ്പറഞ്ഞതെല്ലാം GST നിയമങ്ങൾ നടപ്പാക്കുന്ന തിൽ നേരിട്ടു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണെ ങ്കിൽ, GST നിയമത്തിൽത്തന്നെയുള്ള ചില പ്രശ്ന ങ്ങളാണ് ചുവടെ പറയുന്നത്.

i. സപ്ലയർ നികുതിയടച്ചില്ലെങ്കിൽ സ്വീകർത്താവിന് ബാധ്യത

ii. ഗതാഗതമദ്ധ്യേയുള്ള തടയലും പിഴയും

ബിസിനസ്സുകാർ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനു ഭവിക്കുന്ന കാര്യങ്ങളിൽ ഒന്നാണ് GST-യിലെ സാങ്കേ തികതയുടെ പേരിലുള്ളതും, അപ്രായോഗികമായ തും ആയ ചില ഗതാഗതമദ്ധ്യേയുള്ള തടയലും പിഴയും. നിസ്സാരവും, പ്രത്യക്ഷത്തിൽത്തന്നെ സാ ങ്കേതികപ്രശ്നം മാത്രമാണ് എന്ന് മനസ്സിലാവുന്നതു മായ തെറ്റുകളുടെ പേരിൽ നികുതിദായകരുടെ വാഹനവും ചരക്കുകളും പിടിച്ചുവയ്ക്കുകയും വൻതു കകൾ പിഴയായി ഈടാക്കുകയും ചെയ്യാൻ GST നി യമങ്ങൾ ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നുണ്ട്.

iii. GST വന്നിട്ടും പഴയ പല നികുതികളും ഇപ്പോഴും ചുമത്തപ്പെട്ടു വരുന്നു:

## GSTയുടെ ഭാവി

### 1. രജിസ്ട്രേഷനെടുക്കാതെ മാറിനിൽക്കുന്ന വരെ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടു വരുക

ബിസിനസ്സിന്റെ ടേണോവർ ഒരു ദിവസം അയ്യായിര ത്തി അറുന്നൂറ് രൂപ എത്തിയാൽ (ഒരു വർഷത്തിൽ ഇരുപതു ലക്ഷം രൂപ) GST രജിസ്ട്രേഷൻ എടുക്ക ണം എന്നുള്ള നിബന്ധന ഇപ്പോൾത്തന്നെയുണ്ട ല്ലോ. GST രജിസ്ട്രേഷൻ ഉണ്ടെങ്കിലേ ബിസിനസ്സ് എന്ന നിലയ്ക്ക് അംഗീകാരം ലഭിക്കുകയുള്ളൂ എന്ന ഒര വസ്ഥ ഇപ്പോൾ പൊതുവേ ബിസിനസ്സുകാരുടെ ഇടയിൽ ഉണ്ട്. ഡിജിറ്റൽ ഇടപാടുകൾക്ക് പൊതു സ്വീകാര്യത ഇപ്പോൾത്തന്നെ വന്നിട്ടുണ്ടെന്നുള്ളതും പ്രത്യേകം പറയേണ്ടതില്ലല്ലോ. മറ്റു കാര്യങ്ങൾ കൂടി പരിഗണിക്കുമ്പോൾ ശരിയായ ബിസിനസ്സിന്റെ വ്യാപ്തി കാണിച്ചാൽ, ബാങ്കുകൾ പോലും മറ്റു സെ ക്യൂരിറ്റികൾ ഇല്ലാതെ തന്നെ, റിട്ടേണുകളുടെ പിൻ ബലത്തിൽ ലോൺ കൊടുക്കുന്ന അവസ്ഥയും, പല പ്രമുഖ ബ്രാൻഡുകളും ഏജന്റുമാരെയും ഡിസ്ട്രി ബ്യൂട്ടർമാരെയും ഒക്കെ തിരഞ്ഞെടുക്കുമ്പോൾ GST-യുടെ കണക്കുകളും റിട്ടേണുകളും ഗൗരവമായി പരി ഗണനയിലെടുക്കുന്നുണ്ട് എന്നുള്ളതും ഒക്കെ വിറ്റുവരവും കണക്കുകളും സുതാര്യവും കൃത്യവും ആക്കേണ്ടതിന്റെ പ്രാധാന്യം സമൂഹത്തിൽ ഇപ്പോൾ ത്തന്നെ ശ്രദ്ധേയമാക്കി വരുന്നുണ്ട്.

ഓരോ തദ്ദേശഭരണകൂടത്തിനും, വാർഡിലെ/ പഞ്ചാ യത്തിലെ/ മുനിസിപ്പാലിറ്റിയിലെ/ കോർപ്പറേഷനി ലെ ബിസിനസ്സുകാരുടെ കണക്കുകൾ പൊതുജന ത്തിന് ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ വികസിച്ചുകൊണ്ടിരിക്കു മ്പോൾ ഒന്നും ഒളിച്ചുവയ്ക്കാൻ പറ്റാത്ത അവസ്ഥയാ ണ് നിലവിലുള്ളത്. GPS (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) എന്ന സാങ്കേതിക വിദ്യയിലൂടെ ഓരോ സ്ഥാ പനത്തിന്റെയും ചരക്കുനീക്കങ്ങൾ നിരന്തരം പരി ശോധിച്ചുപോരുന്ന സംവിധാനം ഇന്ത്യയിലെ സർ ക്കാർ വകുപ്പുകൾ നന്നായി ഉപയോഗിക്കുന്നുണ്ട്. ഇന്ത്യയിലെ പുതിയ തലമുറ സുതാര്യമായ കണക്കു കളിൽ തല്പരരായി മാറിയിട്ടുള്ളതും സുതാര്യമായ സമ്പദ്വ്യവസ്ഥയ്ക്ക് വഴിയൊരുക്കും. ചാർട്ടേഡ് അക്കൗണ്ടന്റുമാർ ഉൾപ്പെടെയുള്ള പ്രൊഫഷണലു കൾ അഡ്ജസ്റ്റ്മെന്റുകൾക്ക് തയ്യാറാകാതെ വരുന്ന തും GST-യുടെ നല്ല ഭാവിയ്ക്ക് വഴിയൊരുക്കും. മിക്ക വിദേശരാജ്യങ്ങളും, അവിടെ സാധനങ്ങളും സേവന ങ്ങളും സൗജന്യമായി നൽകിയാൽപ്പോലും GST തുകയിൽ വിട്ടുവീഴ്ച ചെയ്യുകയില്ല എന്നത് രാഷ്ട്ര ത്തിന്റെ അഭിമാനമായി കാണുന്നു. ഇന്ത്യയും ഒരു നാൾ ആ അവസ്ഥയിലേക്ക് തീർച്ചയായും എത്തും.

അതിൽ ആര് കേന്ദ്രംഭരിക്കുന്നു, ആര് സംസ്ഥാന ങ്ങൾ ഭരിക്കുന്നു എന്നതിന് പ്രസക്തി കുറവാണ്. ഭരി ക്കുന്ന രാഷ്ട്രീയകക്ഷികൾക്ക് പരോക്ഷനികുതികാര്യ ങ്ങളിലുള്ള ഇടപെടൽ നടത്താൻ അവസരമുണ്ടാകാത്ത ആഗോളവ്യവസ്ഥ ഇന്ത്യയി ലും വരും എന്നുള്ളത് പല കാര്യങ്ങളെയും ആശ്രയി ച്ചിരിക്കും. എങ്കിലും അതിവിദൂരഭാവിയിൽ അത് സം ഭവിക്കും.

2. **ഉദ്യോഗസ്ഥർ നികുതിദായകരെ സഹായി ക്കാനുള്ളവരാണ് എന്ന മനോഭാവം ഉദ്യോ ഗസ്ഥരിൽ വളർത്തുക:**

3. **നികുതിദായകരുടെവീഴ്ചകൾ വരുമാന സ്രോതസ്സല്ല എന്ന് സർക്കാരുകൾ മനസ്സിലാ ക്കി പ്രവർത്തിക്കണം:**

4. **GST ഫെസിലിറ്റേഷൻ സെന്ററുകളുടെയും GST മൊബൈൽ ആപ്പുകളുടെയും കാര്യ ക്ഷമമായ പ്രവർത്തനം:**

### 5. നികുതിവെട്ടിപ്പും, നികുതിച്ചോർച്ചയും:

നികുതിവെട്ടിപ്പ് നടത്തുന്നത് വലിയ സാമ്പത്തിക കു റ്റമാണ് എന്നതിനപ്പുറം ഗുരുതരമായ രാജ്യദ്രോഹ കുറ്റം കൂടിയാണ് എന്ന തിരിച്ചറിവ് ഓരോ വ്യക്തി ക്കും ഉണ്ടാക്കുവാൻ വിശദമായ ബോധവത്കരണം സ്കൂൾ തലത്തിൽനിന്നു തന്നെ നടത്താൻ സർക്കാരു കൾ ശ്രമിക്കണം. നികുതിവെട്ടിപ്പ് രാജ്യത്തെ എന്തെ ല്ലാം തരത്തിൽ ബാധിക്കും എന്നതിനെ പറ്റി വലിയ ധാരണയൊന്നും ഇല്ലാതെയാണ് മിക്കവരും ഈ കുറ്റ കൃത്യത്തിൽ അറിഞ്ഞോ അറിയാതെയോ ഏർപ്പെടു ന്നത്. നികുതിവെട്ടിപ്പ് എന്ന കുറ്റകൃത്യത്തിന്റെ ഗൗരവം ഓരോ വ്യക്തിക്കും മനസ്സിലായാൽ ഒരു വലിയ മാറ്റം ഇന്ത്യയിൽ ഉണ്ടാകും. അപ്പോൾ മാത്രമേ GST അതിന്റെ ലക്ഷ്യത്തിലേക്ക് പൂർണ്ണമായും എത്തി ത്തുടങ്ങൂ.

### 6. ഈസ് ഓഫ് ഡൂയിങ് ബിസിനസ് (Ease of doing business):

"Ease of doing business" എന്ന് അന്താരാഷ്ട്രതല ത്തിൽ അറിയപ്പെടുന്ന 'ബിസിനസ് ചെയ്യാനുള്ള എളുപ്പം' ഉള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ദൗർ ഭാഗ്യവശാൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യ വളരെ പിന്നിലാണ്. “Ease of doing business” കൊ ണ്ടുവരുന്നതിന്റെ ഭാഗമായിക്കൂടിയാണ് ഒരുപാട് പരോക്ഷനികുതിനിയമങ്ങളെ ഒഴിവാക്കി അവയ്ക്കെ ല്ലാം പകരം GST നിയമവ്യവസ്ഥ കൊണ്ടുവന്നത്. എങ്കിലും “Ease of doing business” എന്ന ലക്ഷ്യം ഇപ്പോഴും അകലെയാണ്.

ഉദ്യോഗസ്ഥർ നികുതിദായകരുടെ ‘ഫെസിലിറ്റേ റ്റർ’മാരായി (Facilitator) പ്രവർത്തിക്കുക, മനഃപൂർവ്വമ ല്ലാത്ത തെറ്റുകൾ പിഴയില്ലാതെ തിരുത്താൻ നികുതി ദായകർക്ക് അവസരം ഉണ്ടായിരിക്കുക, ഒരു പരിശോധനയുടെയും പേരിൽ നികുതിദായകർക്ക് അമൂല്യമായ സമയം നഷ്ടമാകാതെ പെട്ടെന്ന് കാര്യ ങ്ങൾ നടക്കുക, നികുതിദായകരുടെ പരാതികൾ GST ഡിപ്പാർട്മെന്റ് ഉടനടി പരിഹരിച്ചു കൊടുക്കുക, GST NETWORK കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക, തുട ങ്ങിയ കാര്യങ്ങൾ ചെയ്തു മുന്നോട്ട് പോയാലേ ഇന്ത്യ യിൽ “Ease of doing business” സംജാതമാവുകയു ള്ളൂ.

Ease of doing business-ൽ ഇന്ത്യ ഏറ്റവും മുൻനിര യിൽ എത്തേണ്ടത് ജനങ്ങളുടെ ആവശ്യം ആണ് എന്ന അവബോധം ജനങ്ങളിൽ വളർന്നാൽ, നിയമ നിർമ്മാതാക്കളും സർക്കാരുകളും ഉദ്യോഗസ്ഥരും ആ ലക്ഷ്യത്തിനായി പ്രവർത്തിക്കാൻ നിർബന്ധിത രാകുക തന്നെ ചെയ്യും.

### 7. സോഷ്യൽ ഓഡിറ്റ്

നല്ല നികുതിദായകർ, അത് വ്യക്തികളാകട്ടെ, കമ്പനി കളാകട്ടെ, തങ്ങളുടെ നികുതിബാധ്യത സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാൻ പരസ്യമായി തയ്യാറായി വരുന്ന ഒരു കാലം ഇന്ത്യയിൽ ഉണ്ടാവണം.

### 8. സുതാര്യമായ സമ്പദ് വ്യവസ്ഥ (Transparent economy)

ഡിജിറ്റൽ പേയ്മെന്റ് ഇടപാടുകൾക്ക് കൂടുതൽ പ്രചോ ദനം നൽകുകയും, ബിസിനസ്സിന്റെ കണക്കുകൾ കൃ ത്യമായി സൂക്ഷിക്കേണ്ടതും രേഖപ്പെടുത്തേണ്ടതും എങ്ങനെ എന്ന് ബിസിനസ്സുകാരിലും അക്കൗണ്ടിംഗ്, നികുതി, പ്രൊഫഷണലുകളിലും, ബിസിനസ്സുകാർ/ പ്രൊഫഷണലുകൾ ആകാൻ പോകുന്ന വ്യക്തികളി ലും വിദ്യാർത്ഥി-തലത്തിൽ വെച്ചുതന്നെയോ പ്രാദേ ശിക തലത്തിൽ വെച്ചോ അവഗാഹം വളർത്തിയെടു ക്കുകയും, സോഷ്യൽ ഓഡിറ്റ്, പബ്ലിക് ഓഡിറ്റ്, എന്നിങ്ങനെയുള്ള കാര്യങ്ങൾ സർവ്വസാധാരണമാ ക്കുകയും, കൂടുതൽ മെച്ചപ്പെട്ട വിവരസാങ്കേതികവി ദ്യ ഉപയോഗിച്ചുകൊണ്ട് മെച്ചപ്പെട്ട ഒരു GST NETWORK വികസിപ്പിച്ചെടുക്കുകയും, ചരക്കുസേ വന കൈമാറ്റങ്ങൾ ഓട്ടോമാറ്റിക് ആയി പൊതുജന ങ്ങൾക്ക് എടുത്തുനോക്കാവുന്ന ഒരു വെബ്സൈ റ്റിൽ ലഭ്യമാകുന്ന തരത്തിലുള്ള ഒരു സംവിധാനം സ്ഥാപിക്കുകയുമൊക്കെ ചെയ്ത് അതീവ സുതാര്യ മായ ഒരു സമ്പദ് വ്യവസ്ഥ ഉണ്ടാക്കിയെടുക്കാൻ ഇന്ത്യയ്ക്ക് ഇപ്പോഴും സാധ്യതയുണ്ട്. ഇന്ത്യയിലെ ഭൂരി ഭാഗമായ യുവജന മനുഷ്യവിഭവശേഷിയെ ഇതിനായി ഉപയോഗിക്കാൻ, ദീർഘവീക്ഷണത്തോ ടെയുള്ള നടപടികൾ സർക്കാരുകൾ കൈക്കൊള്ള ണം.

GST-യുടെ പ്രവർത്തനം സുതാര്യവും സോഷ്യൽ ഓഡിറ്റിന് വിധേയവും ആക്കി എല്ലാ ബിസിനസ്സുക ളുടെയും GST അനുവർത്തനത്തിന്റെ തോത് ജനസമ ക്ഷം ലഭ്യമാക്കണം. ഒരു ബിസിനസ്സുകാരനായ താൻ

നികുതി വെട്ടിച്ചാൽ അത് തന്റെ അയൽക്കാരും നാട്ടുകാരുമൊക്കെ അപ്പോൾത്തന്നെ അറിയും എന്നും, ഒരു ഉദ്യോഗസ്ഥനായ താൻ നികുതിവെട്ടിപ്പിന് കൂട്ടുനിന്നാൽ അത് സഹപ്രവർത്തകരും പൊതുജനവും അറിയും എന്നുമൊക്കെയുള്ള സാഹചര്യം വരുമ്പോൾ GST മാത്രമല്ല, എല്ലാ നിയമവും പാലിക്കാൻ ഇന്ത്യയിലെ എല്ലാ പൗരന്മാരും ശ്രമിച്ചുപോകും. ഇത് ഇന്ത്യയെ സുതാര്യമായ സമ്പദ് വ്യവസ്ഥയിലേക്ക് നയിക്കും.

1 B.Com., MBA, LL.B.

# 19

## GST വ്യാപാരികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. കെ.എം. ജോൺ[1]

ആവശ്യമായ മുന്നൊരുക്കം കൂടാതെ 2017 ജുലൈ മാസം 1-ാം തീയതി നടപ്പിലാക്കിയ GST വ്യാപാര മേഖലക്ക് വൻ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. 'ONE NATION ONE TAX' എന്ന ആപ്ലവാക്യത്തോടെ തുടങ്ങിയ GST തുടക്കത്തിൽ 4 നികുതി നിരക്കുമായി ആരംഭിച്ചത് 5 വർഷം പിന്നിട്ടപ്പോൾ 1 നികുതി നിരക്കും സർ ചാർജ്ജും ആയി അതി സങ്കിർണ്ണമായിരിക്കുന്നു. 30 -06 -2017 ൽ വ്യാപാരികളുടെ കൈവശം വാറ്റ് നികുതി ഒടുക്കിയ നീക്കിയിരിപ്പ് സ്റ്റോക്കിനെ GST യിലേക്ക് മാറ്റി പുതിയ നികുതി നിർണ്ണയം നടപ്പിലാക്കിയപ്പോൾ നികുതി നിരക്കിലെ വ്യത്യാസം മൂലം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുവാൻ പറ്റാതെ വൻ സാമ്പത്തിക നഷ്ടം ഉണ്ടായി. കൂടാതെ 2017 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ ഇടക്കിടെ വരുത്തിയ നികുതി നിരക്കിലെ മാറ്റവും വ്യാപാരികൾക്ക് ബുദ്ധിമുട്ടും സാമ്പത്തിക നഷ്ടവും ഉണ്ടാക്കി. 2017 ജൂലൈ 1-ാം തിയതി GST നിയമം നിലവിൽ വന്നപ്പോൾ ഇന്ത്യയിൽ സോഫ്റ്റ് വെയർ സഹായത്തോടെ വ്യാപാരം ചെയ്തിരുന്നവർ വളരെ കുറഞ്ഞ ഒരു ശതമാനം മാത്രമായിരുന്നു. അങ്ങനെയുള്ള വ്യാപാര സമൂഹമാണ് അത്യാധുനിക സംവിധാനമുള്ള സോഫ്റ്റ് വെയർ ഉപയോഗിക്കുവാൻ നിർബന്ധിതരായി തീർന്നത്.അതുകൂടാതെ GST യെ സപ്പോർട്ട് ചെയ്യുന്ന സോഫ്റ്റ് വെയറും വളരെ ചുരുക്കമായിരുന്നു. തൻ മൂലം വ്യാപാര സമൂഹത്തിനു സാമ്പത്തിക ബാധ്യതയും പ്രതിസന്ധിയും ഉണ്ടായി. പല സ്ഥാപനങ്ങളും ദിവസങ്ങളോളം ഇൻവോയ്സ് ചെയ്യാൻ പറ്റാതെ ബുദ്ധിമുട്ടി. നികുതി നിരക്ക് HSN code അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനാൽ ശരിയായ നികുതി നിരക്ക് ഏതാണെന്ന് കണ്ടെത്തുക എന്നത് വളരെ വിഷമം പിടിച്ചതായി തീർന്നു. GST സ്വയം സാക്ഷ്യപ്പെടുത്തൽ ആണ് എന്നു പറഞ്ഞു നടപ്പിലാക്കിയിട്ട് നികുതി ദായകരെ അധികാരികൾ വിശ്വാസത്തിലെടുത്തില്ല എന്നത് വളരെ ദു:ഖകരമായി ഇപ്പോഴും തുടരുകയാണ്. വ്യാപാരസമൂഹം GST നടപ്പിലായതു മുതൽ അഭിമുഖീകരിക്കുന്ന 5 പ്രധാന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

### 1) Return Filing Issues

2017 ജുലൈ മാസത്തെ റിട്ടേൺ ആണ് ആരംഭത്തിൽ കൃത്യമായി ഫയൽ ചെയ്യാൻ സാധിച്ചത്. ആഗസ്റ്റ് മാസം മുതൽ GST Site ൽ മാറ്റം വരുത്തിയത് മൂലം 3ആഴ്ചയിൽ പേയ്മെൻറ് അടക്കുന്ന സംവിധാനമാണ് ഉണ്ടായത്. 2017 ജുലൈ മുതലുള്ള 6518) സമയബന്ധിതമായി വ്യാപാരികൾ പിന്നീട് ഫയൽ ചെയ്യുകയായിരുന്നു.

GST പോർട്ടലിന്റെ കാര്യക്ഷമതാ കുറവ് കൊണ്ട് റിട്ടേൺ ഫയലിംഗിനു തടസം സംഭവിച്ചു. തൻമൂലം വ്യാപാരികളിൽ ഭൂരിഭാഗം പേർക്കും സമയത്ത് റിട്ടേൺ ഫയൽ ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുമൂലം late fee interest ഉം കൊടുത്ത് റിട്ടേൺ ഫയൽ ചെയ്യാൻ അവർ നിർബന്ധിതരായി. സമയ പരിധി കഴിഞ്ഞപ്പോൾ ഗവൺമെന്റ് ഏർപ്പെടുത്തിയ ആംനിസ്റ്റി സ്കീം പ്രകാരം റിട്ടേൺ ഫയൽ ചെയ്തു ഒപ്പം എത്തിയ നികുതി ദായകർക്ക് ഇപ്പോൾ Input Tax Credit disallow ചെയ്ത് നോട്ടിസ് അയക്കുന്നത് ഖേദകരമാണ്. പ്രസ്തുത നോട്ടീസുകൾ വ്യാപാരികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനക്കായി സമർപ്പിച്ചിരിക്കുകയാണ് .

ഒരിക്കൽ ഫയൽ ചെയ്തു റിട്ടേണിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ മുൻപ് വാറ്റിൽ ഉണ്ടായിരുന്നത് പോലെ തിരുത്താൻ അവസരം ഇല്ല എന്നത് ഒരു പോരായ്മയാണ്.

### 2) Input Tax Credit

ഏടാ യുടെ ആരംഭത്തിൽ ഒരു മൊട്ടുസൂചി വാങ്ങിയാൽ പോലും അതിന്റെ ഇൻപുട്ട് എടുക്കാം എന്ന് പറഞ്ഞു പഠിപ്പിച്ചിട്ട് പിന്നീട് 2 വർഷത്തിന് ശേഷം ഉണ്ടായ നിയമത്തിലെ മാറ്റങ്ങൾ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കിയപ്പോൾ റിട്ടേൺ തെറ്റായി ഫയൽ ചെയ്ത് തെറ്റായി ഇൻപുട്ട് ടാക്സ് എടുത്തു എന്നു പറഞ്ഞ് ഇൻപുട്ട് ടാക്സ് disallow ചെയ്യുന്നു.

08/0/2019 വരെ നികുതി ദായകർ അവരുടെ Books of Accounts പ്രകാരം എടുത്തിരുന്നു. എന്നാൽ 2019 ഒക്ടോബർ മുതൽ 7 C' എടുക്കുന്നതിൽ ചില പുതിയ നിബന്ധനകൾ നടപ്പിലാക്കി. പുതിയ നിബന്ധനകൾ മൂലം ഗവൺമെന്റിലേക്ക് കൂടുതൽ നികുതികൾ അടക്കുവാൻ വ്യാപാരികൾ ബാധ്യസ്ഥരായി .2020 ആഗസ്ത് മുതൽ ITC Books of Accounts ൽ നിന്നും , GSTR 2 B Autogenerated Input Tax Credit സംവിധാനത്തിലൂടെ മാത്രമാക്കി. തൻമൂലം വ്യാപാരികളുടെ നികുതി ബാധ്യത കൂടി. എന്നാൽ നിലവിൽ GSTR 2 8 യിൽ ക്രെഡിറ്റ് വന്നാലും അത് പൂർണ്ണമായി എടുക്കുവാൻ പറ്റാത്ത നിബന്ധന നടപ്പിലാക്കിയതിലൂടെ വ്യാപാരികളുടെ പ്രവർത്തന മൂലധനത്തിന്റെ വിനിയോഗത്തെ കാര്യമായി ബാധിച്ചു. ഇതുമൂലം വ്യാപാര സമൂഹത്തിനു വ്യാപാരം തുടർന്ന് നടത്തിക്കൊണ്ടു പോകാൻ Working Capital കണ്ടെത്തേണ്ടി വന്നു കൊണ്ടിരിക്കുന്നു.

### 3) E-Way Bill Issues

(1) E-Way Bill നടപ്പിലാക്കിയപ്പോൾ ഒരു ദിവസത്തേക്കുള്ള ദൂരപരിധി 200 കിലോ മീറ്റർ എന്നത് 100 കിലോ മീറ്റർ എന്നാക്കിയത് ബുദ്ധിമുട്ടുണ്ടാക്കി.

(2) മഴ സംസ്ഥാനങ്ങളിൽ E-Way എട്ടക്കേണ്ട പരിധി 50000/ത്തിൽ നിന്നും ഒരു ലക്ഷം ആക്കിയത് കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല.

(3) മനഃപൂർവ്വമല്ലാത്ത തെറ്റുകൾക്കുപോലും വൻ തുക പെനാലിറ്റി അടക്കേണ്ടി വരുന്നു.

(4) മാനുഷിക മുഖം ഇല്ല എന്നത് ഒരു പോരായ്മയാണ്.

(5) E-Way Bill expiry ആയാൽ അത് extend ചെയ്യാൻ പറ്റുന്നില്ല. 50000 Godown expiry ആയാൽ ചരക്ക് മൂവ്മെന്റിന് ഒരു മാർഗ്ഗവുമില്ല.

(6) അവധി ദിവസവും പ്രവൃത്തി ദിവസമായി പരിഗണിക്കുന്നു എന്നത് ഒരു വീഴ്ചയാണ്.

(7) Site ന്റെ തടസം മൂലം E-Way Bill എടുക്കുവാൻ കഴിയാതെ വന്നാൽ അതിനു പകരം ഒരു മാർഗ്ഗം ഇല്ലാത്തത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

### 4) E-Invoice

നിലവിൽ വ്യാപാരികളിൽ 70 % പേരും E-Invoice പരിധിയിൽ വന്നതുകൊണ്ട് ശെലേ ൽ ഉണ്ടായ ഓവർ ലോഡ് മൂലം ക്ഷസ്ഥിടേനു ഉണ്ടാകുന്ന താമസം വ്യാപാരത്തെ വളരെ പ്രതികൂലമായി ബാധിക്കുന്നു.

E-Invoice-നോടൊപ്പം E Way Bill വേണമെന്നത് ഒഴിവാക്കാവുന്നതാണ്.

### 5 ) GST Audit

201718, 2018 19, 2019 20 എന്നീ മൂന്നു വർഷങ്ങൾ GST യുടെ പ്രാരംഭദശ എന്ന് പ്രത്യേകം പരിഗണിച്ച് ആ കാലങ്ങളെ ഓഡിറ്റിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഈ ഓഡിറ്റിന് വിധേയമാക്കിയാൽ എന്തെങ്കിലും നികുതി നഷ്ടം ഉണ്ടെങ്കിൽ അത് മാത്രം വസൂലാക്കി പിഴയും പലിശയും പൂർണമായി ഒഴിവാക്കേണ്ടതാണ്. Govt SOP പ്രകാരം സർക്കുലർ നമ്പർ 2 / 2022 dated 22/ 03 / 22 പ്രകാരം ASMT 10 നോട്ടിസ് ആണ് ഡീലർസ് നു സെർവ് ചെയ്യേണ്ടത്. Dealer Reply ASMT 1 ൽ ടാന് ചെയ്യണം എന്ന നിബന്ധന നിലനിൽക്കെ Auditors Notice serve DRC O1A പ്രകാരം ആണ് . ഇത് തീർത്തും തെറ്റാണ്. വ്യാപാരിക്ക് അവന്റെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്താനുള്ള അവസരം നിക്ഷേധിക്കപ്പെടടന്നു. അത് മാത്രമല്ല 2022 -ൽ നിലവിൽ വന്ന ചട്ടങ്ങളും ഭേദഗതികളും Software updation വച്ച് മുൻകാല പ്രാബല്യത്തിൽ കണക്ക് ഓഡിറ്റ് നടത്തുന്നു എന്നത് അപലപനീയമാണ്.

സർക്കുലർ നമ്പർ 7 / 2021 പ്രകാരം 27, introduce ചെയ്യാത്ത സമയത്തേക്ക് അതായത് 2017 -18 ,2018 -19 വർഷത്തേക്കുള്ള ഓഡിറ്റ് 24 പ്രകാരം നടത്താൻ ആവശ്യപ്പെടുന്നത് നീതിയുകതമല്ല. കാരണം 2A യും 28 യും 2020 ആഗസ്റ്റിലാണ് introduce ചെയ്യത്.

കൂടാതെ CGST യിൽ നിന്നും SGST യിൽ നിന്നും ഒരേ നോട്ടിസ് സെർവ് ചെയുന്നത് ഒഴിവാക്കേണ്ടതാണ്.

### വ്യാപാരി സമൂഹം പ്രതീക്ഷിക്കുന്നത്

(1) 2017 18 ,2018 19 ,2019 20 എന്നീ കാലയളവിൽ പ്രതിമാസ റിട്ടേൺ ലേറ്റ് ഫീയോടുകൂടിയും അംനിസ്റ്റി സ്കീം മുഖാന്തിരവും ഫയൽ ചെയ്തത് റെഗുലർ ആയവർക്ക് Input Tax Credit പൂർണ്ണമായും അനുവദിക്കണം.

(2) GST site -ന്റെ പോരായ്മകൾ പരിഹരിക്കണം.

(3) Year ending settlement procedure വേണം. Unutilized T C refund/Carry forward option അനുവദിക്കണം

(4) Annual return 11 ചെയ്യുമ്പോൾ സ്വമേധയാ കണ്ടെത്തിയ തെറ്റുകൾ തിരുത്താൻ അവസരം ഉണ്ടാകണം. T C എടുക്കുവാൻ അനുവദിക്കാത്തത് കൊണ്ട് വ്യാപാരികൾക്ക് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുന്നു.

(5) ആദ്യത്തെ 3 വർഷത്തേക്ക് ഒരു അംനിസ്റ്റി സ്കീം പ്രഖ്യാപിക്കുകയും നികുതി ഇൻസെന്റീവ് നൽകുകയും വേണം.

(6) GST Helping Centre കാര്യക്ഷമമായി നടപ്പിലാക്കുകയും മതിയായ ബോധവൽകരണ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യണം.

(7) കേരള സംസ്ഥാനത്തിന് നഷ്ടപ്പെട്ടുന്ന ഭീമമായ Ineligible ITC ഒഴിവാക്കുന്നതിന് proper ആയി

റിട്ടേൺ ഫയൽ ചെയ്യാൻ നികുതി ദായകരെ പഠിപ്പിക്കണം.

GST അഞ്ചു വർഷം പിന്നിട്ട് 6-ാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഒരു വ്യാപാരിക്ക് എന്ത് നേട്ടം ഉണ്ടായി എന്ന് തിരിഞ്ഞു നോക്കിയാൽ വ്യാപാരികൾക്ക് പ്രവർത്തന മൂലധനത്തിൽ നഷ്ടമുണ്ടായി എന്നതാണ്. GST നടപ്പിലാക്കാൻ വേണ്ടി കൂടുതൽ മുതൽ മുടക്കേണ്ടി വന്നു. Computer,Software, Network, Quali ed Sta , Professional Service എന്നീ മേഖലകളിൽ മൂലധനം നിക്ഷേപിക്കേണ്ടി വന്നു. ഏടാ നടപ്പിലാക്കുന്നതിനു മുൻപ് വ്യാപാരത്തിൽ നിന്നും ലഭിച്ചിരുന്ന ലാഭം ഇല്ലാതായി. ആഗോള കോർപ്പറേറ്റുകളുമായും,മത്സരം നേരിടേണ്ടി വന്നു കൊണ്ടിരിക്കുന്നു.

ഏടാ നടപ്പിലാക്കിയപ്പോൾ ഉണ്ടായ സാമ്പത്തിക നേട്ടങ്ങൾ മുഴുവൻ ഉത്പാദകർ തങ്ങളുടെ ലാഭം വർധിപ്പിക്കാൻ വേണ്ടി മാത്രം നീക്കിവച്ചു.

ഏറ്റവും വലിയ വിപത്ത് റീട്ടെയിൽ വ്യാപാര മേഖല ഒരു വൻ തകർച്ച നേരിടുന്നു എന്നതാണ് . നികുതി റവന്യ വരുമാനത്തിൽ ഗണ്യമായ വിഹിതം നൽകുന്ന വ്യാപാര മേഖലയെ തകർച്ചയിൽ നിന്ന് കരകയറ്റി താങ്ങി നിർത്തുക എന്ന ഭാരിച്ച ഉത്തരവാദിത്തം സർക്കാരിന്റേതാണ്. അത് മനസിലാക്കി പ്രസ്തുത മേഖലക്ക് ഗുണകരമായ തരത്തിലുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുക എന്നത് വളരെ അത്യന്താപേക്ഷിതമാണെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

1 കേരള മർച്ചന്റ്സ് ചേംബർ ഓഫ് കോമേഴ്സ്

20

## GST Deparment പുനഃക്രമീകരണം കേരളീയ അനുഭവം

ശ്രീ. അസീഫ് കണ്ണോത്ത്[1]

കേരള സ്റ്റേറ്റ് ജി.എസ്.ടി. ഡിപ്പാർട്ടുമെന്റ് സമഗ്രമായി പുനസംഘടിപ്പിച്ചു കൊണ്ട് ഉത്തരവാകുകയും അതനുസരിച്ചുള്ള ഭരണപരമായ മാറ്റങ്ങൾ നിലവിൽ വന്നിരിക്കുകയുമാണ്. പുതിയ മാറ്റം അനുസരിച്ച് ഡിപ്പാർടുമെന്റിനെ ഭരണപരമായി താഴെ പറയുന്ന മൂന്ന് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുകയാണ്.

1 ടാക്സ് പെയർ യൂണിറ്റ്

2 ഓഡിറ്റ് യൂണിറ്റ്.

3 ഇന്റലിജൻസ് & എൻഫോയ്സ്മെന്റ് യൂണിറ്റ്.

ഈ പുന.സംഘടനയിൽ ഡിപ്പാർട്ടുമെന്റ് കൂടുതൽ ശ്രദ്ധയും, (പ്രാധാന്യവും കൊടുത്തിട്ടുള്ളത് ഓഡിറ്റ് വിഭാഗത്തിന്റെ രൂപീകരണത്തിനാണെന്ന് കാണാൻ കഴിയും.

ജി.എസ്.ടി. നിയമം അനുസരിച്ച് വ്യാപാരികളുടെ സ്വയം നികുതി നിർണ്ണയം വിലയിരുത്തുവാനും, ബുക്ക് ഓഫ് അക്കാണ്ട്സും ,റിട്ടേണുകളും മറ്റു അനുബന്ധ രേഖകളും പരിശോധിച്ച് അവയുടെ ശരി; തെറ്റുകൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തുവാനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുക എന്നതുമാണ് ഓഡിറ്റ് വിംഗിന്റെ പ്രധാന ദാതൃങ്ങൾ.

നിയമം ശരിയായി മനസ്സിലാക്കിയാണോ വ്യാപാരി പ്രവർത്തിച്ചിട്ടുള്ളത് എന്നും, കണക്കുകളും മറ്റു രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ടോ, നികുതി ബാദ്ധ്യത കൃത്യമായി നിർണ്ണയിക്കുകയും അടക്കുകയും ചെയ്തിട്ടുണ്ടോ എന്നീ വിവരങ്ങൾ ഉദ്യോഗസ്ഥർക്കും ഓഡിറ്റ് പരിശോധനയിലൂടെ മനസ്സിലാക്കുവാൻ കഴിയും.

ഓഡിറ്റ് വഴി കണ്ടെത്തുന്ന നികുതി നഷ്ടങ്ങൾ ഡിമാന്റാക്കി മാറുന്നതിനും റിക്കവറി നടത്തുന്നതിനും പ്രത്യേകമായി അഡ്മൂഡിക്കേഷൻ ഉദ്യോഗസ്ഥരെ ടാക്സ് പെയർ യൂണിറ്റിൽ നിയമിച്ചിട്ടുണ്ട് എന്നതാണ് ഈ മാറ്റങ്ങളിലെ മറ്റൊരു പ്രത്യേകത.

ഈ മാറ്റങ്ങളുടെ പ്രത്യാഘാതം വിമർശനാത്മകമായി പരിശോധിക്കേണ്ടതാണ്.

1 State Tax Officer (Rtd)

21

## Creating Fiscal Space through Revenue Mobilization: An Argument for Non-tax Revenue

Dr. Mary George[1]

Today in the fiscal empowerment of nations both tax and non-tax revenue sources are equally important. According to the World Bank: World Development Indicators (World Bank, 2003), in or around 2002, roughly 39 percent of revenue of the 166 countries covered there – not just resource rich economies – were from non-tax revenues. It is pointed out that globalization and re-emergence of crony capitalism, eroded a country's ability to raise tax revenues.

Non-tax revenue includes payments made to the government that are compulsory and requited or voluntary whether requited or not. In addition to these, two other categories of non-tax included in the IMF's Government Statistic Manual (2001) are grants from other governments or international organizations and social contributions from employers or employees the "secure entitlements to social benefits for the contributors, their dependents, or their survivors".

From a revenue standpoint, the important non-tax revenue sources are all voluntary and requited. For most of these sources, revenue is a bi-product of goods, services or resources, the government provides. Such Sources included revenue from assets, revenue from the sale of goods and services, new or used, and revenue from the sale of licenses and permits for regulated activities. An exhaustive analysis is need to understand the interesting and revenue augmenting features of non-tax revenue sources.

1 Former Chairperson, KPERC

22

## An Assessment on Non-Tax Revenue in Kerala

Prof. Beena P.L.[1] & Dr. Ritika Jain[2]

The fiscal structure of an economy is mainly based on the revenue it collects and expenditure incurred to it. Since the state is a benevolent provider to the citizens, reducing the public expenditure to reduce the fiscal deficit will not be right solution. So instead of reducing the public expenditure the focus should be in hiking the amount of revenue receipts. Revenue receipts are mainly come from two sources: tax revenue and non-tax revenue. In a situation where there is increased globalization among countries which can erode a country's ability to raise tax revenues, revenue from non-tax sources gains importance (Tanzi 2000). Moreover, the growing deficits necessitate increased revenue mobilization from tax as well as non-tax sources. It is argued in the literature that irrational structure of non-tax sources has adverse effects that invalidate growth objectives. Therefore, one has to keep in mind the objectives of equity, efficiency and its impact on the economic growth of the economy (Purohit, 2009). Welfare state program needs to mobilise resources in order to meet the objectives such as right to food, employment, access to health, education and old age pension.

The total liability of Kerala accounted for 28.2 per cent of the GSDP. It was higher than that of

most of the other states. Needless to say, such a high percentage of liability cannot be treated as a positive signal. Given this context, an attempt has been made in this paper to understand the structure and pattern of Non-Tax Revenue in Kerala. This has been done in the light of the existing literature and considering the existing policy space. The study tried to develop some analytical framework based on empirical and theoretical review of literature. A detailed analysis has been further made to identify new and alternative sources of non-tax revenue in major components. And finally the study sums up the major findings and draw some policy suggestions.

1 Faculty, CDS & Member KPERC

2 Faculty, CDS

23

# Maximizing Non-Tax Revenue for Sustainable Economic Growth: A Case Study of Kerala

Mr. Subin Muhammed[1]

Non-Tax Revenue (NTR) encompasses all sources of income, excluding taxes, for the government. Despite revenue stability from these sources over the past two decades, they are yet to receive the requisite attention from relevant authorities. The prevailing dependence of most states on central government grants has led to a disregard for their own Non-Tax Revenue (SONTR) sectors. A glance at the growth and share of SONTR across major Indian states reveals a substantial number of untapped revenue sources within this realm. Notably, the economic services sector, which generally is the major component of SONTR, harbours numerous opportunities that still need to be explored by state governments. Presently, only a fraction of these opportunities is leveraged. Most states focus predominantly on industries while disregarding other sectors. Alarmingly, social services, the second- largest SONTR contributor, are also often neglected. This paper aims to explore the untapped or under- tapped potentials within Kerala's economic and social sectors, serving as a case study. The central objective of this study is to gain a holistic understanding of the unexplored avenues for revenue generation from SONTR in Kerala. The primary argument put forth by this paper is that by maximizing non-tax revenue and promoting sustainable economic growth, states can reduce their dependency on grants from the union government and consequently enhance the overall well-being of their citizens.

1 Research Scholar, CUSAT

24

# Emerging Trends in Kerala's Emigration Scenario and it's Financial Implications

Prof. V. Mathew Kurian[1] & Dr. Raju John[2]

Emigration from Kerala has a long history. Literally, Malayalis emigrated to all parts of the world. But emigration from Kerala to Gulf countries played the most prominent role in Kerala's development. Emigration to gulf has already crossed it's inflexion and is suspected to move to saturation level. Fortunately or unfortunately, the globally mobile malayali community is finding new pastures. At least three trends are visible here. First is the return of old emigrants back from the gulf. Secondly, younger emigrants move to Europe and beyond. This migration is without any return and for settlement abroad. The potential of emigrant community and remittances enabled Kerala to take new development trajectories. Now, young people spend substantial amounts to migrate and never return. Thirdly, emigrants to countries like US decumulate their assets here and move abroad. This can be considered as a phenomenon of reverse remittances. From all these, it seems that the narrow concentration of Kerala's emigration scenario to Gulf can be part of the. Kerala's emigration scenario now seems to evolve into a more diverse and broad based one. The paper first try to check if all these are facts or mere speculations. This will be done by means of available pertinent data. The authors don't claim that it is very easy to answer all these issues. Data gaps exist in the light of emerging trends of Kerala's emigration scenario. The need to address the same and possible suggestions to overcome the gaps will be discussed. Even though the term malayali diaspora is being used for some time, the new scenario is likely to increase the absolute size of malayali diaspora in its correct sense. Government of Kerala is trying to positively interact with malayali diaspora abroad. Government still hopes that malayali diaspora can play a positive role in Kerala's development. It is evident from continuous attempt to get engaged with malayali diaspora. The latest among them being the various episodes of Loka Kerala Sabha. But the moot question is the modus operandi to follow to use diaspora support for Kerala's development. In this context this paper attempt to review the international experience on the role of diaspora in development of origin countries and offers some suggestions that will be of use in the Kerala scenario. The paper is organised as follows. First, it tries to contextualise malayali diaspora in the context of global diaspora discourse. Then it tries to understand the international experience on Diaspora- development pathway. The relevance of international experience in Kerala context will be discussed. The financial implications of all these developments will be discussed to conclude the study.

Key Words – Migration, Emigration, Kerala. JEL Classification – F22, F24

1 Joint Director KNRSE, MGU kurianvazhachira@gmail.com

2 Assistant Professor in Economics, Baselius College Kottayam rajujohn7407@gmail.com

25

# Equity in Healthcare Services in Kerala: Alternative Options

Prof. Anitha V.[1]

Kerala's overall healthcare system is better than other states in India, and it received appreciation at the international level for many health-related achievements. But still, the facilities at the public healthcare centres are not equitably distributed across regions, and the out-of-pocket expenditure is also very high. This is a barrier to achieving equity in health and disturbing the government because healthcare services are under the provision of the state. As a result of the low public health expenditure private sector is flourishing by charging a higher price for treatment. The situation worsens when the supply side of health care facilities does not increase much based on the demand for the services. While acquiring tertiary public healthcare services, patients depend on many private institutions for lab tests, medicines etc. They charge a high price, sometimes more than a private hospital. Here arises the question of how we can reduce the burden of patients without affecting equity and social justice. Hence the objective of the study is to develop a socially viable and economically feasible healthcare policy for the government. With the support of theoretical evidence and case studies, the study tries to suggest alternative methods of public healthcare services, at least in the tertiary healthcare services of Kerala.

1 Professor, Department of Economics, University of Kerala, Email: anithav@keralauniversity.ac.in, Mobile: 9539204587

26

# Fifteenth Finance Commission: The Problem of Negative Devolution for Sophisticated Outliers

Dr. Tojo Jose[1]

The financial relationship between the centre and states have created some unhealthy trends while analysing flows from the centre to states through two channels – central sector schemes for the creation of socio-economic infrastructure in the states and the finance commission allocation. This paper tries to unearth the nature and consequences of the net inflows into subnational units under these two routes. The study found that Kerala is double disadvantaged with gross misallocation of central infrastructure scheme on the one side and a continuously declining Finance Commission transfer. The net result is some sort of a reverse transfer for Kerala. The centre has been actively promoting national infrastructure plans over the last three decades. But from Kerala's angle, the state has received insignificant attention, be it the NHDP, the Dedicated Freight Corridor Project or the Urban Development projects. For example, outside the Northeast, Kerala is the only state that has been left out of the 7800 km long expressways project. The social infrastructure expansion under the various central government

schemes gets even worse and the latest example being not even a single nursing college for Kerala despite a similarly placed Tamil Nadu getting fair allocation. The XV FC allocation shows that if Kerala's population share is 1, the share in finance commission transfer is 0.69. Though there are eight states that has a ratio of 0.8 or lower in finance commission allocation, all these have received good share in centre sponsored infrastructure projects.

The under allocation of central government infrastructure projects and weak finance commission transfer has created an undesirable trend of subnational government engaging in the creation of bulk infrastructure projects and thus totally eroding the relevance of the centre's centrality. For example, Kerala has made higher state efforts in creating bulk infrastructure with the establishment of institutions like the KIIFB in the context of the continuous infrastructure deficit. At the same time, this has created an increasing and imposing subnational identity and awareness among the subjects of the states. The absenteeism of the centre in developing infrastructure in Kerala whereas its abundance in rest of India may create consequences. From the FC transfer angle, there is a need to set a minimum devolution (in terms of share in allocation vis a vis share in population) that is necessary for the running of welfare and governance functionalities. For Kerala, it should ask for a compensatory finance commission allocation for the under-allocation in central sector schemes. Another demand should be for reducing the weightage for area. It is well understood that area is an advantageous factor for availability land for infrastructure creation, agriculture and industrial sectors and area indicates higher natural resources availability. Hence, rather than area, density of population should be the relevant criteria.

1 Assistant Professor, Economics, TMJM Government College Manimalakunnu.

27

# Fiscal Federalism-The Kerala Story

Mr. Adith S. Karthik[1]

The first-generation theory (FGT) of fiscal federalism classifies functions of a government as allocative, distributive, stabilisation. Following the principles of comparative advantage, the distributive and stabilisation function is to be allotted to the Federal government while the function of resource allocation must be vested with the sub-national government. It also adds that fiscal decentralisation is associated with expenditure decentralisation with revenue centralisation for achieving equity and efficiency as a solution to this problem suggests intergovernmental transfers. As a step towards an efficient decentralisation, Second Generation Theory emphasises on the decentralisation of revenue responsibilities to sub-national governments. Second generation theory emphasised market-preserving federalism and the design of transfers, tax collection, political economy of the different tiers of government and hard-budget constraints. In India following the principle of comparative advantage, the responsibility collecting taxes with broad base was vested with the Central government while the duty of expenditure was primarily assigned to the sub-national government. But in order to ensure the autonomy of the state government, the separation of duties was done through the 7th schedule of the Indian constitution and at the same time revenue devolution was ensured by constituting the Finance commission. The 14th and the 15th Finance commission made it

clear while it may recommend the strategy for general purpose transfers, it is the responsibility of government to cover specific purpose transfers through the Centrally Sponsored schemes. This paper with the help of descriptive statistics, attempts to trace out the principle behind vertical and horizontal allocation of federal transfers and also assesses the growth and composition of federal transfers to Kerala from 2000.

1 Research Scholar, University of Kerala

28

## Impact of Chemical Industries on the Health Status of Households in Ernakulam District, Kerala

Dr. Raji Prasad G.V.[1]

This article stems out the effect of Chemical industries on the health implications of Industrial town households and their surroundings. The frightening reality is that for the vast majority of the chemicals used and being developed, little or nothing is known about their possible immediate or long-term effects on the health of the inhabitants or workers who are more near to it. Being an industrialized district, this study is very relevant as far as the Kerala's health status concerns. Historically, environmental degradation in Eloor-Edayar area has shared two primary characteristics, one, a majority of the lower income communities live in close proximity to the major polluting industries and two, everyone irrespective of levels of income or class, are exposed to the risk of toxic pollution from industrial sites.

Key words: Chemical Industries, health status, industrial hub, deterioration, inhalation

1 Asst Prof & HoD, Dept of Economics, NSS College, Cherthala, Alappuzha, Kerala

29

## Political Economy of Public Finance of Kerala

Shri. R. Mohan[1] & Dr. D. Shyjan[2]

Kerala's Public finances since the beginning of 1980s (to be more precise 1983-84) has chronic revenue deficit as its abiding feature. In the latter half of 1980s, it crossed one per cent of Gross State Domestic Product (GSDP) and later grew substantially in the 1990s. Abnormal expenditure compression measures in the early 2000s resulted in a spate of protests from various organised groups, including Government employees. Later in the second half of 2000s, a revenue led fiscal consolidation began. But this received set back in the second decade of the 2000s (in 2013-14, the rate of growth of Own Tax Revenue (OTR) declined to 10 per cent from around 22-24 per cent in the preceding three financial years) never to recover till 2021-22. The reasons were many, including the health emergencies and natural calamities including the impact of Covid- 19 Pandemic.

The persisting revenue deficits have had the effect of perennial liquidity strains in the State Finances. The consequence of this is that the Finance department has to operate on a fire-fighting mode more often than not. Though there

is now wide spread recognition of the fact that there has to be better enforcement of OTR and more effective tapping of Own Non-Tax Revenue (ONTR), there needs to be realisation of the impact of social pressure groups which has put the State Finances on a persisting brink.

Our expenditure pattern is not in sync with our revenue raising powers and capacity. Though earnest attempts are being made to augment OTR and ONTR, a hard look at expenditure patterns is eluding for socio-political reasons. With the present borrowing constraints and additional restrictions placed by the Union Government, the State is being pushed nearer to the brink point.

There needs to emerge a political consensus to protect the social security interests of the poorer sections of the society by limiting the advantages flowing to the rather well to do which is mainly due to their organisational power. The policy makers will be compelled to address the question of limiting public capital expenditure to most priority infrastructure while ensuring effective and timely completion of projects, elimination of explicit and implicit subsidies enjoyed by the richer sections, so that the poorer sections social security benefits, Health Coverage, Job Assurance, Income Support are tangibly increased without deviating from the path of fiscal consolidation. Simultaneous efforts to augment OTR and ONTR and reprioritise expenditure are required to bring back the State Finances of Kerala, which operating at the brink for more than decades

1 Honorary Fellow, GIFT

2 Associate Professor, University of Calicut, John Mathai Centre

30

## Shrinking Fiscal Space of Indian States-Recent Trends

Shri. Abhilash S.[1]

| സേവന മേഖല | ഉല്പാദന മേഖല | ചില്ലറ വിൽപന | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 58.13 | 28.24 | 12.75 | 0.88 | 100 |

കേരളത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഉല്പാദന മേഖലക്ക് കുറച്ചുകൂടി മൂലധനം എത്തിക്കുന്നതിന് ബാങ്കുകളുടെ ഭാഗത്തുനിന്നും പരിഗണന നൽകേണ്ടത് ആവശ്യമായി വന്നിരിക്കുന്നു.

സ്വയം സഹായ സംഘങ്ങൾ (SHG) എല്ലാ ബാങ്കുകളുടെയും ഇഷ്ട ഇനമായി മാറിയിരിക്കുന്നു.. പഴയ തലമുറ ബാങ്കുകളും ഏതാനും നവസ്വകാര്യ ബാങ്കുകളും എല്ലാം തന്നെ ഈ രംഗത്ത് സജീവമാണെന്നത് സംസ്ഥാനത്തെ മൈക്രോഫിനാൻസ് രംഗം, നിഷ്ക്രിയ ആസ്തികൾ താരതമ്യേന കുറവുള്ള മേഖലയാണെന്ന സൂചന ബലപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ സാമൂഹ്യ ഉന്നമനത്തിന് ഏറെ ആക്കം കൂട്ടുന്ന ഒന്നായ ഈ മേഖലയിലേക്കുള്ള ധനകാര്യ സ്ഥാപനങ്ങളുടെ കനിവിനെ കൂടുതലായി ഉപയുക്തമാക്കുന്നത് ഉചിതമായിരിക്കും.

## അടിസ്ഥാന സൗകര്യ വികസനം

ബാങ്കുകളോടൊപ്പം എല്ലാ കേരളീയരുടെയും അടങ്ങാത്ത അഭിവാഞ്ഛ ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ജനകീയ സർക്കാരുകൾ മുന്നോട്ടു വരുമ്പോൾ ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും (DFI) പ്രതികരണം വേണ്ട വിധം മികച്ചതാകുന്നില്ല. ഇത്തരുണത്തിൽ, സാമൂഹ്യ മൂലധനം എന്ന കാഴ്ചപ്പാടിൽ അധിഷ്ഠിതമായി കിഫ്ബി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യമേഖലയെ വിജയകരമായി ഏറ്റെടുത്തിരിക്കുന്നു. ഇടപാടുകൾക്ക് നിയതരൂപം നൽകുന്നതിന് വേണ്ടിയുള്ള ബാങ്കിങ്ങ് പാത ഒരുക്കുന്നതും മറ്റും വാണിജ്യ ബാങ്കുകൾ തന്നെ. പ്രവാസി ചിട്ടികളിലൂടെ ആയിരം കോടി രൂപയിലധികം പണമെത്തിച്ചുകൊണ്ട് കിഫ്ബി പദ്ധതികളിൽ KSFE എളിയ പങ്ക് വഹിച്ചുവരുന്നു. നടപ്പാക്കി വരുന്ന കെ ഫോൺ, നിർദിഷ്ട കെ റെയിൽ പദ്ധതികളിൽ കൺസോർഷ്യം രൂപീകരിച്ച് മിതമായ പലിശ നിരക്കിൽ സാമ്പത്തിക സഹായം അധികമായി ഉറപ്പാക്കുന്നതിൽ SBI പോലുള്ള ഭീമൻ സാമ്പത്തിക സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങേണ്ടത് കേരളത്തിന്റെ സാഹചര്യത്തിൽ നീതിയുക്തമാണെന്നു പറയേണ്ടിയിരിക്കുന്നു.

കാർഷിക രംഗത്തെ അടിസ്ഥാന സൗകര്യവികസനത്തിൽ ബാങ്കുകൾ സഹായഹസ്തം നീട്ടുന്നുണ്ടെന്ന് സമ്മതിക്കാവുന്നതാണ്. കേന്ദ്ര സർക്കാരിന്റെ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) വിതരണം സുഗമമാക്കുന്നതിന് എല്ലാ ബാങ്കുകളും തല്പരരാണ്. ഏറ്റവും കുറവ് പലിശ നിരക്ക് ഉറപ്പാക്കി കൊണ്ട് SBI മുന്നിട്ട് നിൽക്കുമ്പോൾ, കേരളാ ബാങ്ക് പദ്ധതി സംയോജിപ്പിക്കുന്ന തിന്റെ കടിഞ്ഞാൺ ഏറ്റെടുത്തിരിക്കുന്നു എന്നത് ശുഭോദർക്കമാണ്. സംസ്ഥാന സർക്കാർ നല്ല പ്രാധാന്യം നൽകികൊണ്ട് സഹകരണ സ്ഥാപനങ്ങളെയും, കാർഷിക മേഖലയിലെ സംരംഭകരെ യും പ്രോത്സാഹിപ്പിച്ചുകൊണ്ടും ബോധവത്കരണം നടത്തിയും ഫണ്ട് ഉപയുക്തമാക്കി 2500 കോടി രൂപയുടെ വികസന ലക്ഷ്യം നേടുന്നതിനായുള്ള ശ്രമങ്ങൾ തുടരുകയാണ്. കേരളത്തിന്റെ തനതു ബാങ്കുകൾ പലിശ നിരക്ക് അൽപ്പം കുറച്ചു കൊണ്ട് ഈ വികസനരംഗത്തെ പ്രചോദിപ്പിയ്ക്കാവുന്നതാണെന്ന ഒരു പക്ഷം കൂടിയുണ്ട്.

## സാമൂഹ്യ വികസനം

ബാങ്കുകളോടൊപ്പം പൊതുമേഖലയിലെ ഇതര ധനകാര്യ സ്ഥാപനങ്ങളും സാമൂഹ്യമായുള്ള അസന്തുലിതാവസ്ഥകളെ നോക്കിക്കണ്ട് പ്രവർത്തനഗതി ഒരുക്കാൻ ബാധ്യതപ്പെട്ടവയാണ്. എന്നാൽ കേരള സംസ്ഥാനത്തു കാലാകാലങ്ങളായി വിവിധങ്ങളായ സർക്കാർ പദ്ധതികളാണ് ഇക്കാര്യങ്ങളെ പ്രധാനമായും അഭിസംബോധന ചെയ്യുന്നത്. മലയോര കർഷകർക്കും മൽസ്യബന്ധന മേഖലക്കും ഒക്കെ അനുയോജ്യമായ സാമ്പത്തിക സഹായപദ്ധതികൾ ബാങ്കുകൾ ഗൗരവത്തോടെ മുന്നോട്ടു വെക്കുകയോ, ഉള്ളവയെ കാലാനുസൃതമായി പരിഷ്കരിക്കുകയോ ചെയ്യുന്നതായി കണക്കാക്കാനാവില്ല. ഭിന്നശേഷിക്കാർക്കും പിന്നോക്ക സമുദായക്കാർക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും ഒക്കെ വേണ്ടി ധനകാര്യസ്ഥാപനങ്ങൾ പരമ്പരാഗതമായുള്ള ധനസഹായ പദ്ധതികൾ പിന്തുടരുന്ന ശൈലിയാണ് ഇപ്പോഴും സ്വീകരിച്ചു കാണുന്നത്. എന്നാൽ ഇവിടങ്ങളിലെ ഏറ്റവും താഴെത്തട്ടിൽ മൈക്രോ ഫിനാൻസ് മാതൃക ഫലപ്രദമായി നടപ്പാക്കിവരുന്നുണ്ടെന്നത് ശ്രദ്ധേയം തന്നെ. ഇതര ധനകാര്യസ്ഥാപനങ്ങളുടെ പട്ടികയിൽ വരുന്ന പിന്നോക്ക വിഭാഗ വികസന കോർപറേഷൻ, കേരളത്തിന്റെ 63% വരുന്ന ജനവിഭാഗങ്ങളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള മികച്ച സാമ്പത്തിക സ്രോതസ്സാണ്. കുടുംബശ്രീകൾക്കും മറ്റു സ്വയം സഹായ സംഘങ്ങൾക്കും വേണ്ടി മൈക്രോഫിനാൻസ് പദ്ധതികളുടെ സേവനം ഉറപ്പാക്കുന്നതുവഴി സ്വകാര്യമേഖലയുടെ ചൂഷണം ഒരു പരിധി വരെ തടയുന്നുണ്ട്. ഈ വിഭാഗങ്ങളിലെ ആയിരത്തിൽപരം കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം സുഗമമാക്കുന്നതിനും അഞ്ഞൂറിലധികം പേരുടെ പ്രൊഫഷണൽ കോഴ്സുകൾ ക്കുമായി വർഷം പ്രതി ഈ സാമ്പത്തിക സ്ഥാപനം മികച്ച വഴിയൊരുക്കുന്നുണ്ട്.

കേരളത്തിലെ ഏതാണ്ട് എല്ലാ ബാങ്കുകളും വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുന്ന കാര്യത്തിൽ താല്പര്യം കാണിക്കുന്നുണ്ട്. ഇക്കഴിഞ്ഞ മാർച്ച് 2023 ൽ അവസാനിച്ച സാമ്പത്തിക വർഷം 12840 കോടി രൂപയുടെ വായ്പ നിലവിലുള്ളതിൽ 87% പൊതുമേഖലാ ബാങ്കുകൾ വഴിയും 9 % സ്വകാര്യ ബാങ്കുകളിലൂടെയുമാണ് വിതരണം നടത്തിയിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം 16 ശതമാന ത്തിനടുത്ത് വളർച്ച രേഖപ്പെടുത്തിയെങ്കിലും വർദ്ധിച്ചു വരുന്ന ആവശ്യകത കണക്കിലെടുക്കുമ്പോൾ ബാങ്കുകൾക്ക് ഇനിയും സാധ്യതകൾ നിലവിലുള്ളതാണ്.

സംസ്ഥാന ന്യൂനപക്ഷ വികസന കോർപറേഷൻ, എസ്.സി.എസ് റ്റി വികസന കോർപറേഷൻ, വനിതാ

വികസന കോർപറേഷൻ തുടങ്ങിയവക്കും കേന്ദ്രപ ദ്ധതികളുടെ ആനുകൂല്യം കൂടുതലായി ഉറപ്പാക്കി വി കസനപാതയിൽ മുന്നേറ്റം സൃഷ്ടിക്കാവുന്നതാണ്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് വേണ്ടി പാർപ്പിടപദ്ധതികൾ ഒരുക്കുന്നതിന് ബാങ്കു കൾ സാധാരണയായി മെനക്കെടാതിരിക്കുമ്പോൾ, ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളും KSFE, കേരളാ ബാങ്ക്, കേരളാ ഗ്രാമീൺബാങ്ക് എന്നിവയു മൊക്കെ സാമാന്യം നല്ല ശ്രദ്ധ ഇക്കാര്യത്തിൽ ചെലു ത്തുന്നു ണ്ടെന്നതാണ് വാസ്തവം. പൊതുവെ മറ്റു ഭവനവായ്പാ വിതരണത്തിൽ ബാങ്കുകളുടെ ഇടപെ ടൽ മൂലം ക്രമാനുഗതമായ പുരോഗതിയാണുള്ളതെ ന്ന് ചുവടെ ചേർക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

**ബാങ്കുകളിൽ നിലവിലുള്ള ഭവനവായ്പ (കോടി രൂപയിൽ)**

| മാർച്ച് 2021 | മാർച്ച് 2022 | മാർച്ച് 2023 |
|---|---|---|
| 30783 | 33046 | 34762 |

ഈ ഇനത്തിൽ ഏകദേശം 73% വായ്പാ വിതരണവും പൊതുമേഖലാ ബാങ്കുകൾ നിർവഹിക്കുമ്പോൾ 17 % സ്വകാര്യ ബാങ്കുകളുടെ വിഹിതമാണെന്നും കാ ണാവുന്നതാണ്.

ദുർബല വിഭാഗങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതികൾ നടപ്പാക്കണമെന്നുള്ള നിഷ്കർഷ പാലിക്കുന്നതിൽ ബാങ്കുകൾ ഏറെക്കുറെ ശ്രദ്ധിക്കുന്നുണ്ട്. ഇക്കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുള്ള ബാങ്കുകളുടെ വായ്പ വിതരണം പട്ടികയായി ചുവടെ ചേർക്കുന്നു.

**ദുർബല വിഭാഗങ്ങൾക്കുള്ള ബാങ്ക് വായ്പ (കോടി രൂപയിൽ)**

| മാർച്ച് 2021 | മാർച്ച് 2022 | മാർച്ച് 2023 |
|---|---|---|
| 84231 | 99841 | 121194 |

അതായത് ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കിലെടുക്കുമ്പോൾ മുൻ വർഷത്തെക്കാൾ 21 ശതമാനം വളർച്ച നേടിയിട്ടുണ്ടെന്നത് ശ്ലാഘനീയമാ ണ്. ഈ വിഭാഗത്തിൽ 460 കോടി രൂപ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും 2141 കോടി രൂപ പട്ടികജാതി വിഭാ ഗങ്ങൾക്കുമായാണ് വിതരണം ചെയ്യപ്പെട്ടിട്ടുള്ളത് എന്ന കാര്യവും എടുത്തുപറയേണ്ടിയിരിക്കുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ സംസ്ഥാനത്തു നിശ്ശ ബ്ദ വിപ്ലവം സൃഷ്ടിച്ചിരിക്കുകയാണല്ലോ. ഇതിലേക്കാ യിട്ടുള്ള ധനസമാഹരണത്തിന് സംസ്ഥാന സർക്കാ രിന് താങ്ങായി നിൽക്കുന്നത് കേരളത്തിലെ വിവിധ ധനകാര്യസ്ഥാപനങ്ങളാണ്. ഇവിടെ KSFE യുടെ പങ്ക് നിസ്തുലമാണ്. സഹകരണ ബാങ്കുകളുടെ കൺ സോർഷ്യം മുഖേന മികച്ച ധനസമാഹരണത്തിന് സാധ്യമായിട്ടുണ്ട്. ഇൻഷുറൻസ് കമ്പനികളുടെ സം സ്ഥാനത്തോടുള്ള വിവേചനപരമായ സമീപനത്തിൽ വലിയ മാറ്റങ്ങൾ ദൃശ്യമല്ല. മികച്ച ജീവിത നിലവാരം, ഉയർന്ന ശരാശരി പ്രായക്കണക്കുകൾ എന്നിവയൊ ക്കെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികൾ ഒരുക്കുമ്പോൾ പോലും അവയെ ചെലവേറി യതാക്കി മാറ്റുന്നു. എന്നാൽ വൈവിധ്യം നിറഞ്ഞ സമസ്ത ലൈഫ് - ജനറൽ ഇൻഷുറൻസ് പോളിസികളോടും കേരളീ യർക്കുള്ള പ്രതിപത്തി ഇൻഷുറൻസ് സ്ഥാപനങ്ങൾ ഗൗരവത്തോടെ കാണുന്നില്ല. ക്ലെയിം തീർപ്പാക്കുന്ന തിലും പ്രീമിയം നിശ്ചയിക്കുന്നതിലും അമിതമായ ലാഭേച്ഛ വെച്ചുപുലർത്തുന്നു എന്നത് സംസ്ഥാന ത്തെ പോളിസി ഉടമകളെ ദോഷകരമായി ബാധിച്ചു വരുന്നു.

## സാധ്യതകളും ധനസ്ഥാപനങ്ങളുടെ കടമകളും

ഒട്ടേറെ സാദ്ധ്യതകൾ നിലനിൽക്കുന്ന സേവന മേഖ ലയിൽ മൂലധന നിക്ഷേപവും പ്രവർത്തന ഫണ്ടും ഇടതടവില്ലാതെ എത്തിക്കുന്നതിന് കേരളത്തിലെ ബാങ്കുകൾ ബാധ്യസ്ഥമാണ്. വിവര സാങ്കേതികവിദ്യ (IT) മേഖലയുടെ വികസന മുരടിപ്പ് കോവിഡ് കാലം ക്ഷണിച്ചുവരുത്തിയതാണ്. ഈ രംഗത്തെ ഉണർത്തു ന്നതിനും സോഫ്റ്റ്വെയർ കയറ്റുമതി വർദ്ധിപ്പിക്കുന്ന തിനും ബാങ്കുകൾ പ്രത്യേക പരിഗണന നൽകേണ്ടി യിരിക്കുന്നു. ടൂറിസം, ഐ.ടി.മേഖലകളിൽ ബാങ്കുകൾ പ്രത്യേക താല്പര്യം കാട്ടി സീഡ് ഫണ്ടിങ്ങ് ഉൾപ്പെടെ ശ്രദ്ധിച്ചുകൊണ്ട് സാമ്പത്തിക സഹായം മെച്ചപ്പെടു ത്തിയാൽ ഈ രംഗങ്ങളിൽ ഒരു പുതുവ സന്തം സൃഷ്ടിക്കാൻ കഴിയുന്നതാണ്.

പ്രവാസി നിക്ഷേപം കേരളത്തിന്റെ സമ്പദ് ഘടന യിൽ സവിശേഷമായി തുടരുന്നുണ്ടെങ്കിലും അവ സമാഹരിക്കുന്നതിനായി ആകർഷകമായ സ്കീമുകൾ ഒരുക്കുന്നതിൽ ബാങ്കുകൾ ജാഗ്രത കാട്ടുന്നില്ല. ഫെമയുടെ കീറാമുട്ടി നിലനിൽക്കുന്നത് മൂലം ഇതര ധനകാര്യസ്ഥാപനങ്ങൾക്ക് ഇത്തരം നിക്ഷേപ സമാ ഹരണം അന്യമായി തന്നെ തുടരുന്നു. എന്നിരുന്നാ ലും കേരളാ ബാങ്ക്, കെ.എസ്എഫ്.ഇ, കെ.എഫ്. സി. എന്നിവയൊക്കെ സംസ്ഥാന സർക്കാരിന്റെ പ്രവാസി പുനരധിവാസ പദ്ധതി കൾക്ക് കൈയയച്ചു ധനസഹായം നൽകി വരുന്നു. ബാങ്കുകളും ഇൻഷു റൻസ് കമ്പനികളും മികച്ച പ്രവാസി ക്ഷേമപദ്ധതികൾ നടപ്പിൽ വരുത്തേണ്ടതും അത്യന്താപേക്ഷിതമാണ്. അതുപോലെ പ്രവാസി നിക്ഷേപം ഗണ്യമായ തോതിൽ വർധിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ വിക സനതന്ത്ര ങ്ങൾ പ്രവർത്തിപഥത്തിലെത്തുന്നതിന് ഉപകരിക്കും. സേവന മേഖലയിൽ ബാങ്കുകൾ പദ്ധതി സഹായങ്ങൾ മെച്ചപ്പെടുത്തുകയും ഫണ്ടി ന്റെ വിന്യാസം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതായി വരുന്നു. പൊതുമേഖലയിലെ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ അവരുടെ ദൗത്യം ഏറെക്കുറെ നിർവ ഹിക്കുന്നുണ്ടെന്ന കാര്യം നിസ്തർക്കമാണ്.

---

Managing Director, K.S.F.E thrissur.

46

# സംസ്ഥാന വികസനത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനുള്ള പങ്ക്

ശ്രീ. പ്രേംനാഥ് രവീന്ദ്രനാഥ്[1]

ആരോഗ്യപരിരക്ഷയിലും ഉന്നതവിദ്യാഭ്യാസ രംഗത്തും സംസ്ഥാനം ശ്രദ്ധേയമായ മുന്നേറ്റം നടത്തിയിട്ടുണ്ടെങ്കിലും, ഈ നേട്ടങ്ങളെ സാമ്പത്തിക ശാക്തീകരണത്തിലേക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കും സംസ്ഥാനം നിരവധി വെല്ലുവിളികൾ നേരിടുന്നു. ഉന്നത വിദ്യാഭ്യാസത്തിന് ശേഷം കേരളത്തിൽ നിന്നും യുവതലമുറ മെച്ചപ്പെട്ട അവസരങ്ങൾ തേടി സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്ന ഒരു സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. അവരെ ഇവിടെ നിലനിർത്തണമെങ്കിൽ അവർക്കാവശ്യമായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്; അല്ലാത്തപക്ഷം അത് കേരളത്തിന്റെ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയെ സാരമായി ബാധിക്കും.

ഈ വെല്ലുവിളികളെ നേരിടാൻ കേരളത്തിലെ കാർഷിക-വ്യാവസായിക-സേവന മേഖലകളിലെ സങ്കീർണതകളിലേക്ക് ആഴ്ന്നിറങ്ങി ഈ മേഖലകളുടെ സാധ്യതകൾ തിരിച്ചറിഞ്ഞുകൊണ്ട് അതിനെ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക എന്നത് വളരെ നിർണായകമാണ്. വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിലൂടെയും നൂതനമായ സമീപനങ്ങൾ സ്വീകരിക്കുന്നതിലൂടെയും കേരളത്തിന്റെ സാമ്പത്തിക നേട്ടങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും, കേരളത്തിലെ ജനങ്ങൾക്ക് അഭിവൃദ്ധി പ്രദാനം ചെയ്യുന്ന ഒരു ഭാവി സൃഷ്ടിക്കാനും കഴിയും.

കേരളത്തിന്റെ വികസനത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെഎഫ്സി) നിർണായക പങ്ക് വഹിക്കുന്നു. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിൽ കെ.എഫ്.സി പോലെയുള്ള ഒരു സാമ്പത്തിക സ്ഥാപനം എങ്ങനെ പ്രവർത്തിക്കണം, ഏതു രീതിയിൽ മുന്നോട്ട് പോകണം, ആരായിരിക്കണം ലക്ഷ്യമിടേണ്ട ഉപഭോക്താക്കൾ തുടങ്ങിയവ തീരുമാനിക്കാനായി കേരളത്തിന്റെ കാർഷിക-വ്യവസായിക-സേവന മേഖലകൾ, കേരളത്തിന്റെ സമ്പദ്ഘടന, സർക്കാറിന്റെ വ്യവസായനയം, എന്നിവയെക്കുറിച്ചെല്ലാം അറിയേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ വിവിധ മേഖലകളിലെ ഇന്നത്തെ സ്ഥിതിവിശേഷം ഒന്ന് പരിശോധിക്കാം.

## കാർഷിക മേഖല

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ കേരളത്തിന്റെ കാർഷിക മേഖല നെഗറ്റിവ് വളർച്ചയാണ് രേഖപ്പെടുത്തിയത്. കുറഞ്ഞ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, കാർഷികോത്പാദനം പൂർണമായി പ്രയോജനപ്പെടുത്താനുള്ള സ്ഥലപരിമിതി തുടങ്ങിയ വെല്ലുവിളികൾ കേരളം അഭിമുഖീകരിക്കുന്നു. ഇതുമൂലം സംസ്ഥാനത്തിന് ഒരു കാർഷിക സമ്പദ് വ്യവസ്ഥയായി മാറാൻ കഴിഞ്ഞിട്ടില്ല. ഈ തടസ്സങ്ങൾ മറികടക്കാൻ, കാർഷിക ഉൽപന്നങ്ങളെ വ്യവസായങ്ങളുമായി ബന്ധിപ്പിച്ച് മൂല്യവർദ്ധിത ചരക്കുകളാക്കി മാറ്റുന്നതിനുള്ള അടിയന്തര നടപടികൾ ആവശ്യമാണ്. ഇത് കർഷകർക്ക് ന്യായവില ഉറപ്പാക്കുക മാത്രമല്ല സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുകയും ചെയ്യും.

## മൽസ്യബന്ധന മേഖല

കേരളത്തിന്റെ സമ്പദ് വ്യവസ്ഥക്ക് വളരെ വലിയ രീതിയിൽ സംഭാവന ചെയ്യാൻ കഴിയുന്ന ഒരു മേഖലയാണ് മൽസ്യബന്ധനം. ഉൾനാടൻ മൽസ്യബന്ധന മേഖലയിൽ ഉത്പാദനം ഉയർത്തുക, പരമ്പരാഗത മത്സ്യ തൊഴിലാളികളെ ഘട്ടം ഘട്ടമായി യന്ത്രവൽകൃതമായ ആഴക്കടൽ മത്സ്യബന്ധന രീതിയിലേക്ക് പരിപവർത്തനം ചെയ്യുക എന്നതാണ് ഈ മേഖലയിൽ കാതലായ ഒരു മാറ്റം കൊണ്ടുവരാൻ ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ. തീരദേശ മൽസ്യബന്ധനത്തിന് ശോഷണം സംഭവിച്ച് വരുന്ന സാഹചര്യത്തിൽ ആഴക്കടൽ മൽസ്യബന്ധനത്തിന്റെ അനന്തമായ സാധ്യതകളെ മുതലെടുക്കാനുള്ള ഒരു സംവിധാനം മൽസ്യബന്ധന മേഖലയിൽ ആവശ്യമാണ്.

## സേവന മേഖല

കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ ശ്രദ്ധേയമായ സംഭാവന നൽകിയ മറ്റൊന്നാണ് സേവന മേഖല. മൂല്യവർധനവിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും ടൂറിസം, ഐടി തുടങ്ങിയ മേഖലകൾ നിർണായക പങ്കുവഹിച്ചു.

## വിനോദസഞ്ചാര മേഖല

ഒരു ബ്രാൻഡ് എന്ന നിലയിൽ കേരള ടൂറിസം ഇന്ന് അന്താരാഷ്ട്ര ഖ്യാതി ആർജിച്ച് കഴിഞ്ഞിട്ടുണ്ട്. വൈവിധ്യമാർന്ന ഭക്ഷ്യ വിഭവങ്ങൾ, സംസ്കാരം, ചരിത്രം, കലകൾ തുടങ്ങിയ ഘടകങ്ങൾ കൂട്ടിക്കോർത്തുകൊണ്ട് മാർക്കറ്റ് ചെയ്യാൻ കഴിഞ്ഞു എന്നതാണ്

കേരള ടൂറിസത്തിന്റെ വിജയ രഹസ്യം. വിനോദസഞ്ചാര മേഖല ഇന്ന് കേരളത്തിലെ തൊഴിൽ സ്രോതസ്സെന്ന നിലയിൽ വലിയ സാധ്യത നൽകുന്നു.

### ഐ ടി മേഖല

ഇന്ത്യയിൽ ആദ്യത്തെ ഐ ടി പാർക്ക് കേരളത്തിൽ തുടക്കം കുറിച്ചപ്പോൾ കേരളത്തിന്റെ ഭാവി വ്യവസായം ഐ ടി മേഖലയാണ് എന്ന് വിലയിരുത്തപ്പെട്ടു. എന്നാൽ, ഈ രംഗത്ത് മറ്റു സംസ്ഥാനങ്ങൾ കേരളത്തെ പിന്തള്ളി മുന്നേറുന്നതാണ് പിന്നീട് കണ്ടത്. നമ്മുടെ അയൽ സംസ്ഥാനമായ കർണാടക ഇന്നൊവേഷൻ സൂചിക നേട്ടങ്ങളുടെ കാര്യത്തിൽ മുന്നിലെത്തിയപ്പോൾ കേരളം എട്ടാം സ്ഥാനത്താണ്. വലിയൊരു മാറ്റം ഉന്നത വിദ്യാഭ്യാസരംഗത്ത് ഉണ്ടായെങ്കിലും യുവജനങ്ങളെ നൈപുണ്യമുള്ളവരാക്കി മാറ്റി കേരളത്തിൽ നിലനിർത്താൻ സാധിക്കാത്തതാണ് ഇതിന് കാരണം. നൈപുണ്യ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർ ജോലി തേടി മറ്റു സംസ്ഥാനങ്ങളിലേക്കും ദേശങ്ങളിലേക്കും ചേക്കേറുകയും മറ്റുപലരും ഉന്നത ബിരുദ പഠനത്തിലേക്കും വഴിമാറുകയും ചെയ്യുന്ന കാഴ്ചയാണ് സാധാരണയായി കണ്ട് വരുന്നത്. അതുകൊണ്ട് തന്നെ ടൂറിസം മേഖലയോട് താരതമ്യം ചെയ്താൽ അവിടെ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ പ്രതീക്ഷിച്ചതുപോല ഐ.ടി മേഖലയിൽ വന്നിട്ടില്ല. എന്തു കൊണ്ട് ഇങ്ങനെ സംഭവിച്ചു എന്നതും, എങ്ങനെ കൂടുതൽ തൊഴിലവസരങ്ങൾ ഐ.ടി മേഖലയിൽ ഉണ്ടാക്കാൻ സാധിക്കും എന്നതും ഉത്തരം കണ്ടത്തേണ്ട വിഷയങ്ങളാണ്.

### വ്യാവസായിക മേഖല

സമാനതകൾ ഇല്ലാത്ത വ്യവസായ വികസനത്തിനാണ് കേരളം ഇന്ന് സാക്ഷ്യം വഹിക്കുന്നത്. സാമ്പത്തിക വർഷം 2022-23 കേരള സർക്കാർ സംരംഭക വർഷമായി പ്രഖ്യാപിക്കുകയും ഇതിലൂടെ ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങാനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. സംരംഭകത്വ പ്രോത്സാഹനം, അടിസ്ഥാന സൗകര്യമൊരുക്കൽ, ഹൈടെക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം, നൈപുണ്യ വികസനം, വ്യവസായ സൗഹൃദ അന്തരീക്ഷം, ഉൽപ്പന്നങ്ങൾക്ക് കേരള ബ്രാൻഡ് ലേബലിൽ വിപണന സൗകര്യമൊരുക്കൽ, മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായ വൽക്കരണം എന്നിവ ലക്ഷ്യമിട്ട് 'പുതിയ വ്യവസായ നയം 2023' സർക്കാർ രൂപീകരിക്കുകയും ചെയ്തു. വ്യാവസായിക മേഖലയിൽ ഉണ്ടാകുന്ന മൂലധന നിക്ഷേപം ഉയർത്തുകയും, അതിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും സംസ്ഥാനത്തെ പൊതുജീവിത നിലവാരം മെച്ചപ്പെടുത്തി കേരളത്തെ ഒരു സംരംഭക സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്നതാണ് 'പുതിയ വ്യവസായനയം 2023' ലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്.

### വ്യവസായ രംഗം ഇന്ന് നേരിടുന്ന വെല്ലുവിളികൾ

കേരളത്തിലെ ഉയർന്ന സ്ഥലവിലയും, ഉയർന്ന വേതന നിരക്കുകൾ എന്നിവ കാരണം പല വ്യവസായങ്ങളും ഇവിടെ ആരംഭിക്കുന്നതിന് പകരം അയൽ സംസ്ഥാനങ്ങളിലേക്ക് ചെക്കേറിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ പരിസ്ഥിതി ലോല സ്വഭാവം കാരണംപലവ്യവസായങ്ങളുംസ്ഥാപിക്കുന്നതിനുള്ള ചെലവ് വളരെയേറെ കൂടുതലാണ്. തദ്ദേക സ്വയംഭരണ സ്ഥാപനങ്ങൾ, സാമ്പത്തിക സ്ഥാപനങ്ങൾ, ബാങ്കുകൾ തുടങ്ങിയവ സ്വീകരിക്കുന്ന സംരംഭകത്വ വികസന നിലപാടുകൾ എപ്പോഴും സർക്കാർ നിലപാടിനോട് ചേർന്നു നിർക്കുന്നത്തന്നെയാകണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, സാമ്പത്തിക സ്ഥാപനങ്ങളും, ബാങ്കുകളും സംരംഭകരെ പരിപോഷിപ്പിക്കുന്നതിലേക്ക് കൂടുതൽ മാറേണ്ടിയിരിക്കുന്നു. വ്യവസായങ്ങൾ എന്റെ വീടിന്റെ സമീപം വേണ്ട എന്ന സമീപനവും എല്ലാ കാര്യങ്ങളിലുമുള്ള അമിത ജാഗ്രതയും വികസനത്തെ പിന്നോട്ടടിക്കുന്നുണ്ട്.

### വ്യവസായ രംഗത്ത് വന്ന മാറ്റങ്ങൾ

ഓ?ലൈൻ പ്രോസസുകൾ വന്നതോടെ തീരുമാനമെടുക്കൽ പ്രക്രിയ വേഗത്തിലും സുതാര്യമുള്ളതുമായി. ഓഫീസുകൾതോറും കയറിയിറങ്ങാതെ കെ-സ്വിഫ്റ്റിലൂടെ സംരംഭം തുടങ്ങാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള സാഹചര്യം ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. സംരംഭക വർഷം, ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യത്താൽ മുന്നോട്ട് പോകുന്ന സർക്കാർ നടപ്പാക്കിയ പലനൂതന കാര്യങ്ങളും വലിയ വിജയത്തിലെത്തിയിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ ഒന്നര ലക്ഷം സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞു എന്നത് സർക്കാറിന് അഭിമാനകരമായ നേട്ടമാണ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ മുൻപെങ്ങുമില്ലാത്ത വിധം മികച്ച പ്രകടനം കാഴ്ചവെച്ചു കൊണ്ടിരിക്കുകയാണ്. സ്വകാര്യവ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ നല്ല പ്രതികരണങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കിട്ടുന്നുവെന്നതും മികച്ച ഒരു സ്റ്റാർട്ടപ്പ് സമൂഹത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞു എന്നതും മറ്റൊരു പ്രധാനമാറ്റമാണ്.

പൊതു മേഖലാ സ്ഥാപനങ്ങൾക്കു നൽകുന്ന ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിനായി MSME ബില്ല് ഡിസ്കൗണ്ടിങ് പ്ലാറ്റഫോം വഴിയുള്ള ധനസഹായം, GST റിട്ടേ? അധിഷ്ഠിത ഫണ്ടിംഗ്, ക്യാഷ്ഫ്ളോ അധിഷ്ഠിതമാക്കിയുള്ള ധനസഹായം എന്നിവ കൂടാതെ ഐപിഒ വഴിയുള്ള ധനസമാഹരണം തുടർന്ന് സ്റ്റോക്ക് എക്സ്ചേഞ്ചിലെ എസ്എംഇ പ്ലാറ്റ്ഫോമിൽ ലിസ്റ്റ് ചെയ്യാനുമുള്ള അവസരം തുടങ്ങി നിരവധി സാമ്പത്തിക ഓപ്ഷനുകൾ ഇന്ന് പ്രചാരത്തിൽ വന്ന് തുടങ്ങിയിട്ടുണ്ട്. ഇവ കാര്യക്ഷമമായി നടപ്പിലാ

ക്കാൻ കഴിഞ്ഞാൽ MSME കൾക്കുള്ള വായ്പ വിതരണത്തിൽ കാതലായ മാറ്റങ്ങൾ കൈവരിക്കും.

### കെ.എഫ്.സി യുടെ പങ്കും സാമ്പത്തിക ഉത്തേജനത്തിനായി കെ.എഫ്.സി വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും

സംസ്ഥാന സർക്കാരിന്റെ നയങ്ങൾ ഉൾക്കൊണ്ട് കെ.എഫ്.സിയുടെ പ്രവർത്തനങ്ങളിൽ തനതായ മാറ്റങ്ങൾ വരുത്തി ചെറുകിട - ഇടത്തരം സംരംഭക മേഖലയുടെ വളർച്ചക്ക് ആക്കം കൂട്ടുകയും അതിലൂടെ സംസ്ഥാനത്തിന് സംരംഭക സൗഹൃദ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് കോർപ്പറേഷന്റെ ലക്ഷ്യം. ചെറുകിട - ഇടത്തരം സംരംഭക മേഖലയിൽ കെ.എഫ്.സിക്ക് ശക്തമായ സ്വാധീനം സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നത് വളരെ ശ്രദ്ധേയമായ കാര്യമാണ്. പുതിയ വ്യവസായ യൂണിറ്റുകൾക്ക് പിന്തുണ നൽകുന്നതിലൂടെയും നിലവിലുള്ളവയിൽ, സാങ്കേതിക പുരോഗതി സുഗമമാക്കുന്നതിലൂടെയും കെ.എഫ്.സിക്ക് വ്യവസായ വികസനം പ്രോത്സാഹിപ്പിക്കാനും, നിക്ഷേപങ്ങൾ ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനം, ടൂറിസം, ഐ.ടി മറ്റ് ചെറുകിട - ഇടത്തരം സംരംഭങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിലൂടെ, സംസ്ഥാനത്ത് മെച്ചപ്പെട്ട കണക്റ്റിവിറ്റി, വ്യവസായ സൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട നിക്ഷേപ ആകർഷണം എന്നിവ കൈവരിക്കാൻ കെ.എഫ്.സിക്ക് കഴിയും. ഈ പദ്ധതികൾ സംരംഭകരുടെ ജീവിതനിലവാരം ഉയർത്തുക മാത്രമല്ല, വ്യവസായങ്ങളുടെ അഭിവൃദ്ധി പ്രാപിക്കാൻ അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയും, മെച്ചപ്പെട്ട ഉൽപ്പാദനം, നവീകരണം, തൊഴിൽ അവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് മുന്നിൽ കണ്ട് കൊണ്ട് കെ.എഫ്.സി.യെ സർക്കാരിന്റെ ഏജന്റായി നിയമിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കുകയും കെ.എഫ്.സി. ചെറുകിട - ഇടത്തരം സംരംഭങ്ങൾക്ക് നൽകുന്ന വായ്പ പരിധി നിലവിലെ 20 കോടിയിൽ നിന്നും 50 കോടി രൂപയായി ഉയർത്തുകയും ചെയ്തു. കൂടാതെ ഗ്യാരണ്ടി, ബിൽ ഡിസ്കൗണ്ടിങ്ങ് എന്നീ സൗകര്യങ്ങളുടെ പരിധിയും 50 കോടിയായി ഉയർത്തി.

### കാർഷിക അധിഷ്ഠിത ചെറുകിട-ഇടത്തരം വായ്പ (KAMS)

കാർഷിക മേഖലയിലെ ചെറുകിട-ഇടത്തരം സംരംഭങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ (KAMS) എന്ന പേരിൽ ഒരു പ്രത്യേക വായ്പാ പദ്ധതി ആരംഭിച്ചു. പദ്ധതി തുകയുടെ 90% വരെ വായ്പാ തുക 5% പലിശ നിരക്കിലാണ് നൽകുന്നത്. 10 കോടി രൂപ വരെയാണ് പരമാവധി വായ്പ. കാർഷികാധിഷ്ഠിത ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ, ക്ഷീര മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ, കാർഷികാധിഷ്ഠിത സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണ യൂണിറ്റുകൾ, വെയർഹൗസുകൾ, ഗോ-ഡൗണുകൾ, കോൾഡ് സ്റ്റോറേജുകൾ തുടങ്ങിയവക്കാണ് ഈ പദ്ധതിയിലൂടെ വായ്പ നൽകുന്നത്.

### ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ വാങ്ങാനുള്ള വായ്പാ പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനയാനം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി പ്രധാനമന്ത്രി മത്സ്യസംപദാ യോജന പദ്ധതിയിൽ (PMMSY) ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണ് കേന്ദ്രസർക്കാരും കേരള സർക്കാർ ഫിഷറീസ് വകുപ്പും ചേർന്ന് ഈ വായ്പാ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. അതിൽ 30% കേന്ദ്രസർക്കാറും, സംസ്ഥാന സർക്കാറും, ഗുണഭോക്താവും വഹിക്കുമ്പോൾ ബാക്കി 70% തുക മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി (CMEDP) യിലൂടെ 5% പലിശ നിരക്കിൽ വായ്പയായി കെ.എഫ്.സി നൽകുന്നു.

### മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി

സംരംഭകരെ കൂടാതെ ഓരോ സ്ഥാപനത്തിൽ നിന്നും ശരാശരി 5 പേർക്ക് പ്രത്യക്ഷമായും 10 പേർക്ക് പരോക്ഷമായും തൊഴിൽ നൽകത്തക്കരീതിയിൽ ഒരു വർഷം 500 ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി. 5% പലിശ നിരക്കിൽ 200 ലക്ഷം രൂപവരെ ഓരോ സംരംഭത്തിനും വായ്പ ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് അടുത്ത അഞ്ചുവർഷം കൊണ്ട് 2500 പുതിയ വ്യവസായ യൂണിറ്റുകൾക്ക് വായ്പ അനുവദിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 50 വയസ്സിൽ താഴെയുള്ള സംരംഭകർക്കാണ് ആനുകൂല്യം ലഭ്യമാവുക. ഇതുവരെ 2404 വ്യവസായ സംരംഭങ്ങൾക്ക് 472.43 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ ഏകദേശം ഇരുപത്തി രണ്ടായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

### സ്റ്റാർട്ടപ്പ് ലോണുകൾ

ആശയരൂപീകരണം, ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഉൽപ്പന്ന പരീക്ഷണം, വാണിജ്യവൽക്കരണം, വിപുലീകരണം തുടങ്ങി എല്ലാ വളർച്ചാഘട്ടങ്ങളിലും സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകത്തക്ക രീതിയിൽ 'സ്റ്റാർട്ടപ്പ് - കേരള' പദ്ധതി നടപ്പിലാക്കി. സ്റ്റാർട്ടപ്പ് ഗാരന്റി ഫണ്ടിൽ ഉൾപ്പെടുത്തി കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ, വെഞ്ചർ ഡെബ്റ്റ്, പർച്ചേഴ്സ് ഓർഡറുകൾക്കുള്ള വായ്പ ഉൾപ്പെടെ ലളിതമായ വ്യവസ്ഥ

യിൽ 10 കോടി രൂപ വരെ ഈ വായ്പ പദ്ധതിയിലൂടെ നൽകുന്നുണ്ട്. ഇതുവരെ 52 സ്റ്റാർട്ടപ്പുകൾക്ക് ഇതിലൂടെ വായ്പയായി 63 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഏകദേശം 420 ഓളം തൊഴിൽ അവസരങ്ങൾ സംസ്ഥാനത്ത് ഇതിലൂടെ സൃഷ്ടിക്കപ്പെട്ടു.

### വ്യവസായപാർക്കിലെ സംരംഭങ്ങൾക്കുള്ള പ്രത്യേക വായ്പ പദ്ധതി

വ്യവസായ പാർക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ള യൂണിറ്റുകളുടെ നവീകരണം, വിപുലീകരണം, വൈവിധ്യവൽക്കരണം തുടങ്ങി എല്ലാ ഘട്ടങ്ങളിലും യൂണിറ്റുകളെ സഹായിക്കുന്നതിനായി കെ.എഫ്.സി. പ്രത്യേക പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിലേക്കുള്ള യാത്ര

സാമൂഹ്യക്ഷേമ രംഗത്ത് ഇന്ത്യയിൽ ഏറ്റവും വലിയ നേട്ടം കൈവരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ഏതാണ്ട് 62 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. എന്നാൽ ക്ഷേമ പെൻഷനുകൾ 100 രൂപയുടെ വർദ്ധനവ് വരുത്തുമ്പോൾ അതിന് വേണ്ടി സർക്കാർ ഖജനാവിൽ വരുന്ന അധിക ചെലവ് ഏതാണ്ട് 1000 കോടി രൂപയാണ്. എന്നാൽ ഈ 1000 കോടി രൂപ പലതരത്തിലുള്ള സബ്സിഡിയായി കാർഷിക വ്യവസായ-സേവന-മേഖലക്ക് ഉത്തേജനമായി നൽകുവാൻ കഴിഞ്ഞാൽ കൂടുതലായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും, തൻമൂലം ഉണ്ടാകുന്ന ജനങ്ങളുടെ വരുമാന വർദ്ധനവും, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വലിയൊരു അധിക ഫലം (multiplier e ect) സൃഷ്ടിക്കും. അതിനാൽ ഇത്തരം നയപരമായ കാര്യങ്ങളിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു വീക്ഷണം ആവശ്യമാണ്.

2016 ൽ നോട്ട് നിരോധനം, 2017-ൽ ജി എസ് ടി, ഓഖി, 2018-ൽ മഹാപ്രളയം, നിപ്പ വൈറസിന്റെ ആക്രമണം, 2020-ൽ തുടങ്ങി 2022 വരെ തുടർന്ന കോവിഡ് മഹാമാരി, 2022 ലെ റഷ്യ-യുക്രൈൻ യുദ്ധം തുടങ്ങിയ പ്രതികൂല ഘടകങ്ങൾ കേരളത്തെ ഒരുപാട് പിറകോട്ട് കൊണ്ടു പോയിട്ടുണ്ട്. ഇത് കേരളത്തിന്റെ റവന്യൂ ചെലവിൽ വൻ വർദ്ധനയും റവന്യൂ വരുമാനത്തിൽ ഇടിവും ഉണ്ടാക്കി. ആഗോളതലത്തിൽ പണപ്പെരുപ്പം ഉയർന്നതും തൻമൂലം പലിശ ഭാരം കൂടിയതും റവന്യൂ ചെലവിൽ വർദ്ധനവുണ്ടാകുന്നതിന് കാരണമായി. ഇതിനുപുറമേ ധനകാര്യ ഫെഡറലിസത്തിൽ വന്ന അസന്തുലിതാവസ്ഥയും, ധനകാര്യ കമ്മീഷനുകളുടെ ശുപാർശകളും, ജി.എസ്.ടി നഷ്ടപരിഹാരം ലഭിക്കുവാനുള്ള കാലതാമസവും കേരളത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിച്ചതായി നമ്മുക്ക് കാണാൻ സാധിക്കും. എന്നാൽ ഇത്തരം പ്രതിസന്ധികളെ ദീർഘവീക്ഷണത്തോടെ തരണം ചെയ്ത് മുന്നോട്ട് പോയ ചരിത്രമാണ് നമ്മുടെ സംസ്ഥാനത്തിന്റേത്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, തൊഴിലടിസ്ഥിത വളർച്ചയ്ക്കായി കൂടുതൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾ/സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നതിലൂടെ ഈ പ്രതിസന്ധികളെ തരണം ചെയ്യാൻ സാധിക്കുന്നതാണ്. ഇതിനായി കെ.എഫ്.സി, കിഫ്ബി തുടങ്ങിയ സ്ഥാപനങ്ങളിലൂടെ കേരളത്തിന്റെ വികസന താൽപര്യങ്ങൾ മുൻനിറുത്തി ശക്തമായ ഇടപെടൽ നടത്താൻ സംസ്ഥാന സർക്കാറിന് സാധിച്ചിട്ടുണ്ട്.

വിവര സാങ്കേതിക വിദ്യ വ്യാപകമാകാതിരുന്ന കാലത്ത് വിവരവും വിജ്ഞാനവും തമ്മിൽ യാതൊരു വ്യത്യാസവും നാം കണ്ടിരുന്നില്ല. എന്നാൽ സാങ്കേതിക വിദ്യയിലൂടെ വിവരങ്ങൾ എല്ലാവർക്കും ലഭിച്ചു തുടങ്ങിയപ്പോൾ വിവരം എന്നത് വിജ്ഞാന നിർമിതിക്കുള്ള അടിസ്ഥാനമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. സാങ്കേതിക വിദ്യ വികസിച്ച് സമൂഹത്തിലെത്തിച്ചേരണമെന്നുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ മുൻഗണനകളിൽ ഒന്നായി മാറിയത് ഈ തിരിച്ചറിവാണ്. അതു കൊണ്ട് തന്നെ ഒരുപടി കൂടി മുൻപിൽ കടന്ന് ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിലേക്ക് മാറുമ്പോൾ അത് വിവര സാങ്കേതിക വിദ്യയിൽ ഊന്നിയ ഒരു സമ്പദ്ഘടനയുടെ വളർച്ചയായിരിക്കണം. ക്രെഡിറ്റ് ബ്യൂറോകളിൽ നിന്നുള്ള ഡാറ്റ, ജിഎസ്ടി റിട്ടേ?സ് വിശകലനം, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് വിശകലനം, CIBIL/CRILC തുടങ്ങിയവ വായ്പക്കാരെക്കുറിച്ച് നൽകുന്ന വിവരങ്ങൾ മുതലായ ആധികാരിക സ്രോതസ്സുകളിൽ നിന്നുള്ള ഡാറ്റ ക്രോഡീകരിച്ച് നിർമിതബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള സാങ്കേതിക പ്രവചന ടൂളുകൾ ഉപയോഗിച്ച് വായ്പയെടുക്കുന്ന യൂണിറ്റിനെ കൃത്യമായി വിലയിരുത്താനും, അവരുടെ പ്രകടനം നിരീക്ഷിക്കാനും കാര്യക്ഷമവും, സുസ്ഥിരവുമായ ഇടപെടൽ നടത്തുവാനും ഭാവിയിൽ ബാങ്കുകൾക്കും, സാമ്പത്തിക സ്ഥാപനങ്ങൾക്കും വളരെ എളുപ്പത്തിൽ സാധിക്കും. ഇങ്ങനെ ഉപഭോക്താവിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി സാങ്കേതിക വിദ്യയുടെ സഹായത്താൽ ഉപഭോക്താവുമായി സംയോജിപ്പിച്ച് തൽസമയം അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി ധനസഹായം നൽകുവാനും ഭാവിയിൽ സാധിക്കും. നിർമിത ബുദ്ധിയിലും മറ്റു സാങ്കേതിക വിദ്യകളിലും ഉണ്ടാകുന്ന മാറ്റത്തിന്റെ വേഗം കാരണം 'ഭാവി' എന്ന വാക്കിന്റെ അർത്ഥം നാം ചിന്തിക്കുന്ന അത്രയും വിദൂരം അല്ല എന്ന് കൂടി നാം ഉൾകൊള്ളേണ്ടതുണ്ട്. അത് കൊണ്ട് തന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ്, സമകാലിക വിജ്ഞാനാധിഷ്ഠിത സാങ്കേതികവിദ്യകൾ എന്നിവയ്ക്ക് കാര്യമായ പ്രാ

ധാന്യം നൽകേതുണ്ട്. ഇതിനായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും, വ്യവസായങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ബാങ്കുകളും, സാമ്പത്തിക സ്ഥാപനങ്ങളും സർക്കാരിനൊപ്പം ചേർന്ന് കൈകോർത്ത് പ്രവർത്തിക്കണം. ഇത്തരത്തിലുള്ള ഒരു പ്രവർത്തനത്തിന് ചുക്കാൻ പിടിക്കാൻ കെ.എഫ്.സി പോലുള്ള പൊതു മേഖലാ സ്ഥാപനത്തിനു കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ വൈജ്ഞാനിക സമ്പദ് വ്യവസ്ഥക്ക് ശക്തമായ അടിത്തറയും, ദിശാബോധവും ലഭിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എഫ്.സി, തിരുവനന്തപുരം

47

# Role of Banks in the Development of Kerala and the crucial part played by Kerala Gramin Bank

Shri. Jaya Prakash C.[1]

Kerala, known for its high literacy rate, robust social indicators, and a skilled workforce, has achieved significant socio-economic progress over the decades. Kerala stands apart in India, on several counts, like, higher developmental index, better standard of living, advanced healthcare and 100% digitalization. Agriculture plays a significant role in Kerala's economy apart from remittance from expats. The service sector is rapidly growing in Kerala, with emphasis on tourism, health care and IT enabled services.

Banks play a pivotal role in the development of Kerala. The key contribution of Banks to the development of the State of Kerala are:

- **Financial Intermediation:** Banks facilitate the flow of funds from surplus areas to deficit areas, mobilizing savings and channelizing them into productive sectors.
- **Agricultural and rural development:** Banks provide financial support to farmers for purchasing agricultural inputs, adopting modern farming techniques, post-harvest activities, etc.
- **Infrastructure development:** Banks support infrastructure development by providing long-term financing for projects in sectors like agriculture, transportation, housing, and renewable energy.
- **Entrepreneurship development:** Banks in Kerala facilitate entrepreneurship by providing timely and adequate credit facilities to entrepreneurs.
- **Housing and real estate development:** Banks play a crucial role in the housing sector by offering home loans to the individuals and developers.
- **Skill development:** Banks facilitate skill developments through a chain of Rural Self Employment Training Institutes.
- **Supporting Higher Education:** Banks support the young generation by providing them adequate and timely financial support for pursuing higher education.
- **Financial inclusion:** Banks are instrumental in promoting financial inclusion by extending banking services to hitherto unbanked or under-banked sections of society.
- **Fostering digital transactions:** Banks play a significant role in enabling cashless transactions and digital banking. Kerala declared 100% digitalization of banking transactions in August 2022.

Overall, banks act as real catalysts in spiralling the economic growth of Kerala by providing adequate and timely financial support, nurturing entrepreneurship, promoting infrastructure development, fostering skill development and higher education, ensuring the reach of financial

services for all sections of society and facilitating the permeation of digital economy.

### Kerala Gramin Bank: A Catalyst for Development in the State of Kerala

Regional Rural Banks (RRBs) were set up as regional based and rural oriented institutions with capital contributed by Government of India (50%), State Government (15%) and Sponsor Bank (35%) under the Regional Rural Banks Act, 1976. The basic objective of RRBs was to function as professionally managed alternative channel for credit dispensation to the rural populace, particularly to small and marginal farmers, agricultural labourers, socio-economically weaker section of population, etc., mainly for development of agriculture, trade, commerce, small scale industry and other productive activities. RRBs are expected to mobilise resources and deploy the same locally, thus playing a significant role in developing agriculture and rural economy.

Kerala Gramin Bank is a Regional Rural Bank (RRB) formed through the amalgamation of two erstwhile RRBs in the State of Kerala, viz., South Malabar Gramin Bank and North Malabar Gramin Bank, both established in the year 1976. It is one of the flagship RRBs in the country having nearly 47 years of legacy in rural banking.

KGB is sponsored by a Public Sector giant in the country, Canara Bank. KGB played a pivotal role in the economic growth of Kerala State in general and in the upliftment of the needy and marginalized segments in particular. KGB is in the forefront of rendering dedicated and diversified financial support and solutions to the society, contributing towards the cardinal cause of dilating the financial arteries in the sphere of agriculture, rural credit, education, housing and community development, throughout the length and breadth of Kerala, with its massive presence through 634 branches and 10 regional offices.

The important banking statistics of Kerala State is given as annexure in Table 1

### The cardinal role play of Kerala Gramin Bank in the economic development of Kerala:

The massive clientele base of KGB (more than 9 Million) is a testimony to the Bank's concerted efforts to reach the entire populace of the State. KGB is a force to reckon with in the Banking arena of Kerala, since the bank commands more than 10% of the entire semi-urban branches in the State with 12.25% of the agriculture loans, 14% of the Weaker Section advances and more than 20% of the SC/ST loans of the State in its fold. Another contribution of KGB to the farming community is that, of the total loans extended to Small and Marginal farmers in the State, KGB accounts a massive 14.21% share.

Apart from supporting the farming community in the State, KGB has been actively involved in extending microcredit and empowering women through self-help group financing and fostering entrepreneurship and rural development through MSME Credit. Further, KGB is in the forefront of conducting awareness programs and financial literacy campaigns to educate individuals about financial planning, savings, and proper utilization of credit. Apart from this, KGB is actively promoting all the social security schemes of the Government, thereby ensuring that the much needed financial cover is being extended to the entire populace of this State. The detailed statistics is given as annexure in Table 2.

KGB has embraced technology-driven banking solutions at the very beginning of the IT revolution in Banks, which has immensely helped the bank to improve the operational efficiency, expand the reach of banking services, ensure better customer experience and provide digital banking facilities to customers. KGB offers an array of digital products suiting to everyone's needs and enabling the public to access the services of the bank 24/7.

### Future of Rural Banking in Kerala - Challenges and Opportunities:

- **Regional Disparities:** Banks, including KGB, can work towards reducing the regional

disparities by focusing on targeted lending and investment in underdeveloped areas, such as ensuring a healthy CD ratio in all districts, etc.

- **Climate Change Resilience:** Kerala is susceptible to natural disasters and climate change impacts. Banks can play a significant role in promoting climate-smart financing and supporting projects that enhance resilience, such as renewable energy, afforestation, and sustainable agriculture.
- **Skill Development:** Banks can collaborate with educational institutions and vocational training centres to enhance the employability of the state's workforce, especially in sectors aligned with Kerala's strengths, such as healthcare, tourism, and information technology.

### To sum-up

Banks, especially Kerala Gramin Bank, hold tremendous potential to foster inclusive growth, financial empowerment, and sustainable development in Kerala. By focusing on key areas such as agricultural lending, financial literacy, and infrastructure development, and by addressing challenges like regional disparities and climate change resilience, banks can significantly contribute to the overall development of the State. Collaboration between banks, government bodies, and other stakeholders is crucial to harnessing the full potential of banking services for the benefit of the people of Kerala.

## Annexures

**Table 1**

**Banking Statistics of Kerala as on 31-03-2023 and the share of Kerala Gramin Bank**

(Amount Rs in Crores)

| Banks | Branch Network | Deposits | Advances | CD Ratio | Advances to | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | Agriculture | KCCs | Priority Sector | Weaker Section | Small & Marginal Farmers | SC/STs |
| Public Sector Banks | 3933 | 383136 | 294293 | 76.81 | 74822 | 24936 | 146134 | 86328 | 63597 | 1859 |
| Pvt. Sector Banks | 2536 | 322513 | 192074 | 59.56 | 31362 | 10621 | 73799 | 30015 | 14747 | 528 |
| Small Finance Banks | 319 | 13727 | 6789 | 49.46 | 4426 | 4 | 6227 | 4851 | 4418 | 89 |
| **Kerala Gramin Bank** | **634** | **21900** | **21855** | **99.93** | **14943** | **8097** | **20496** | **17104** | **12756** | **531** |
| Co-operative Banks | 998 | 74700 | 54831 | 73.40 | 11420 | 5845 | 32033 | 1227 | 6978 | 174 |
| **Total** | **7786** | **794076** | **547987** | **69.01** | **122030** | **41406** | **258193** | **122421** | **89740** | **2650** |
| **Share of KGB in the entire banks (%)** | **5.66** | **2.76** | **3.99** | **144.81** | **12.25** | **19.56** | **7.94** | **13.97** | **14.21** | **20.04** |
| **Share of KGB among PSBs (%)** | **27.04** | **5.72** | **7.43** | **130.10** | **19.97** | **32.47** | **14.03** | **19.81** | **20.06** | **28.56** |

**Table 2**
**Role played by Kerala Gramin Bank in various Government Sponsored Schemes / Initiatives**

| Parameter | No. of People assisted/covered (Till March 2023) |
|---|---|
| Kisan Credit Card Scheme | 4,79,792 |
| PMJDY Accounts | 13,53,312 |
| MUDRA Loans (PMMY Scheme) | 1,60,115 |
| PM SVAnidhi | 1726 |
| PMEGP | 1637 |
| PMSBY | 9,11,627 |
| PMJJBY | 2,06,426 |
| APY | 1,54,135 |
| Debit Cards Issued | 28,00,000 |

1 Chairman, Kerala Gramin Bank

48

# Kerala's Financial Sector: Need For An Integrated Approach

Adv. V.K. Prasad[1]

Kerala's Financial Sector comprises of commercial banks, co-operative sector, regional rural banks (RRBs), Non-Banking Financial Companies (NBFCs) and micro finance institutions (MFIs). Since each of the above-mentioned sector is regulated by separate sets of laws, the rules of the game are entirely different for each player. In the globalized era, a big chunk of the public money handled by them, particularly commercial banks are NBFCS, is channelized into nonproductive sectors such as consumer lending and retail loans. Consequently, the productive sectors, especially agriculture and MSMEs, find it very difficult to get loans from these institutions.

On the other hand, co-operatives play a pivotal role in extending agriculture credit across the state. This has ameliorated the difficulties of the farmer community to a certain extent. But the lethargy on the part of the commercial banks in lending to agriculture is costing dearly to the sector. As far as MSMES are concerned, they do not have much of an access to co-operatives. Hence, they are left to the mercy of the commercial banks. Although a sizeable number of NBFCs are operating in Kerala, their activities are mostly confined to gold loans. Their major source of fund is commercial banks, who lend to them on liberal terms of interest and security. The NBFCS use such funds to extract huge interest from the customers.

As for MFIs, the large presence of Kudumbasree in the state has almost obliterated the private players in the field, who are notorious for extracting exorbitant interest from customers in other states. However, despite the growth and expansion of Kudumbasree they cannot be said to extend finance to the agri and MSME sectors in a big way.

Now the question is how to leverage the financial sector to address the challenges confronting Kerala. The most important issues loaming large on the face of the society are employment, food, decline in NRI remittance, ageing population, climate change and the hostile approach of the Union Government. It may be noted that all these issues have acquired political dimensions in the emerging scenario in the country.

Therefore, it is imperative to adopt an out of the box, innovative and inclusive action plan involving all the players in the financial sector to ensure the optimum use of public money to address the challenges confronting Kerala.

1 9847416546, Vkprasad52@gmail.com

49

# Financing for Housing Development in India: A Study with a Focus on Kerala State

Dr. Manoj P.K.[1]

Worldwide, investments in housing is recognised as a tool for faster economic development. This is particularly relevant in developing nations, including India. Housing investments are associated with creation of vast employment opportunities and faster GDP growth. In fact, housing industry has linkages (both forward and backward) with over 300 other industries. As these linkages create multiplier effects in the economy, housing investments can kick start an economy in times of recession. Housing is often considered as the 'Growth engine of the economy' because of these reasons. The successive Governments in India, both at the Union and State levels, have been encouraging housing development in the country.

In 2015, 'Affordable Housing for All by 2022' was declared as national goal by the Govt. of India (GOI) so as to ensure dwelling units for all Indians by the time India attains 75 years of its independence in 2022. Unfortunately, this national goal could not be attained till date. So, the GOI has since revised the orginal deadline, and accordingly the nation is striving to attain its 'Housing for All' target by the end of Dec. 2024. Many governmental schemes for housing finance and housing development at the national (GOI) level and also at the State level, say, Govt. of Kerala (GOK) seek to achieve the national housing goal as above. The most important among these chemes is the Pradhan Mantri Awas Yojana (PMAY) and it has two components viz. (i) Urban, i.e. PMAY (U) and (ii) Rural (Gramin) i.e. PMAY (G).

In the above backdrop, this paper seeks to study the current status of housing finance and development in India with a focus on Kerala State. The paper suggests remedial strategies, like, promotion of housing micro finance (HMF), strengthening the secondary market for the financing of housing projects like REITs, etc. for attaining India's national housing goal.

Key Words: Mortgage to GDP ratio, Linkage effects, Housing Microfinance, REITs, ICT.

1 Head, Department of Applied Economics, Cochin University of Science and Technology (CUSAT), Kochi, Kerala – 682 022. Mob: 9447664949.

50

# സമ്പദ് മേഖലയും കടമെടുപ്പ് പരിധിയും

ശ്രീ. ജോസ് ടി. എബ്രഹാം[1]

കേരളത്തിലെ ബാങ്കിംഗ്, നോൺബാങ്കിംഗ് സ്ഥാപനങ്ങളെക്കുറിച്ചുള്ള ഒരു പൊതു സ്ഥിതി വിലയിരുത്താനും കേരള വികസനത്തിൽ എഫ്.ആർ.ബി.എം ആക്ടിന്റെ കടമെടുക്കൽ നിയന്ത്രണങ്ങൾ മൂലമുണ്ടാകുന്ന പ്രതിസന്ധി എങ്ങനെ നേരിടാം എന്നതിനുള്ള തുടർ ചർച്ചയ്ക്ക് ഉപയുക്തമാകുന്ന പേപ്പറാണ് അവതരിപ്പിക്കാൻ ലക്ഷ്യമിടുന്നത്.

കേരളത്തിലെ ബാങ്കിംഗ് മേഖലയിൽ 12 ദേശസാൽകൃത ബാങ്കുകളും ഒരു ഗ്രാമീൺ ബാങ്കും 20 ഓളം സ്വകാര്യ ബാങ്കുകളും, കേരളബാങ്കുമാണ് (കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്) ഷെഡ്യൂൾഡ് ബാങ്കുകളായി ഉള്ളത്.

പ്രവർത്തനക്ഷമമായ 1299 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നു. സംസ്ഥാന തലത്തിൽ കാർഷിക മേഖലയ്ക്ക് ദീർഘകാല വായ്പ നൽകാൻ കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് അഗ്രികൾചറൽ ഡെവലപ്മെന്റ് ബാങ്കും, പ്രാദേശിക തലത്തിൽ പ്രൈമറി അഗ്രികൾചറൽ കോഓപ്പറേറ്റീവ് ഡെവലപ്മെന്റൽ ബാങ്കുകളും പ്രവർത്തിക്കുന്നുണ്ട്.

നോൺ ബാങ്കിംഗ് ഫിനാൻസ് മേഖലയിൽ കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രധാനമായും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) എന്നീ സ്ഥാപനങ്ങളുണ്ട്. അവയുടെ പ്രവർത്തനങ്ങൾ വിശദമായി പിന്നീട് ചർച്ച ചെയ്യാം.

നാഷണൽ ബാങ്ക് ഫോർ അഗ്രികൾചർ ആന്റ് റൂറൽ ഡെവലപ്മെന്റ് (നബാർഡ്), സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) എന്നീ ഡെവലപ്മെന്റൽ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസും ഹൗസിംഗ് ആന്റ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷനും (ഹഡ്കോ) കേരളത്തിന്റെ ധനകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

ഇവടെ കൂടാതെ മുത്തൂറ്റ് ഫിനാൻസ്, മണപ്പുറം തുടങ്ങിയ സ്വകാര്യ ഫിനാൻസ് കമ്പനികളും ചിട്ടി ഫണ്ടുകളും കേരളത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

ഈ സ്ഥാപനങ്ങളെല്ലാം കേരളത്തിന്റെ വികസനത്തിലും ജനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്കും വലിയ സംഭാവന നൽകുന്നുണ്ട്.

### കടമെടുപ്പ് പരിധി

ബാങ്കുകളുടെയും നബാർഡ്, സിഡ്ബി തുടങ്ങിയ ഡെവലപ്മെന്റൽ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിന്റെയും സാമ്പത്തിക സഹായം കേരള സർക്കാരും കിഫ്ബി തുടങ്ങിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളും വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് പോലുള്ള പദ്ധതികളും ഉപയോഗിക്കുന്നതിൽ ഇപ്പോൾ കേന്ദ്ര സർക്കാർ നയം മൂലം വലിയ പ്രതിബന്ധം നേരിടുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ സർക്കാരിത സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ സർക്കാരിന്റെ എഫ്.ആർ.ബി.എം ആക്ട് അനുസരിച്ചുള്ള കടത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതുമൂലം പല വികസന പ്രവർത്തനങ്ങൾക്കും തടസ്സം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതെങ്ങനെ നേരിടാം എന്നതോ മറികടക്കാം എന്നതോ ആണ് ചർച്ച ചെയ്യേണ്ട ഒരു പ്രധാന വിഷയം.

51

# Indigenous Financial Institutions in Kerala: A Coping Mechanism Cum Source of Finance

Mr. Maheen Kannu M.[1] & Dr. Christabell P.J.[2]

Due to the high transaction costs, convoluted bureaucratic processes for providing services, extensive paperwork, high collateral requirements, delays, etc., which are just a few of the things that make it difficult to use the insurance and banking facilities or formal financial intermediaries that have been imported from industrialised nations that are already in place effectively, the informal financial sector has some advantages over the formal sector (Bouman 1977, Chandavarkar 1985, Miracle et al. 1980) in developing countries (Aredo, 1993). The same is true when it comes to India. Kerala, the one who possesses an ideal development model than any other states in India, has a very strong social economy. The movements such as Mutual Aid Networks, Worker Cooperatives, Participatory Budgeting, Time Banks, and Community Land Trusts, which have a community ownership and democratic governance that builds political, cultural and economic power and has been adopted by the most harmed across the globe, build the social and solidarity economy (Woolard, 2020). The elements of the social and solidarity economy in the social milieu of Kerala includes Cooperatives, Kudumbasree, and other indigenous financial mechanisms like Panapayattu, Kuri, and Credit Unions. These are usually found in varied local settings and play a crucial role in the lives of the poor and

marginalised sections of Kerala. The present paper studies the indigenous financial mechanisms as coping strategies and source of finance in Kerala, named Kuri, Panapayattu, and Credit Unions, over the other formal financial institutions. The mechanisms predominantly exist in Thrissur, Kozhikode, and Thiruvananthapuram districts respectively. The paper is based on primary interview data.

Keywords: Indigenous Financial Mechanisms, Kuri, Formal Financial Institutions, Social and Solidarity etc.

1. PhD Research Scholar, Department of Economics, University of Kerala
2. Associate Professor, Department of Economics, University of Kerala

52

# Policy Paths and Implementing Results for Kerala's Health Grants from the 15th Union Finance Commission through the Lens of 'Right to the City' and its Lessons for the 16th Finance Commission

Prof. Jos Chathukulam[1]

In the wake of Covid 19 pandemic, the Fifteenth Union Finance Commission introduced the health grants to local governments which lays emphasis on the trust-based approach to local governments and decentralization of health. The Fifteenth UFC allocated health grants of Rs. 70,051 crores for five years from 2021 - 2026 to strengthen the healthcare system at the grassroots level. It has recommended health grants for five major areas including support for the primary healthcare facilities (Sub-Centres (SCs), Primary Health Centres (PHCs) and urban PHCs), Block level Public Health Units (BPHUs), Urban - Health and Wellness Clinics (UHWCs), Building less SCs, PHCs and CHCs and conversion of Rural PHCs into HWCs. For Kerala, which has significantly used decentralization as a tool to revamp its public healthcare system and delivery, the health grants will give a new impetus. Kerala's total allocation for the five years is Rs. 2,968 crore out of it Rs.559 crores each for 2021-22 and 2022 -23 financial years and the remaining amount for the next three years. While the local self-government department has issued guidelines to local governments for the utilisation of grants in the health sector, the danger of Mission Creep can undo the potential and effectiveness of the grants to strengthen the primary health care sector. This paper critically examines and evaluates the distribution and utilization of health grants to the local governments in the state and discusses the policy paths and implementation results emerging from it. In this paper, the concept of policy and operational guidelines of the Fifteenth Finance Commission Report as a quasi- natural experiment in the Kerala context in the theoretical frame work of 'Right to the City' is applied. This paper critically reviews whether the allocation and utilization of these grants are in tune with the concept, policy and operational guidelines. The paper also examines whether Mission Creep Syndrome has taken place in the allocation and utilization of the grants specifically earmarked to the five core areas. The empirical evidences emerging from this paper may also shape Kerala's approach to the Sixteenth Finance Commission.

1 Jos Chathukulam is former Professor, Ramakrishna Hegde Chair on Decentralisation and Development, Institute for Social and Economic Change (ISEC), Bengaluru and currently the Director of Centre for Rural Management (CRM), Kottayam, Kerala. Email address: j oschathukulam@ gmail.com.

## 53

# കേരളത്തിലെ തദ്ദേശസാമ്പത്തികം

ശ്രീ. ടി. ഗംഗാധരൻ[1]

ഇന്ത്യയിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കൂട്ടത്തിൽ മറ്റു പല വിഷയങ്ങളിലുമെന്നതു പോലെ സാമ്പത്തിക രംഗത്തും ഏറ്റവും മുന്നിൽ നിൽക്കുന്നവയാണ് കേരളത്തിലെ ത.ഭ.സ്ഥാപനങ്ങൾ. 1958-63 കാലത്ത് ഇന്ത്യയിൽ ആധുനിക പഞ്ചായത്തുകൾ നിലവിൽ വന്നതോടെ, തനതു വരുമാന സ്രോതസ്സുകൾ ഏറ്റവും കൂടുതലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളും കേരളത്തിലേത് തന്നെയായി രുന്നു. എന്നാൽ അക്കാലത്ത് തനതു വരുമാന സ്രോതസ്സുകൾക്കപ്പുറം മറ്റു വരുമാന സ്രോതസ്സുകൾ കേരളത്തിലും വിരളമായിരുന്നു.

1988 ലെ രദ്ദേശ ഭരണ തെരഞ്ഞെടുപ്പിനു മുന്നോടിയായി 1987 ൽ നിയോഗിക്കപ്പെട്ട ഒന്നാം സെൻ കമ്മിഷൻ ശുപാർശയാണ് ഇക്കാര്യത്തിൽ കാര്യമായ ഒരു മാറ്റം കൊണ്ടു വന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ വക അൺടൈഡ് ഫണ്ട് നൽകുക എന്ന ആശയം നടപ്പിൽ വന്നത് അങ്ങനെയാണ്. ഏതാണ്ട് ഇതേ കാലത്തു തന്നെയാണ് പഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമായ ആസ്തികൾ നിർമ്മിക്കുന്നതിന് ദീർഘകാല വായ്പ നൽകുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് റൂറൽ ഡവലപ്മെന്റ് ബോർഡ് നിലവിൽ വന്നത്.

എന്നാൽ, വർദ്ധിച്ചു വരുന്ന വികസനാവശ്യങ്ങൾ നിറവേറാനാവശ്യമായത്ര വരുമാനമുണ്ടാക്കുവാൻ ഇതു കൊണ്ടൊന്നും സാധിച്ചില്ല. ഈ സാഹചര്യത്തിലാണ് പഞ്ചായത്തുകൾക്ക് വർദ്ധിച്ച തോതിൽ സർക്കാർ ഗ്രാന്റ് നൽകുക എന്ന ആവശ്യം ശക്തിപ്പെട്ടു വന്നത്. 1996 ലെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ, സംസ്ഥാന പദ്ധതിയുടെ 35-40% ത.ഭ.സ്ഥാപനങ്ങൾക്കു നൽകുക എന്ന ആവശ്യം ഉയർന്നുവന്ന സാഹചര്യം ഇതാണ്. തുടർന്ന്, ഭരണത്തിൽ വന്ന LDF ഗവൺമെന്റ് 1996-97 ലെ വാർഷിക പദ്ധതിയുടെ 31% വരുന്ന 547 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അൺടൈഡ് ഫണ്ടായി നൽകി ചരിത്രം സൃഷ്ടിച്ചു. കഴിഞ്ഞ 26 വർഷമായി ഒരു മുടക്കവും കൂടാതെ ഈ സാമ്പത്തിക വികേന്ദ്രീകരണ നടപടി തുടർന്നു വരികയാണ്. 2022-23 ൽ ഇങ്ങനെ നൽകിയ വികസന ഫണ്ട്, 8408 കോടി രൂപയായിരുന്നു (സംസ്ഥാന വാർഷിക പദ്ധതിയുടെ 26.5%). ശതമാനക്കണക്കിൽ കുറവുണ്ടായെങ്കിലും, 1996 ൽ ലഭിച്ചതിന്റെ 15 ഇരട്ടി തുകയാണ് 2022 ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചത് എന്നു കാണാം. കഴിഞ്ഞ 25 വർഷക്കാലത്തിനിടയിൽ വന്ന ആറ് സംസ്ഥാന ധനകാര്യ കമ്മീഷനുകളും ത.ഭ.സ്ഥാപനങ്ങളുടെ ഗ്രാന്റ് വർദ്ധിപ്പിക്കുവാനും ഫണ്ട് വിതരണം കൂടുതൽ ചിട്ടപ്പെടുത്താനും നിരന്തരം ശ്രമിച്ചതായി കാണാം. ഫണ്ട് വിതരണത്തിനടിസ്ഥാനമായ മാനദണ്ഡങ്ങൾ കാലാനുസൃതമായി, ശാസ്ത്രീയമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളും ഇക്കാലത്തുണ്ടായി. ഫണ്ട് വിഹിതം അനുക്രമമായി, വർഷത്തിൽ അരശതമാനം വീതം വർദ്ധിപ്പിച്ച് 30% ത്തിൽ സ്ഥിരപ്പെടുത്തണമെന്ന, ആറാം ധനകാര്യകമ്മീഷന്റെ ശുപാർശ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചു എന്നത് വളരെ നിർണായകമായ സംഗതിയാണ്.

ഇങ്ങനെ, രാജ്യത്തെ രദ്ദേശഭരണ സ്ഥാപനങ്ങൾക്കാകെ മാതൃകയായ വിധത്തിൽ സാമ്പത്തിക വികേന്ദ്രീകരണം നടക്കുമ്പോൾ തന്നെ, കേരളം നേരിടുന്ന വലിയൊരു പരിമിതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതു വരുമാന സ്രോതസ്സുകൾ വർദ്ധിപ്പിക്കാൻ കഴിയുന്നില്ല എന്നതാണ്. അതിനു സഹായകമായ ചർച്ചകൾ ഉയർന്നു വരേണ്ടിയിരിക്കുന്നു.

1 Email: tgkannur@gmail.com Mob: 9495754727

## 54

# പ്രാദേശിക സർക്കാരുകൾക്കുള്ള ധനവിന്യാസം: കേരള മാതൃക

എസ്.ആർ. സനൽകുമാർ[1] & ഡോ. ജിജു പി. അലക്സ്[2]

പ്രാദേശിക സർക്കാരുകൾക്ക് അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും കൈമാറുന്നതിനൊപ്പം അവ നിറവേറ്റുന്നതിന് ആവശ്യമായ ധനവിഭവങ്ങൾ കൂടി കൈമാറിയില്ലെങ്കിൽ അധികാര വികേന്ദ്രീകരണം ഫലവത്താകില്ല എന്നത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള തത്വമാണ്. എഴുപത്തിമൂന്ന്, എഴുപത്തിനാല് ഭരണഘടനാ ഭേദഗതികളെ തുടർന്ന് കേരളത്തിൽ നടപ്പാക്കിയ അധികാര വികേന്ദ്രീകരണത്തിന്റെ പ്രധാന സവിശേഷത പ്രാദേശിക സർക്കാരുകൾക്ക് ധന വിഭവങ്ങളും

മനുഷ്യ വിഭവങ്ങളും സ്ഥാപനങ്ങളും കൈമാറാനുള്ള തീരുമാനം ആദ്യം തന്നെ എടുത്തു എന്നതാണ്. ജനകീയാസൂത്രണ പരിപാടി 1996-ൽ പ്രഖ്യാപിച്ചതിനൊപ്പം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം തുക പ്രാദേശിക സർക്കാരുകൾക്ക് കൈമാറുന്നതാണെന്ന് പ്രഖ്യാപിച്ചു.

കേരളത്തിൽ ജനകീയാസൂത്രണ പരിപാടി ആരംഭിക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തു-കളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പ്രധാന ധനസ്രോതസ്സ് ചുരുങ്ങിയ തോതിൽ ലഭിക്കുന്ന തനത് നികുതി-നികുതിയേതര വരുമാനമായിരുന്നു. വളരെ ചെറിയൊരു തുകയാണ് സംസ്ഥാന സർക്കാർ താഴേയ്ക്ക് നൽകിയിരുന്നത്. സ്റ്റാറ്റ്യൂട്ടറി ഗ്രാന്റുകളും (ഉദാ: സർചാർജ്ജ് ഓൺ സ്റ്റാമ്പ് ഡ്യൂട്ടി, ബേസിക് ടാക്സ് ഗ്രാന്റ്) ചില പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും (ഉദാ. ഗ്രാന്റ് ഫോർ മെയിന്റനൻസ് ഓഫ് ബറിയൽ ആന്റ് ബേർണിംഗ് ഗ്രൗണ്ട്സ്, ഗ്രാന്റ് ഫോർ മെയിന്റനൻസ് ഓഫ് റെയിൽവേ ലവൽ ക്രോസിംഗ്) ആണ് ഇതിൽ പ്രധാനം. 1991-92-ൽ ഉപാധി രഹിത (അൺടൈഡ്) പ്ലാൻ ഗ്രാന്റ് നൽകുന്ന സമ്പ്രദായം ആരംഭിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന മുൻഗണനകൾക്ക് അനുസരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വളരെ ചെറിയൊരു തുകയാണ് ഇപ്രകാരം (1995-96-ൽ ആകെ 30 കോടി രൂപ) നൽകിയിരുന്നത്. എന്നാൽ ജനകീയാസൂത്രണ പരിപാടി പ്രഖ്യാപിച്ചതോടെ സ്ഥിതി മാറി. നിലവിൽ പ്രാദേശിക സർക്കാരുകളുടെ മുഖ്യ ധനസ്രോതസ്സ് സംസ്ഥാന സർക്കാർ നൽകുന്ന വിഹിതമാണ്.

### ഉപാധി രഹിത ഫണ്ടുകൾ

വികസന ആവശ്യങ്ങൾക്ക് വികസനഫണ്ട് (പ്ലാൻ ഫണ്ട്), മെയിന്റനൻസ് ആവശ്യങ്ങൾക്ക് മെയിന്റനൻസ് ഫണ്ട്, പൊതു ആവശ്യങ്ങൾക്ക് ജനറൽ പർപ്പസ് ഫണ്ട് എന്നിങ്ങനെ മൂന്ന് ഇനങ്ങളിലാണ് നിലവിൽ പ്രാദേശിക സർക്കാരുകൾക്ക് ഉപാധിരഹിത ഫണ്ട് അനുവദിക്കുന്നത്. അഞ്ചു വർഷത്തിലൊരിക്കൽ രൂപീകരിക്കുന്ന സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തീരുമാനമെടുത്ത് നിയമസഭ മുമ്പാകെ വയ്ക്കുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് ഓരോ വർഷവും മൂന്ന് ഇനങ്ങളിലെയും തുക സംസ്ഥാന ബജറ്റിൽ വകയിരുത്തി പ്രാദേശിക സർക്കാരുകൾക്ക് കൈമാറുന്നത്.

### വികസനഫണ്ട് (പ്ലാൻ ഫണ്ട്)

നേരത്തെ സൂചിപ്പിച്ചതുപോലെ ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ ജനകീയാസൂത്രണ പരിപാടി പ്രഖ്യാപിച്ചപ്പോൾ തന്നെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം തുക പ്രാദേശിക തലത്തിൽ വികസന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിനായി പ്രാദേശിക സർക്കാരുകൾക്ക് കൈമാറുന്നതാണെന്ന് പ്രഖ്യാപിച്ചു. ജനകീയാസൂത്രണത്തിന്റെ ആദ്യവർഷമായ 1997-98-ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26.23 ശതമാനമാണ് (749 കോടി രൂപ) ഇപ്രകാരം അനുവദിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ ഇത് വർദ്ധിച്ച് 30 ശതമാനത്തിന് മുകളിൽ എത്തി. എന്നാൽ പിന്നീട് ഇത് കുറയാൻ തുടങ്ങി. മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചതോടെ, സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം തുക എന്ന രീതിക്ക് മാറ്റം വന്നു. അവാർഡ് കാലയളവിലെ (2006-11) ആദ്യ വർഷമായ 2006-07-ൽ 1400 കോടി രൂപ നൽകണമെന്നും തുടർന്നുള്ള വർഷങ്ങളിൽ 10 ശതമാനം വീതം വർദ്ധിപ്പിച്ച് നൽകണമെന്നുള്ള ശുപാർശ സർക്കാർ അംഗീകരിച്ചു. ഈ തീരുമാനം താഴേയ്ക്കുള്ള ധനവിന്യാസത്തെ വലിയ തോതിലാണ് ബാധിച്ചത്. സംസ്ഥാന പദ്ധതിയുടെ അടങ്കൽ തുകയുമായി താരതമ്യം ചെയ്യുമ്പോൾ താഴേയ്ക്ക് വിന്യസിക്കുന്ന വികസന ഫണ്ടിന്റെ ശതമാനം കുറയാൻ തുടങ്ങി. 2010-11 ആയപ്പോഴേയ്ക്കും 20.45 ശതമാനമായി താണു.

പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനമായി നൽകുന്ന രീതി പുനസ്ഥാപിക്കണമെന്ന് നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ (2011-16) ശുപാർശ ചെയ്തു. ഈ ശുപാർശ സർക്കാർ അംഗീകരിച്ചു. ആദ്യ വർഷമായ 2011-12-ൽ 25 ശതമാനം തുകയാണ് അനുവദിച്ചത്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ വൈദ്യുതി മേഖലയെ ഒഴിവാക്കിക്കൊണ്ടുള്ള സംസ്ഥാന പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതം നിശ്ചയിക്കുന്ന രീതിയിലേയ്ക്ക് മാറി. അതോടെ വീണ്ടും വിഹിതം കുറയാൻ തുടങ്ങി. 2016-17 ആയപ്പോഴേയ്ക്കും 22.92 ശതമാനമായി കുറഞ്ഞു. എന്നാൽ താഴേയ്ക്ക് വിന്യസിക്കുന്ന വികസന ഫണ്ട് പടിപടിയായി വർദ്ധിപ്പിക്കണം എന്ന സുപ്രധാനമായ നയതീരുമാനം 2016 അവസാനം സർക്കാർ എടുത്തു. 2017-18-ൽ 23.50 ശതമാനം വിഹിതം അനുവദിക്കാനും തുടർന്ന് ഓരോ വർഷവും 0.5 ശതമാനം വീതം വർദ്ധിപ്പിക്കാനും തീരുമാനിച്ചു. ഇത് നടപ്പാക്കിയതിന്റെ ഫലമായി 2020-21 ആയപ്പോൾ വിഹിതം 25.00 ശതമാനമായി ഉയർന്നു. പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് 2021-22ൽ ഒരു ശതമാനം വർദ്ധിപ്പിക്കണമെന്നും തുടർന്ന് ഓരോ വർഷവും 0.5 ശതമാനം വീതം വർദ്ധിപ്പിച്ച് 30 ശതമാനത്തിലെത്തിക്കണമെന്നും ഉള്ള ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ (2021–26) ശുപാർശ ഈ ഘട്ടത്തിലാണ് വരുന്നത്. സർക്കാർ ഈ ശുപാർശ അംഗീകരിച്ചു. ഇപ്പോൾ ഓരോ വർഷവും 0.5 ശതമാനം വീതം വർദ്ധിപ്പിക്കുന്നുണ്ട്. 2023-24-ലെ വിഹിതം 27.20 ശതമാനമാണ്.

കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമാക്കുന്ന തുക സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ ഭാഗമായതിനാൽ അതുകൂടി ഉൾപ്പെടുത്തിയാണ് പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ടിന്റെ ശതമാനം നിശ്ചയിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം വികസനഫണ്ടിന്റെ ഏകദേശം 30 ശതമാനം വരും.

വികസന ഫണ്ട് വിവിധ പ്രാദേശിക സർക്കാരുകൾക്കായി വിഭജിച്ച് നൽകുന്നതിന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങളാണ് 2021-22 മുതൽ അവലംബിക്കുന്നത്.

### മെയിന്റനൻസ് ഫണ്ട്

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും റോഡ് ഉൾപ്പെടെയുള്ള ആസ്തികളുടെ മെയിന്റനൻസിനുമായി രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2004-05 മുതൽ മെയിന്റനൻസ് ഫണ്ട് നൽകുന്നു. സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ (SOTR) ഒരു നിശ്ചിത ശതമാനം തുക അനുവദിക്കുന്ന രീതിയാണ് ആദ്യ വർഷങ്ങളിൽ സ്വീകരിച്ചത്. 2004-05, 2005-06 വർഷങ്ങളിൽ തനത് നകുതി വരുമാനത്തിന്റെ 5.5 ശതമാനം തുക മെയിന്റനൻസ് ഫണ്ട് ആയി അനുവദിച്ചു. എന്നാൽ വികസന ഫണ്ടിന്റെ കാര്യത്തിൽ സംഭവിച്ചതുപോലെ മൂന്നാം ധനകാര്യ കമ്മീഷൻ (2006-11) ശുപാർശ മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിലും തിരിച്ചടിയായി. സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം തുക എന്ന രീതിക്ക് മാറ്റം വന്നു. ആദ്യ വർഷമായ 2006-07 ൽ 350 കോടി രൂപ അനുവദിക്കണമെന്നും തുടർന്ന് ഓരോ വർഷവും 10 ശതമാനം വർദ്ധനവ് അനുവദിച്ചാൽ മതിയെന്നുമായിരുന്നു ശുപാർശ. ഇത് താഴെയ്ക്കുള്ള ധനവിന്യാസത്തെ വലിയ തോതിലാണ് ബാധിച്ചത്. ഈ കാലയളവിൽ (2006-11) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 10 ശതമാനത്തിന് മുകളിൽ വർദ്ധിച്ചുവെങ്കിലും അതിന്റെ ആനുപാതിക വിഹിതം പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കാത്ത സ്ഥിതിയായി.

നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ (2011-16) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനമായി അനുവദിക്കുന്ന രീതി പുനഃസ്ഥാപിക്കുന്നതിനുള്ള ശുപാർശ നൽകി. ആദ്യവർഷം തന്നെ 5.5 ശതമാനമായി ഉയർത്തുന്നതിന് അന്നത്തെ സാഹചര്യത്തിൽ കഴിയുമായിരുന്നില്ല. അതിനാൽ പടിപടിയായി ഉയർത്തുന്നതിനുള്ള ശുപാർശയാണ് നൽകിയത്. അതുപ്രകാരം 2011-12-ൽ 4.5 ശതമാനമായും 2012-13-ൽ 5.0 ശതമാനമായും 2013-14-ൽ 5.5 ശതമാനമായും വർദ്ധിപ്പിച്ചു. അഞ്ചാം ധനകാര്യ കമ്മീഷൻ 6.0 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് (2016-21) ശുപാർശ ചെയ്തു. അതുപ്രകാരം 2017-18 ൽ 5.6 ശതമാനമായും 2018-19-ൽ 5.75 ശതമാനമായും 2019-20-ൽ 5.90 ശതമാനമായും 2010-11-ൽ 6.00 ശതമാനമായും ഉയർത്തി. തുടർന്ന് ആറാം ധനകാര്യ കമ്മീഷൻ (2011-26) ശുപാർശ പ്രകാരം 2011-12-ൽ 6.5 ശതമാനമായി വർദ്ധിപ്പിച്ചു.

റോഡിതര മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നിങ്ങനെ രണ്ട് ഇനങ്ങളിലായാണ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. ആദ്യകാലങ്ങളിൽ മൊത്തം മെയിന്റനനൻസ് ഫണ്ടിന്റെ 60 ശതമാനം റോഡിതര ഫണ്ടായും 40 ശതമാനം റോഡ് ഫണ്ടായുമാണ് അനുവദിച്ചിരുന്നത്. എന്നാൽ 2011-12 മുതൽ വിഭജനത്തിൽ കാര്യമായ മാറ്റം വന്നു. റോഡിതര ഫണ്ട്, റോഡ് ഫണ്ട് എന്നിവ തമ്മിലുള്ള വിഭജനം 1/3 : 2/3 എന്ന അനുപാതത്തിലായി. 2017-18 മുതൽ 30 : 70 എന്ന അനുപാതത്തിലായി വിഭജനം. 2021-22 മുതൽ വിഭജനരീതിക്ക് വീണ്ടും മാറ്റം വന്നു. തനത് നികുതി വരുമാനത്തിന്റെ 2.5 ശതമാനം റോഡിതര ഫണ്ടും 4.0 ശതമാനം റോഡ് ഫണ്ടും (ആകെ 6.5 ശതമാനം) എന്ന നിലയാണ് ഇപ്പോൾ നൽകുന്നത്.

പ്രാദേശിക സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സ്ഥിതിവിവരക്കണ ക്കുകളെ അടിസ്ഥാനമാക്കി വേണം മെയിന്റനൻസ് ഫണ്ട് വിഭജിച്ച് നൽകേണ്ടതെന്ന ശുപാർശ മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നതിനുള്ള ശുപർശ നൽകിയ രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ തന്നെ നൽകിയിരുന്നു. എന്നാൽ ആസ്തികളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കു കൾ ലഭ്യമായിരുന്നില്ല. അതുകൊണ്ട് 2004-05 മുതൽ റോഡിതര ഫണ്ട് വിഭജിച്ച് നൽകിയിരുന്നത് വികസന ഫണ്ട് വിഭജിക്കുന്നതിന് സ്വീകരിച്ചിരുന്ന മാനദണ്ഡങ്ങളെ (ജനസംഖ്യ, വിസ്തീർണ്ണം, പിന്നോക്കാവസ്ഥ തുടങ്ങിയവ) അടിസ്ഥാനമാക്കിയാണ്. 2004-05-ന് മുമ്പ് വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ് നൽകുന്നതിന് സ്വീകരിച്ചിരുന്ന റോഡ് ഡാറ്റായെ അടിസ്ഥാനമാക്കി യാണ് റോഡ് ഫണ്ട് വിഭജിച്ച് നൽകിയിരുന്നത്.

മൂന്ന്, നാല്, അഞ്ച് ധനകാര്യ കമ്മീഷനുകളും ആസ്തികളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി ഫണ്ട് വിഭജനം നടത്തുന്ന സമ്പ്രദായത്തിലേയ്ക്ക് മാറണമെന്ന് ശുപാർശ ചെയ്തിരുന്നു. ആസ്തികളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനും 2005 മുതൽ പല ശ്രമങ്ങൾ നടത്തിയെങ്കിലും വിവരങ്ങൾ കുറ്റമറ്റതാക്കുന്നതിന് കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ പ്രകാരമുള്ള താല്ക്കാലിക ഫോർമുലയെ അടിസ്ഥാനമാക്കിയാണ് 2022-23 വരെയും ഫണ്ട് വിഭജനം നടത്തിയിരുന്നത്.

2009-ൽ നിലവിൽ വന്ന ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ആസ്തികളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ പ്രാദേശിക സർക്കാരുകളിൽ നിന്നും ശേഖരിക്കുകയുണ്ടായി. ഇങ്ങനെ ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി ഫണ്ട് വിഭജനം നടത്തണമെന്നും സ്ഥിതിവിവരക്കണക്കുകളിലെ പോരായ്മകൾ ക്രമേണ പരിഹരിക്കണമെന്നും ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നും ശുപാർശ ചെയ്തു. 2023-24-ലെ മെയിന്റനൻസ് ഫണ്ട് ധനകാര്യ കമ്മീഷൻ ശേഖരിച്ച സ്ഥിതിവിവരക്കണക്കുകൾ ഉപയോഗിച്ച് ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് വിഭജിച്ച് നൽകിയത്. എന്നാൽ ഈ ഡാറ്റായിലും പിശക് ഉള്ളതായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിനുള്ള ശ്രമം 2022-ൽ ആരംഭിച്ചു. ആദ്യഘട്ടമായി റോഡ് ഡാറ്റ R–track എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ശേഖരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### ജനറൽ പർപ്പസ് ഫണ്ട്

രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2004-05 മുതൽക്കാണ് അതുവരെ നൽകിയിരുന്ന വിവിധയിനം ഗ്രാന്റുകൾ സംയോജിപ്പിച്ച് അവയ്ക്ക് പകരമായി ജനറൽ പർപ്പസ് ഫണ്ട് അനുവദിച്ചു തുടങ്ങിയത്. അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിനും തനത് വരുമാനത്തിനൊപ്പം കൂട്ടിച്ചേർത്ത് വിനിയോഗിക്കുന്നതിനുള്ളതാണ് ജനറൽ പർപ്പസ് ഫണ്ട്. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതുപോലെ സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം തുക (3.5 ശതമാനം) ജനറൽ പർപ്പസ് ഫണ്ടായി അനുവദിക്കുന്ന രീതിയാണ് ആദ്യ കാലങ്ങളിൽ (2004-05, 2005-06) സ്വീകരിച്ചത്. എന്നാൽ വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും കാര്യത്തിൽ സംഭവിച്ചതുപോലെ മൂന്നാം ധനകാര്യ കമ്മീഷൻ (2006-11) ശുപാർശ താഴേയ്ക്കുള്ള ധനവിന്യാസം കുറയ്ക്കുന്നതിന് ഇടയാക്കി. ആദ്യ വർഷം 300 കോടി രൂപ നൽകണമെന്നും തുടർന്ന് ഓരോ വർഷവും 10 ശതമാനം വീതം വർദ്ധിപ്പിച്ച് നൽകിയാൽ മതിയെന്നുമായിരുന്നു ശുപാർശ. അവാർഡ് കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 10 ശതമാനത്തിന് മേൽ ഉണ്ടായ വർദ്ധനവിന്റെ പ്രയോജനം പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കാത്ത സ്ഥിതി സംജാതമായി. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ (2011-16) ഇത് തിരുത്തുന്നതിനും പഴയത് പോലെ തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനം തുക അനുവദിക്കുന്നതിനുമുള്ള ശുപാർശ നൽകി. സർക്കാർ ഇത് അംഗീകരിക്കുകയും ആദ്യ വർഷം തന്നെ 3.5 ശതമാനമായി ഉയർത്തുകയും ചെയ്തു. അഞ്ചാം ധനകാര്യ കമ്മീഷൻ 3.5 ശതമാനമാണ് അനുവദിച്ചത്. തുടർന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2021-22 മുതൽ 4.0 ശതമാനമായി ഉയർത്തി.

ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ഒരു നിശ്ചിത തുകയാണ് അനുവദിക്കുന്നത്. ബാക്കി തുക ജനസംഖ്യാനുപാതികമായി ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനു കൾക്കുന്നു. 2004-05 മുതൽ നിലനിൽക്കുന്ന ഇതേ രീതി തന്നെയാണ് ഇപ്പോഴും തുടരുന്നത്.

### കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പരിപാടികൾക്കുള്ള വിഹിതം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പരിപാടി പോലെയുള്ള നിരവധി കേന്ദ്രാവിഷ്കൃത പരിപാടികളും ലൈഫ് പാർപ്പിട പദ്ധതി പോലെയുള്ള ചില സംസ്ഥാന പരിപാടികളും നടപ്പാക്കുന്നത് പ്രാദേശിക സർക്കാരുകളാണ്. പ്രാദേശിക സർക്കാരുകൾ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പരിപാടികളുടെ സംസ്ഥാന വിഹിതം സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുമാണ് താഴേയ്ക്ക് നൽകുന്നത്. ഇതും പ്രാദേശിക സർക്കാരുകൾ നടപ്പാക്കുന്ന സംസ്ഥാനാവിഷ്കൃത പരിപാടികൾക്കുള്ള വിഹിതവും കൂടിച്ചേരുന്ന തുക സംസ്ഥാന പദ്ധതി അടങ്കലിന്റെ 7 ശതമാനത്തോളം വരും. ചുരുക്കത്തിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 34 ശതമാനത്തോളം തുക (വികസന ഫണ്ട് 27.2 ശതമാനം - കേന്ദ്രാവിഷ്കൃത പരിപാടികളുടെ സംസ്ഥാന വിഹിതവും സംസ്ഥാന പരിപാടികളുടെ വിഹിതവും 7 ശതമാനം) കൈകാര്യം ചെയ്യുന്നത് പ്രാദേശിക സർക്കാരുകളാണ്. സംസ്ഥാന പദ്ധതി അടങ്കൽ തുകയോടൊപ്പം കേന്ദ്രാവിഷ്കത പരിപാടികളുടെ കേന്ദ്ര വിഹിതം കൂടി ചേരുന്നതാണ് സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി അടങ്കൽ (Aggregate Plan). ഇങ്ങനെയുള്ള മൊത്തം പദ്ധതി അടങ്കലിന്റെ 40 ശതമാനത്തോളവും കൈകാര്യം ചെയ്യുന്നത് പ്രാദേശിക സർക്കാരുകളാണ്.

ഇതു കൂടാതെ വിവിധ വകുപ്പുകളുടെ ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തി ചില പദ്ധതിയേതര പരിപാടികൾ നടപ്പാക്കുന്നതിനായി നോൺ പ്ലാൻ ഗ്രാന്റും പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്നുണ്ട്. 2023-24-ലെ സംസ്ഥാന ബജറ്റിൽ ഇപ്രകാരം നോൺ പ്ലാൻ ഗ്രാന്റ് ആയി വകയിരുത്തിയിട്ടുള്ളത് 157.50 കോടി രൂപയാണ്.

വികേന്ദ്രീകൃതാസൂത്രണം ആരംഭിച്ചതിനുശേഷം താഴേയ്ക്ക് വിന്യസിക്കുന്ന തുകയുടെ തോത് ചില ഘട്ടങ്ങളിൽ കുറഞ്ഞിട്ടുണ്ട് എന്നത് വസ്തുതയാണ്. വിവിധ ധനകാര്യ കമ്മീഷനുകളുടെ ശുപാർശ പ്രകാരവും അല്ലാതെയും ധനവിന്യാസ സമ്പ്രദായത്തിൽ വരു

ത്തിയ മാറ്റങ്ങൾ കാരണമാണ് ഇങ്ങനെ സംഭവിച്ചത്. എന്നിരുന്നാലും ഏറ്റവും കൂടുതൽ വിഹിതം താഴേയ്ക്ക് വിന്യസിക്കുന്ന സംസ്ഥാനമാണ് കേരളം. താഴേയ്ക്ക് വിന്യസിക്കുന്ന തുകയുടെ തോത് ചില ഘട്ടങ്ങളിൽ കുറഞ്ഞിട്ടുണ്ടെങ്കിലും അത് തിരുത്തുന്നതിനുള്ള ഗൗരവമായ ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും പലപ്പോഴും ഉണ്ടായിട്ടുണ്ട്. ഏറ്റവും അവസാനം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ എടുത്ത തീരുമാനപ്രകാരം പ്രാദേശിക സർക്കാരുകൾക്ക് വർദ്ധിച്ച തോതിൽ വിഹിതം ലഭിക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. മെയിന്റനൻസ് ഫണ്ടും ജനറൽ പർപ്പസ് ഫണ്ടും 0.5 ശതമാനം വീതം വർദ്ധിപ്പിച്ചതോടെ ഇവ യഥാക്രമം 6.5 ശതമാനമായും 4 ശതമാനമായും ഉയർന്നു. വികസന ഫണ്ട് പടിപടിയായി ഉയർത്തി 30 ശതമാനത്തിൽ എത്തിക്കുന്നതിന് സർക്കാർ ജാഗ്രത കാണിക്കുന്നുമുണ്ട്.

പക്ഷേ, പ്രാദേശിക സർക്കാരുകളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ കാര്യമായി ബാധിക്കുന്ന ചില പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട് എന്നത് ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പരിപാടികൾക്കും സംസ്ഥാന പരിപാടികൾക്കും പ്രാദേശിക സർക്കാരുകൾ നിർബന്ധമായും തുക വകയിരുത്തേണ്ടി വരുന്നത് പ്രാദേശികാസൂത്രണത്തിന്റെ അന്തഃസത്ത ഇല്ലാതാക്കുന്ന ഒരു നടപടിയാണ്. ഇതുപോലെയുള്ള പരിപാടികൾക്ക് തുക നീക്കി വച്ചു കഴിഞ്ഞാൽ സ്വതന്ത്രമായി വിനിയോഗിക്കുന്നതിനുള്ള ഇടം കുറയുന്നു എന്നത് പ്രാദേശിക സർക്കാരുകൾ ദീർഘനാളായി ഉന്നയിക്കുന്ന ഒരു പരാതിയാണ്. സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ഇരുപത് ശതമാനം ക്യാരിഓവർ അനുവദിക്കുമെന്നുള്ള തീരുമാനം എല്ലായ്പ്പോഴും നടപ്പാകുന്നില്ല. അതുപോലെ സംസ്ഥാന സർക്കാർ നടത്തേണ്ട ചെലവിനങ്ങൾക്ക് വേണ്ട തുക (ഉദാ. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം) ഉറവിടത്തിൽ കുറവ് ചെയ്യുന്നതും അധികാര വികേന്ദ്രീകരണത്തെയും പ്രദേശികസൂത്രണത്തെയും പിന്നോട്ടടിക്കുന്ന ഒരു നടപടിയാണ്.

വർദ്ധിച്ച തോതിൽ വിഹിതം നല്കുന്നതോനൊപ്പം നീതിപൂർവമായി അത് വിഭജിച്ച് നല്കുക എന്നതും പ്രധാനമാണ്. നിശ്ചിത മനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഉപാധിരഹിത ഫണ്ടുകളായ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവ വിഭജിച്ച് നല്കുന്നത്. എന്നാൽ മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ യഥാർത്ഥ ആവശ്യത്തിന് അനുസരിച്ചല്ല വിതരണം നടത്തുന്നത് എന്ന പരാതി നിലനിൽക്കുന്നു. 2004-05 മുതൽ നിരന്തരം ഉന്നയിക്കപ്പെടുന്ന പരാതിയാണിത്. ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്ന പ്രക്രിയ അടിയന്തിരമായി പൂർത്തിയാക്കുക എന്നതാണ് പരിഹാരം. 2023 അവസാനത്തോടെ റോഡ് ഡാറ്റായുടെ ശേഖരണവും 2024 അവസാനത്തോടെ റോഡിതര ഡാറ്റായുടെ ശേഖരണവും പൂർത്തിയാക്കാൻ കഴിയണം. എങ്കിൽ മാത്രമേ പുതിയ റോഡ് ഡാറ്റായെ അടിസ്ഥാനമാക്കി 2024-25 മുതലും പുതിയ റോഡിതര ഡാറ്റായെ അടിസ്ഥാനമാക്കി 2025-26 മുതലും ഫണ്ടുകൾ വിഭജിച്ച് നൽകാൻ സാധിക്കുകയുള്ളൂ. അതിലൂടെ ആസ്തികൾ പരിപാലിക്കുന്നതിന് പര്യാപ്തമായ വിഹിതം ലഭിക്കുന്നില്ല എന്ന ദീർഘനാളത്തെ പരാതിക്ക് പരിഹാരം കാണാനാകണം.

എം.പി. ഫണ്ട്, എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മിച്ചതും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതുമായ വലിയ റോഡുകളുടെ സംരക്ഷണ ചുമതല ജില്ലാ പഞ്ചായത്തുകളെ ഏൽപ്പിക്കണമെന്ന ആവശ്യം ജില്ലാ പഞ്ചായത്തുകൾ ഉന്നയിക്കുന്നുണ്ട്. ഒരു നിശ്ചിത വീതിയിലും നീളത്തിലും കൂടുതലുള്ള റോഡുകളുടെ പരിപാലന ചുമതല മാറ്റി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കണം.

ആരോഗ്യകരമായ വിഭവ വിനിയോഗത്തിന് കൂടുതൽ ശാസ്ത്രീയമായ വിഭവ വിന്യാസ നടപടിക്രമങ്ങൾ ആവശ്യമാണ്. വികസന പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതിനും പ്രാദേശിക സർക്കാരുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ഈ അവസരത്തിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

1 Convenor, State Resource Group, Decentralised Planning

2 Member, Kerala State Planning Board

55

# Effectiveness of Panchayats in rural development: A study of selected schemes in Kerala

Shri. Teeson C.J.[1] & Dr. Revathi K Sivadas[2]

Purpose: To examine the effectiveness of grama panchayats in utilising the plan fund for rural development in society

Design/methodology/approach: The study is mainly based on secondary data and the fundamental information is given from the ministry of panchayat raj, Grama Panchayat Development Plan, Ministry of rural development and latest Economic reviews. Time series analysis of plan fund utilisation and corresponding rural development is the major thrust of study

Findings: In a decentralised democratic society like Kerala, local governance plays a pivotal role in the development of rural area and boosting the standard of living of poor people in village areas. The Ministry of panchayat raj had initiated the people's campaign as "Sabki Yojana Sabka Vikas" being launched in all states from 2021 to 2022 for ensuring people's participation and preparing the grama panchayat development plan. The cordial coordination between different departments along with grama panchayat is strongly recommended for the effective implementation of several rural development programmes and policy initiatives.

Research limitations/applications: The study is based only on secondary data and is delimited to the selected schemes of rural development

Policy Implications: From the entire study, the implementation of central and state government funded programmes for the rural development needs the grass root level planning and judicious use of available resources under the supervision of grama panchayat

1 Assistant Professor & Research Scholar, Department of Economics, JAIN (Deemed to-be University), teesonj26@gmail.com

2 Assistant Professor & Research Guide, Department of Economics, JAIN (Deemed to-be University), sivadasrevathi@gmail.com

56

# Enhancing the Scope for Kerala's Property Tax Regime

Dr. Nirmal Roy V.P.[1]

Property tax is a major own-tax revenue source for local bodies across the world. The scene is interesting in the case of the Indian state of Kerala, where the percentage of home ownership is one of the highest in India. Also interesting is the high percentage of urban population and the share of construction in the state's gross value added. While it has been reported that the property tax collection is abysmal, its potential is not also harnessed efficiently in the state. The recent hike in property tax rates in Kerala has to be seen as a desperate attempt to mop up revenue rather than rationalizing property tax rates. However, questions still remain with respect to the basis of property tax calculation in the state and the various taxing instruments employed for optimally utilizing the space of the urban property by the municipal bodies in the state in accordance with global best practices. The paper identifies some of the nuanced streams of

property taxes through a comprehensive review of municipal financing strategies from across the world. The scope for rationalizing property taxes also becomes imminent considering the fact that Kerala's urban service delivery calls for revamping in contemporary times. It is also important to harness the hike in property values due to massive public infrastructural investments such as the Kerala infrastructure investment fund board (KIIFB).

Keywords: Property tax, Municipal financing

1 Assistant Professor, Department of Economics, Kannur University

57

# Tapping the potential of Property tax in Kerala

Smt. Anitha Kumary L.[1]

Property tax is the major source of own revenue of the Local Governments (LGs) in India. Property tax collection constitutes more than 60 per cent of the own revenue of LGs. All the Finance commissions over the years have strongly advocated for revenue augmentation from property tax.

The report by the World Bank highlighted the fact that India is far behind in collection of property tax compared to Organisation for Economic Co-operation and Development (OECD) as well as BRICS countries such as Brazil and South Africa in terms of revenues from the urban immovable property tax. The average collection from property taxes as a proportion of gross domestic product (GDP) was about 1.1 per cent in the OECD group, it was only 0.2 per cent in India for Urban local bodies. In countries such as Canada, the United Kingdom and the United states, property tax collections form the bedrock of local governments' revenues and are about 3 per cent of their respective GDPs (FFC, 2020, Vol I, page 184) as per the World Bank Study sponsored by XV Finance Commission. XV Finance Commission identified several factors for the low property tax revenue in India such as under valuation, incomplete registers, policy inadequacy and ineffective administration based on the World Bank Report on property tax collection

Kerala has been collecting only 0.04 per cent of GSDP as property tax collection during 2018-19 in urban local governments. In 2011-12, it showed an improvement in 2011-12 to 0.06 per cent which is even less than all India average (0.2 per cent).

With the available property tax collection in Corporations and Municipalities in Kerala, we have estimated the potential property tax collection in Corporations and Municipalities by using the estimated potential of property tax collection in urban Local Governments by XV Finance Commission. If we follow the figures of XV Finance Commission, the property tax collection of Urban LGs in Kerala would have been raised to Rs 1563.31 crores ( if collection is 0.2 per cent of GSDP). The difference in actual and estimated is Rs.1255 crores. If it increases to 1.1 per cent of GSDP, (as in the case of OECD countries), then the collection of property tax would become Rs.8000 crore.

The value of assets of land and building have an influence on the potential of property tax collection in a state. In the case of assets of land value based on the Debt and investment survey 2013, Haryana occupied first place in rural areas. Kerala placed in second position in rural. While in the case of building value, Kerala placed in first in rural areas. Kerala placed first in land value in

urban areas also while it is placed in fourth place in value of building.

Kerala has got immense potential of house tax collection based on the calculation XV Finance Commission estimate of house tax potential of various states in the year 2019. Kerala has the potential of Rs.2300 crores as house tax in rural areas and placed in 6th position.. In the case of urban areas, the estimated potential of house tax in Kerala is Rs 2462 crores and placed in second position behind Maharashtra.

The existing property tax rate is based on the plinth area wise calculation with certain weights on certain items in Urban local bodies. It includes distance from road (road type), Building usage (residential and commercial, worship places, purpose, floor types including AC usage, floor area, age of the building and the like. For tapping more revenue from property tax in urban local bodies can be done with the introduction of property tax rate on the basis of the fair value of the land. Proper weightage in fair value of land will enhance the scope of property tax collection in Kerala. Six state finance commission also recommended this aspect. The estimation would have done by estimating property tax potential by taking the actual data of buildings in each local area. The property tax in Kerala can also be increased by periodic revision of rate of tax and by increasing the efficiency in collection.

1 Visiting Faculty, GIFT

# Financing Kerala Development – Perspectives of the Congresses on Kerala Studies

Dr. T.M. Thomas Isaac

A paradigm shift in Kerala`s development process with greater focus on acceleration of domestic production sectors to generate quality jobs for the educated work force is a key objective of development policy. The state would continue to play a key role in planning and providing resources for this transition. Therefore, the state of public finance has been an area of prime concern and deliberation in all the past four Congresses on Kerala Studies.

**I**

In the first edition of the congress, Prof. I.S. Gulati made the key presentation on "Financial Constraints to Kerala`s Economic Development". Dr. K.K. George was yet to publish his book "Limits to Kerala Model of Development - An Analysis of Fiscal Crisis and its Implications". But there was already a general feeling in the air that the state was in a blind alley: "It cannot cut down the social services, the public won`t allow this to happen. But because the state must incur increasing revenue account deficits, the size of its plan outlay goes on declining". The rising revenue deficit also adversely affected the capital expenditure. Increasing proportion of borrowed money had to be spent on revenue expenditure.

The above distortion of public expenditure along with low credit - deposit ratios of national financial institutions relatively lower than that of other States, and negligible share of central public investments were the main factors impeding the financing the development of Kerala. During the 4 decadal period of 1950-1991, Kerala grew at a rather slow pace of around 3 per cent. The state was caught in a vicious circle of low growth and low investment. A decisive step up of public investment was the prerequisite if the State was to come out of its low growth phase.

Prof. Gulati was of opinion that the revenue deficit was due not necessarily to low level of or poor growth in revenue receipts but to a higher rate of growth in revenue expenditure. It was felt that the way out of the sort of trap that Kerala faced was the Finance and Planning Commissions giving due recognition to Kerala`s specific problems and stepping up of investment by the centre and the more initiatives from the private sector. The State also had to take earnest efforts to rationalise its revenue expenditure without compromising on social sector spending and social welfare schemes.

**II**

Despite the somber analysis of the Congress the fiscal drift continued leading to a full-scale fiscal crisis in 2000. It was triggered by the fall in tax revenue due to synchronized downturn in the prices of agricultural crops and the sharp decline in the central transfers due to unfavorable award of the 11th Finance Commission. Devolution of nearly 35 per cent of the plan outlay to the local governments, as part of one of the most radical democratic decentralization programs, the People`s Plan Campaign, also had reduced the fiscal space at the state level. The revenue deficit in 2000-01 was 4.3 per cent, fiscal deficit 5.3 per cent and debt GDP ratio almost 40 per cent. The

treasury was on overdraft for 213 days. The fiscal crisis was considered as one of the factors for the electoral defeat of the LDF in 2001 election.

The new UDF government immediately launched a program for fiscal consolidation, the center piece of which was a drastic Fiscal Responsibility and Budget Management (FRBM) Act. In a fit of reform fury, fiscal deficit targets of 2 per cent and revenue deficit of zero per cent were fixed to be achieved within five years. For government guarantees an inflexible figure of ₹14000 Crore was also fixed. The deficit targeting was to be driven by expenditure compression namely cutting subsidies, freezing benefits of salaried employees, and truncating development expenditure. Utility prices also hiked unreasonably. These measures resulted in serious public backlash and set back local government and parliament elections. In response, many of the measures for expenditure compression were withdrawn before the assembly elections.

It was in this context that a Second Congress in Kerala Studies was organized in 2005. The congress document was categorical in its rejection of the above fiscal strategy. "….a solution to the fiscal crisis, especially in a growing economy has to be revenue-led and not based on deficit targeting which, more often than not, resulted in drastic cut in the funds for addressing the needs of the poor and vulnerable. Though economy in expenditure must be observed, attempts for across-the-board compression of the expenditure leads to deceitful accounting practices and denial of timely disbursal of social security benefits to the poor and unorganized sections."

The tax buoyancy declined and own non-tax revenue as share of GSDP declined. Central government transfers as a share of the total revenue declined from an average of 38.2 per cent during the period 1970-75 to 25.8 per cent during 2000-04. While the revenues of the State stagnated, the average share of revenue expenditure in GSDP, after reversal of the economy measures, increased. As a result, the final fiscal consolidation was only moderate; the revenue deficit and fiscal deficit declined respectively only to 2.49 per cent and 3.3 per cent of GSDP in 2005-06. The debt burden declined to 36.5 per cent of the GSDP.

The UDF government itself in its memorandum to the 12th Finance Commission confessed that without substantial increase in the devolution state would not be able to reach the FRBM targets. The congress document demanded an overhaul of the federal fiscal relations. It was also critical of the approach of the 11th and 12th Finance Commissions because of which the state did not receive any grant under Article 275 despite the high deficits.

The recommendations of the second Congress focused on reforming the VAT system from uniform rate to a floor rate system and restructuring the tax administration. Fixing of fair value for different grades of lands was proposed for enhancing the revenue through the collection of stamp duty. Despite the relatively high tax - GSDP ratio of Kerala there was scope for further enhancing it. Selective economy in expenditure, as against across-the-board expenditure compression was sought to be emphasized. The online computerization of treasury network was to be put in place for effective budgetary controls.

## III

The adoption of the above recommendations by the LDF government (2006-2011) resulted in a dramatic turnaround in the fiscal situation and fiscal consolidation. The revenue deficit almost halved from 3.45 per cent during 2001-05 to 1.86 per cent during 2006-10. Between the two periods the fiscal deficit also declined from 4.49 per cent to 3.09 per cent. The debt to GSDP ratio declined from 35.55 per cent to 31.17 per cent. The number of dates of treasury overdraft sharply declined and was zero during the last three years.

While the moderate fiscal consolidation of the earlier period was achieved through expenditure compression, the second period followed a strategy of revenue enhancement. The Congress

document has described the measures adopted by the government in detail.

The experiment to transform VAT rates into floor rates failed. VAT rates on selected commodities were increased to 20 per cent. But this hike had to be withdrawn because of trade diversion to neighboring states. Instead of modifying VAT rates, attention was focused on imposition of entry tax so that all the inter-state commodity movements were subjected to taxation. The check posts were made corruption free in a mission mode operation. The entire tax administration was revamped with E-governance which resulted in comprehensive database and systematic data mining to prevent tax avoidance. The fair value system for land property was introduced. All these measures substantially increased the tax buoyancy and states own tax revenue increased by around 20 per cent per annum. The capital expenditure doubled from 0.6 per cent of the GSDP in 2005-06 to 1.2 per cent in 2010-11.

Another significant event was the ₹5000 crores anti-recession package announced during the global recession of 2009, an initiative which was approvingly referred to in the RBI`s report on State Finances. The required fund for the package was mostly mobilized through public accounts. This initiative was further taken up by the third Congress on Kerala Studies.

The development oriented fiscal policy proposed by the Third Congress put forward a novel suggestion: While pursuing the fiscal consolidation it was also important that Kerala accelerate its capital expenditure beyond the budgetary limits through off budget borrowing. It was vital that the state overcomes its infrastructural deficit at the earliest. The treasury was to be modernized, computerized, and brought under the core banking system. This would enable the treasury savings bank to attract more deposits which could be channelized for investment.

It also suggested the promotion of para statals to and public sector infrastructure companies to borrow and undertake investment in infrastructure. This suggestion was the basis of a proposal in the interim budget for 2011-12 presented immediately after the Congress for a special purpose vehicle which would borrow on government guarantee and government annuity payments. Thus, one can say that the prototype of Kerala Infrastructure Investment Fund Board (KIIFB) was inspired by the Third Congress on Kerala Studies.

## IV

The above fiscal consolidation process was undermined during the next UDF regime (2011-16). The tax revenue continued its buoyancy at above 20 per cent per annum during the first two years. Thereafter it registered a precipitous fall to 10 per cent per annum. The document of the Fourth Congress largely attributed it to inefficiency and corruption. Though this was correct to a large extent, it needed more analysis. Even after the LDF came to power in 2016, the VAT revenue continued to be stuck at 10 per cent. Here it requires mention that the first four years of the LDF government witnessed demonetization, health emergencies like Nipah, massive floods, extreme rainfall events and lastly the pandemic Covid-19. None of these extraordinary situations existed during the last three years of the UDF regime of 2011-16.

The answer to secular decline in growth rate of own tax revenue of Kerala also lies in a major change that occurred in Kerala tax system in 2012-13. Supreme Court struck down the entry tax imposed on inter-state traffic. Kerala is an economy characterized by high inter-state and foreign trade over which the state has no right of taxation. With the entry tax banned there was nothing to prevent anybody importing commodities to Kerala claiming that it was for their own use and not for sale. This proved to be a growing hemorrhage on the tax revenue of the state. The expectation was that GST, a destination based all India tax would enable Kerala to plug the tax leakage in interstate trade and boost its revenue.

The Congress document was optimistic about improving the tax buoyancy and put forward several administrative reforms for this purpose. It further elaborated on the proposal mooted previously for borrowing outside the budget for infrastructure investment. A special finance agency for construction of rural roads. Local governments were to be encouraged to borrow for housing programs. A suggestion was even made for a construction company undertaking projects under an annuity scheme from the State government.

**V**

The fiscal consolidation process continued to remain a mirage even after the LDF government came to power in 2016. While the revenue expenditure continued to mount, particularly during the floods and Covid-19, the revenue growth was only modest due to declining transfers from the central government and stagnation in own tax revenue even after introduction of the GST.

A key challenge before the Fifth Congress of Kerala Studies is to unravel the reasons behind the slow growth of GST revenue. Given the fact 60-70 per cent of Kerala`s consumption is being met from import from outside one would have expected the IGST revenue of the state to be substantially higher than the SGST revenue. This has not been the case. The delays in the introduction of E-way bill, weakness of the IT backbone, arbitrary reduction in the GST rates, set off from IGST the input credit from other streams and distribution of IGST unaccounted arrears as per Finance Commission norms are all possible explanatory factors.

A heartening trend in GST revenue has been the 22 per cent growth achieved last year and maintenance of this momentum during the current year. With IT backbone and E-way bill in full operation and administrative reforms being undertaken, Kerala can possibly move into a revenue growth trajectory of 2006-07/2012-13 and once again move into the path of fiscal consolidation.

Meanwhile, the strategy of extra budgetary borrowing through KIIFB for infrastructural investment has run into rough weather with the central government considering that the loans taken by KIIFB would be a part of State's borrowing with retrospective effect. As a result, Kerala`s public borrowing has been cut even below the 3 per cent recommended by the 15th Finance Commission. To date, no infrastructure investment under annuity schemes by the Union or the States has been considered as public borrowing by the respective government. The central government's off budgetary borrowing or its extra budgetary borrowing is not considered for the calculation of its fiscal deficit.

This brings us to the question of inequities in the Centre-State fiscal relations. The central government systematically undermines the fiscal space and autonomy of the State governments. Instead of co-operative federalism we are witnessing coercive federalism. The issues related to fiscal federalism assume great importance to the State in the context of the forth coming appointment of 16th Union Finance Commission.

At this juncture, the Fifth Study Congress is aptly looking at various facets of Kerala's public finances comprehensively to ensure that our developmental priorities are not in peril. It is hoped that the seminar as part of the Fifth Study Congress will give us a much better insight on designing a sustainable fiscal roadmap for the State in the immediate and medium-term future.

STAY SAFE ONLINE

G20 भारत 2023 INDIA

Information & Public Relations Department
Government of Kerala

# THE REAL KERALA STORY




Kerala, a jewel in India's crown, unfolds a remarkable tale of social harmony, equitable growth, and progressive values. With its unique model of inclusive development, Kerala has emerged as an exemplar of people-centric progress. Here, compassion and social justice drive policies that empower marginalised communities and foster equal opportunities for all. Kerala shines as a beacon of progressive ideals, where every voice matters and the spirit of unity paves the way for a brighter future. Discover the real Kerala story, where dreams thrive, and humanity flourishes under the Pinarayi Vijayan Government, which confidently marches on into its third year.

Scan for the
Real Kerala Story

Ranks First in NITI Aayog's Sustainable Development Index. | Ranks First in Public Affairs Index. | Tops the Union Ministry of Education's Index of Excellence. | State with the lowest poverty ratio as per the National Multidimensional Poverty Index by NITI Aayog. | Topped the Happiness Index Survey by India Today. | Top Position in NITI Aayog's Health Index for 4 consecutive years. | Second Rank in NITI Aayog's State Energy and Climate Index List.




എ.കെ.ജി. പഠനഗവേഷണകേന്ദ്രം • തിരുവനന്തപുരം
കാട്ടായിക്കോണം വി ശ്രീധർ പഠനഗവേഷണ കേന്ദ്രം, തിരുവനന്തപുരം

www.akgcentre.in